# മാധ്യമപഠനം

ഇലക്ടീവ് പേപ്പർ – 1

**(2014 ADMISSION ONWARDS- CUCBCSS)**

## ( VI SEMESTER)

BA MALAYALAM


## UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

**Calicut University, P.O. Malappuram, Kerala, India-673 635**

555

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

# മാധ്യമപഠനം

*Study material*

## VI SEMESTER

## B A MALAYALAM

Prepared By

Prepared By

**Dr.Jameel Ahmmed**
Assistant Professor
Department of Malayalam
Govt. college
Malappuram

*scrutinized by* :

**Dr.Azeez Tharuvana**
**Assistant Professor**
**Department of Malayalam**
**Farook College**
**Farook College Post**

***Layout:***

*Computer Section, SDE*

©
Reserved

# മൊഡ്യൂൾ 1

ആശയവിനിമയത്തിനുള്ള ഉപാധിയാണ് മാധ്യമങ്ങൾ. അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് ആശയങ്ങൾ വിനിമയം ചെയ്യുന്നതിനുള്ള ഉപാധികളെയാണ് മാധ്യമങ്ങളെന്ന് വിളിക്കുന്നത്. പത്രപ്രസിദ്ധീകരണങ്ങൾ, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് മുതലായവയെല്ലാം ബഹുജനസമ്പർക്ക മാധ്യമങ്ങളാണ്. അനേകായിരം ജനങ്ങളുമായി ഒരേ സമയം സമ്പർക്കത്തിലേർപ്പെടുവാനും ആശയവിനിമയം ചെയ്യാനും സാധിക്കുമെന്നതിനാലാണ് ഇവയെ ബഹുജനമാധ്യമങ്ങൾ എന്ന് വിളിക്കുന്നത്. പത്രമാസികകളിൽ തുടങ്ങി റേഡിയോയിലൂടെയും ടെലിവിഷനിലൂടെയും വളർന്ന് ഇമെയിലിലും ഇന്റർനെറ്റിലും എത്തിനിൽക്കുന്ന മാധ്യമസംസ്ക്കാരം സ്ഥലകാലഭേദമന്യേ വായനക്കാരെ സ്വാധീനിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് അച്ചടിമാധ്യമങ്ങളെക്കാൾ സ്വാധീനശക്തി കൂടിയിരിക്കും.

## വിവിധ മാധ്യമങ്ങൾ

വിവരവിജ്ഞാനങ്ങളെ ശേഖരിക്കുകയും കൈമാറ്റം ചെയ്യുകയുമാണ് മാധ്യമങ്ങൾ ചെയ്യുന്നത്. ബഹുജനമാധ്യമങ്ങളെയും വാർത്താമാധ്യമങ്ങളെയും കുറിക്കാനാണ് ഈ പദം ഇന്ന് ഉപയോഗിക്കുന്നതെങ്കിലും സ്വകാര്യമായ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ടെലിഫോൺ, കത്ത് തുടങ്ങിയ ഉപാധികളും മാധ്യമങ്ങളാണ്. അതിനാൽ സ്വകാര്യമാധ്യമങ്ങൾ, ബഹുജനമാധ്യമങ്ങൾ എന്ന് മാധ്യമങ്ങളെ പ്രാഥമികമായി വർഗ്ഗീകരിക്കാം. ടെലിഫോൺ, കത്തിടപാടുകൾ, കമ്പിത്തപാൽ തുടങ്ങിയവ സ്വകാര്യമാധ്യമങ്ങളും പത്രമാസികകൾ, ഗ്രന്ഥങ്ങൾ, ടെലിവിഷൻ, റേഡിയോ, ഇന്റർനെറ്റ്, സിനിമ, പരസ്യപ്പലകകൾ, പ്രസംഗങ്ങൾ, കലാപ്രകടനങ്ങൾ തുടങ്ങിയവ ബഹുജനമാധ്യമങ്ങളുമാണ്. ബഹുജനമാധ്യമങ്ങളെ വാർത്താമാധ്യമങ്ങളെന്നും അല്ലാത്തവയെന്നും വീണ്ടും വിഭജിക്കാം. എങ്കിലും മിക്ക വാർത്താമാധ്യമങ്ങളും ജനങ്ങൾക്ക് വിനോദവും വിജ്ഞാനവും കൂടി നൽകാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്. പരമ്പരാഗത മാധ്യമങ്ങൾ, നവീന മാധ്യമങ്ങൾ എന്ന മറ്റൊരു വിഭജനവും സ്വീകരിക്കാറുണ്ട്. പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ എന്നും ദൃശ്യമാധ്യമങ്ങൾ, ശ്രാവ്യമാധ്യമങ്ങൾ എന്നുമൊക്കെ മാധ്യമങ്ങളെ ആവശ്യാനുസാരം പല രീതിയിൽ വർഗ്ഗീകരിക്കാവുന്നതാണ്. ഇത്തരം നിരവധി മാധ്യമങ്ങളുടെ സാധ്യതകൾ ഇന്റർനെറ്റിൽ സമന്വയിച്ചിരിക്കുന്നു.

## അച്ചടിയുടെ ആവിർഭാവം

ഇന്നറിയപ്പെടുന്ന രീതിയിലുള്ള അച്ചടി പതിനഞ്ചാം ശതകത്തിന്റെ മധ്യത്തോടുകൂടി ജർമനിയിലാണ് ആരംഭിച്ചത്. അതിനു വളരെക്കാലം മുമ്പുതന്നെ അച്ചടി നടപ്പിൽ വന്നിരുന്നു. കൊറിയക്കാരും, ചൈനക്കാരും, ജപ്പാൻകാരും പ്രാചീനകാലത്തുതന്നെ അച്ചടിയെപ്പറ്റി അറിയുകയും അച്ചടിവിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്തു. ബി.സി. പതിനാറാം ശതകം മുതൽ നാലാം ശതകം വരെയുള്ള കാലഘട്ടത്തിൽ ആശയവിനിമയോപാധിയായി വരമൊഴി നിലവിൽ വന്നു.

ചിത്രലിപികളും അക്ഷരമാലയും പല പരിവർത്തനങ്ങൾക്കും വിധേയമായി. ശിലാലിഖിതങ്ങളും ഇഷ്ടികപ്പുസ്തകങ്ങളും തുകൽപാപ്പിറസ് ചുരുളുകളും താളിയോലഗ്രന്ഥങ്ങളും ഉപയോഗിച്ചിരുന്ന അക്കാലത്ത് കൊത്തുപണി തൊഴിലാക്കിയിരുന്നവർ എഴുത്തുപണിയും നടത്തിപ്പോന്നു. എ.ഡി. ആദ്യശതകങ്ങളിൽ ചൈനക്കാർ കണ്ടുപിടിച്ചതും

ക്രമേണ ലോകമെങ്ങും പ്രചരിച്ചതുമായ കടലാസ് നിർമ്മാണത്തോടെയാണ് എഴുത്തുവിദ്യയിൽ പരിവർത്തനമുണ്ടായതും അച്ചടിയുടെ ആരംഭം കുറിച്ചതും. ചൈനക്കാർ പേജിന്റെ വലിപ്പത്തിലുള്ള മരപ്പലകകളിൽ അക്ഷരങ്ങൾ കൊത്തിയെടുത്ത് അക്ഷരങ്ങളുടെ പുറത്ത് മഷി പുരട്ടി കടലാസിൽ അമർത്തി പല പ്രതികളെടുത്തിരുന്നു. ഈ രീതിയിൽ യൂറോപ്പിൽ ആദ്യമായി അച്ചടിച്ച പുസ്തകങ്ങളിൽ പ്രധാനപ്പെട്ടതാണ് പാവപ്പെട്ടവന്റെ വേദപുസ്തകം (poor man's bible). മരത്തിൽ കൊത്തിയ ബ്ലോക്ക് ഉപയോഗിച്ച് അച്ചടിക്കുന്നതിനാൽ ഇത്തരം പുസ്തകങ്ങൾ ബ്ലോക്ക് പുസ്തകങ്ങൾ (block books) എന്നും അറിയപ്പെട്ടിരുന്നു.

കടലാസിൽ മഷി പുരട്ടി പതിപ്പുകൾ ഉണ്ടാക്കിയത് അഞ്ചാം ശതകം മുതലാണ്. ജപ്പാനിലെ ചക്രവർത്തിനിയായിരുന്ന ഷോട്ടോകു എ.ഡി. 768 - 70-ൽ പുറപ്പെടുവിച്ച കല്പനയിൽ മുദ്രണം ചെയ്യപ്പെട്ടിരുന്ന ചിത്രമാണ് കണ്ടുകിട്ടിയിട്ടുള്ളതിൽവച്ച് ഏറ്റവും പഴക്കം ചെന്ന മുദ്രിതരേഖ. 1041-നും 1049-നും ഇടയ്ക്ക് അക്ഷരങ്ങൾ കൊത്തിയ മൺകട്ടകൾ അടുക്കിവച്ച് അവയ്ക്കു മീതെ മഷിപുരട്ടി പീഷെങ് എന്ന ചൈനക്കാരൻ ആദ്യമായി ഒരു ഗ്രന്ഥം അച്ചടിച്ചു. പീഷെങിന്റെ ഈ കണ്ടുപിടിത്തം പലരും പരിഷ്കരിക്കുകയുണ്ടായി. പതിനാലാം ശതകത്തിലാണ് കൊറിയയിൽ ആദ്യമായി ലോഹനിർമിതവും ഇളക്കിമാറ്റാവുന്നതും ആയ അച്ചുകൾ ഉപയോഗിച്ചുതുടങ്ങിയത്. അച്ചുകൾ വാർക്കുന്ന സമ്പ്രദായം കൊറിയയിൽനിന്നു ജപ്പാനിലേക്കും ചൈനയിലേക്കും വ്യാപിച്ചു.

അച്ചടിയുടെ പിതാവായി അംഗീകരിക്കപ്പെട്ടിരിക്കുന്നത് ജർമൻകാരനായ യോഹാൻ ഗുട്ടൻബർഗ് (1398-1468)ആണ്. 1450-ൽ ഗുട്ടൻബർഗ് ഓരോ അക്ഷരങ്ങൾക്കുമുള്ള അച്ചുകൾ വെവ്വേറെ വാർത്തെടുക്കുകയും അവ ചേർത്തുണ്ടാക്കിയ പേജുകൾ മുദ്രണം ചെയ്യാൻ തടികൊണ്ട് അച്ചടിയന്ത്രം നിർമ്മിക്കുകയും ചെയ്തു. ഇദ്ദേഹം 1455-ൽ അച്ചടിച്ച കലണ്ടറും, 1456 ആഗ. 24-ന് 42 വരികൾ വീതം രണ്ടു കോളങ്ങളിലായി സംവിധാനം ചെയ്ത, 1282 പേജുകളുള്ള ഗുട്ടൻബർഗ് ബൈബിളും കണ്ടുകിട്ടിയിട്ടുണ്ട്. മെയിൻസിൽനിന്ന് അച്ചടി ജർമനിയിലെ മറ്റു പട്ടണങ്ങളിലേക്കും, ഇറ്റലി, ഫ്രാൻസ്, ഓസ്ട്രിയ, തുർക്കി എന്നിവിടങ്ങളിലേക്കും വ്യാപിച്ചു. 15-ാം ശതകത്തിന്റെ അവസാനത്തോടെ യൂറോപ്പിലെ എല്ലാ പ്രമുഖ നഗരങ്ങളിലും അച്ചടിശാലകൾ സ്ഥാപിതമായി.

## മലയാളം അച്ചടിയുടെ ചരിത്രം

16-ാം ശതകത്തിന്റെ ഉത്തരാർധത്തിൽ പോർച്ചുഗീസുകാരാണ് അച്ചടി ഇന്ത്യയിൽ പ്രചരിപ്പിച്ചത്. ക്രിസ്തുമത പ്രചാരണം ആയിരുന്നു അവരുടെ ലക്ഷ്യം. ഇന്ത്യയിൽ ആദ്യമായി മുദ്രണം ചെയ്യപ്പെട്ടത് തമിഴ് ബൈബിളാണ് എന്നു ചില രേഖകളിൽ കാണുന്നു. കൊച്ചിക്കടുത്ത് അമ്പഴക്കാട് എന്ന സ്ഥലത്താണ് കേരളത്തിൽ ആദ്യമായി ഒരു ഗ്രന്ഥം അച്ചടിച്ചത്. അതും തമിഴ് ബൈബിളായിരുന്നുവത്രേ. ജോൺ ഗൊൺസാൾവ്സ് എന്ന പാതിരിയാണ് അച്ചടിക്കാവശ്യമായ മര അച്ചുകൾ നിർമിച്ചത്. 1579-ൽ എച്ച്. ഹെന്റിക്ക് ഒരു പ്രാർഥനാപുസ്തകം പ്രസിദ്ധപ്പെടുത്തി. ബംഗാളിൽ ഒരു പ്രസ്സിൽ 1778-ൽ ഒരു ബംഗാളി വ്യാകരണഗ്രന്ഥം അച്ചടിച്ചു. ഇതിനുവേണ്ട അച്ചുകളുണ്ടാക്കിയത് ചാൾസ് വിൽക്കിൻസ് ആണ്. 1811-ൽ ബോംബെയിലെ 'കൊറിയർ പ്രസ്സി'ൽ സുവിശേഷങ്ങൾ മലയാളത്തിൽ മുദ്രണം ചെയ്തിട്ടുണ്ട്. 1821-ൽ ബഞ്ചമിൻ ബെയ്‌ലി എന്ന പാതിരി കോട്ടയത്ത് ചർച്ച് മിഷൻ സൊസൈറ്റി പ്രസ് സ്ഥാപിച്ചു. കേരളത്തിലെ ആദ്യത്തെ മലയാളം അച്ചുകൂടം സി.എം.എസ്. പ്രസ്സാണ്. ബെയ്‌ലി ചതുരവടിവായിരുന്ന അക്ഷരങ്ങളെ ഉരുണ്ട വടിവുള്ളവയാക്കിത്തീർത്തു. ഈ പുതിയ അച്ചുപയോഗിച്ചാണ് ബെയ്‌ലി 1829-ൽ 'പുതിയ നിയമം' അച്ചടിച്ചത്. 1842-ൽ ബൈബിൾ പൂർണമായി മുദ്രണം ചെയ്യപ്പെട്ടു. 1846-ൽ

ഉത്കൃഷ്ടവും പ്രാദേശികവുമായ പദങ്ങളുടെ ഒരു മലയാളം ഇംഗ്ലീഷ് നിഘണ്ടുവും (A Dictionary of High and Colloquial Malayalam and English), 1848-ൽ ഇംഗ്ലീഷ് മലയാളം ക്രോഡീകൃത നിഘണ്ടുവും (A Concise Dictionary of English and Malayalam) ഇദ്ദേഹം തയ്യാറാക്കി മുദ്രണം ചെയ്തു പ്രകാശിപ്പിച്ചു.

1576-ൽ സ്പെയിൻകാരനായ ജോൺ ഗൊൺസാൽവസ് കൊച്ചിയിൽ ഒരു അച്ചടി ശാല സ്ഥാപിക്കുകയും, അതിനടുത്ത കൊല്ലം അവിടെനിന്നു ക്രിസ്തീയ വേദോപദേശം എന്ന കൃതി പ്രസിദ്ധീകരിക്കുകയും ചെയ്തുവെന്ന് ചില ചരിത്രപരാമർശങ്ങൾ കാണാനുണ്ടെങ്കിലും, ആ പുസ്തകത്തിന്റെ ഒരു പ്രതിയും കണ്ടുകിട്ടിയിട്ടില്ല. കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാള പുസ്തകമായി അറിയപ്പെടുന്നത് കോട്ടയത്തെ സി.എം.എസ്. പ്രസ്സിൽ നിന്ന് 1824-ൽ പ്രസിദ്ധീകരിച്ച *'ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഉ ക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ'* എന്ന ബാലസാഹിത്യകൃതിയാണ്. ആദ്യകാല മുദ്രിതകൃതികൾ മലയാളമാണെന്ന് പറയപ്പെടുന്നുണ്ടെങ്കിലും അന്ന് തമിഴ് ലിപികളാണ് ഉപയോഗിച്ചിരിക്കാൻ സാധ്യതയുള്ളത്. 1575-ൽ കൊച്ചികോട്ടയിൽ പോർച്ചുഗീസുകാർ സ്ഥാപിച്ച മുദ്രണാലയമാണ് കേരളത്തിൽ അച്ചടി പ്രസ്ഥാനത്തിന്റെ ഉദ്ഘാടനത്തിനു വഴിതെളിച്ചത്. ചേന്ദമംഗലത്തിനടുത്ത് വൈപ്പിൻകോട്ടയിൽ പിന്നീട് സ്ഥാപിതമായ പ്രസ്സും അവരുടേതുതന്നെ ആയിരുന്നു. എന്നാൽ കേരളത്തിൽ മൂന്നാമത് ആരംഭിച്ച അച്ചടിശാല കൊടുങ്ങല്ലൂരിനടുത്ത് അമ്പഴക്കാട്ടാണ് (17-ാം ശതകം). ഇഗ്നേഷ്യസ് എന്നു പേരായ ഒരു കേരളീയനാണ് ഇതിന്റെ സ്ഥാപകൻ. കേരളക്കരയിൽ ഒരു മലയാളി സ്ഥാപിച്ച ആദ്യത്തെ മുദ്രണാലയമെന്ന ബഹുമതിക്ക് ഇത് അർഹമാണ്.

കൊച്ചിക്കോട്ടയിൽ ഗവർണർ ആയിരുന്ന ഡച്ചുകാരനായ ഹെൻഡ്രിക് ഏഡ്രിയൻ വാൻ റീഡിന്റെ നേതൃത്വത്തിൽ രചിച്ച് 1678-ൽ പ്രസിദ്ധീകരിച്ച, കേരളത്തിലെ സസ്യങ്ങളെ സംബന്ധിച്ച, ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥത്തിലാണ് ആദ്യമായി മലയാളലിപികൾ അച്ചടിക്കപ്പെടുന്നത്. ഇത് ലത്തീൻ ഭാഷയിലുള്ള ഗ്രന്ഥമാണ്. മലയാളലിപിയിലുള്ള പ്രസ്താവനയും പുസ്തകത്തിലെ സസ്യങ്ങളുടെ ചിത്രങ്ങളോടൊപ്പം മലയാളലിപിയിലുള്ള എഴുത്തും കാണാം. ലത്തീൻ, മലയാളം, അറബി, ദേവനാഗരി എന്നീ നാലു ലിപികളിൽ ഈ പുസ്തകത്തിൽ സസ്യനാമങ്ങൾ കൊടുത്തിട്ടുണ്ട്.

ഓരോ മലയാള അക്ഷരത്തിനും പ്രത്യേക അച്ചുണ്ടാക്കി ആദ്യമായി മലയാളലിപി അച്ചടിച്ചത് ആൽഫബെത്തും ഗ്രാൻഡോണിക്കോ മലബാറിക്കം എന്ന പുസ്തകമാണ്. ഇതും ലത്തീൻ കൃതിയാണ്. ആദ്യത്തെ സമ്പൂർണ്ണ മലയാളം അച്ചടി പുസ്തകമായ സംക്ഷേപവേദാർത്ഥം അച്ചടിക്കുന്നതിനു തൊട്ട് മുൻപ് 1772-ൽ തന്നെ മലയാളഭാഷയെക്കുറിച്ചും മലയാളലിപിയെക്കുറിച്ചും അത്യാവശ്യം വിശദമായി വിശദീകരിച്ചുകൊണ്ട് ലത്തീൻ ഭാഷയിൽ എഴുതിയ പുസ്തകം ആണിത്. ക്ലെമന്റ് പാതിരി അച്ചടിപ്പിച്ച Alphabetum Grandonico Malabaricum എന്ന ലത്തീൻ കൃതിക്ക് ആമുഖമെഴുതിയ ജോൺ ക്രിസ്തോഫർ അമദാത്തിയാസ് സംക്ഷേപവേദാർഥത്തിന്റെ മുദ്രണത്തിനുവേണ്ടി, മലയാളത്തിലെ 51 അക്ഷരങ്ങൾ അച്ചടിക്കാൻ 1,128 അച്ചുകൾ നിർമ്മിക്കേണ്ടിവന്നുവെന്ന കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്. യൂറോപ്യൻ ഭാഷകളെ അപേക്ഷിച്ച് മലയാളത്തിൽ അച്ചുകൾ തയ്യാറാക്കുന്നകാര്യം എത്ര വിഷമം പിടിച്ചതാണെന്നും പാതിരി രേഖപ്പെടുത്തിയിട്ടുണ്ട്. റോമിലെ ഒരു മുദ്രണാലയത്തിൽ നിന്ന് 1772-ൽ അച്ചടിച്ച സംക്ഷേപവേദാർഥം എന്ന കൃതിയാണ് മലയാളലിപിയിൽ അച്ചടിക്കപ്പെട്ട ആദ്യത്തെ സമ്പുർണ്ണ മലയാളപുസ്തകം. ഇക്കാലത്തിനടുപ്പിച്ചു കേരളത്തിൽ സുവിശേഷപ്രചാരണാർഥം താമസിച്ചിരുന്ന ക്ലെമന്റ് പിയാനിയസ് എന്ന ഒരു

വൈദികനാണ് ഇതിന്റെ കർത്താവ്. സംക്ഷേപവേദാർഥം എന്നും കുമ്പേന്തി എന്നും ഉള്ള പേരുകളിൽ അറിയപ്പെടുന്ന ഈ കൃതിയുടെ പൂർണനാമം അതിൽ അച്ചടിച്ചിരിക്കുന്നത് Compendiosa Legis Explicatio Omnibus Christains Scitu Necesaria എന്നാണ്. ചോദ്യോത്തര രൂപത്തിൽ ഗുരുശിഷ്യസംവാദമായി 270-ലധികം പുറങ്ങളിലായി അച്ചടിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിനു സമ്പൂർണമായി മലയാള ലിപികളിൽ മുദ്രിതമായ ആദ്യത്തെ പുസ്തകം എന്ന ബഹുമതി അവകാശപ്പെടാം.

കേരളത്തിൽ അച്ചടി സാർവജനീനമായ പ്രയോജനത്തിനുള്ള ഒരു മാധ്യമമാകുന്നത് തിരുവിതാംകൂറിലും കൊച്ചിയിലും ദിവാനും റസിഡന്റുമായി സേവനം അനുഷ്ഠിച്ച കേണൽ മൺറോയുടെ കാലത്താണ് (1810-19). ഇദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചാണ് കോട്ടയത്ത് ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.) ഒരു പ്രസ് സ്ഥാപിക്കുവാൻ തീരുമാനിച്ചത്. റവ. ബെഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിൽ 1821-ൽ സി.എം.എസ്. പ്രസ് സ്ഥാപിതമായി. ഇംഗ്ലണ്ടിൽ നിന്നും പ്രസ്സും മദ്രാസിൽ നിന്നും അച്ചുകളും വരുത്തി 1821-ൽ തന്നെ ബെഞ്ചമിൻ ബെയ്‌ലി അച്ചടി ആരംഭിച്ചു. കിട്ടിയിട്ടുള്ളതിൽ ഏറ്റവും പഴയത് 1822-ൽ അച്ചടിച്ച 'മദ്യനിരോധിനി' എന്ന ലഘുലേഖയാണ്. പിന്നീട് ബൈബിളിലെ മത്തായിയുടെ സുവിശേഷം അച്ചടിച്ചു. 1824ൽ ചെറു പൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്നും പരിഭാഷപ്പെടുത്തിയ കഥകളും രാജാരാം മോഹൻ റോയിയുടെ ഉപനിഷത്ത് വ്യാഖ്യാനവും അച്ചടിച്ചു. ഇന്നു ഉപയോഗിക്കുന്ന ഉരുണ്ട മലയാളലിപിക്ക് രൂപം നൽകിയത് ബെയ്‌ലിയാണ്. ബൈബിളിലെ പുതിയ നിയമഭാഗങ്ങൾ തർജ്ജമ ചെയ്ത് ബെയ്‌ലി 1829-ൽ ഇവിടെ 5000 പ്രതി അച്ചടിച്ചു. തുടർന്ന് സമ്പൂർണ്ണ ബൈബിളിന്റെ തർജ്ജമ അച്ചടിച്ച് പ്രസിദ്ധം ചെയ്തു. 1841-ൽ ബൈബിൾ മുഴുവനായും അച്ചടിച്ചു പ്രസിദ്ധീകരിച്ചു. സ്വാതിതിരുനാളിന്റെ താല്പര്യപ്രകാരം 1834 വരെ പതിനഞ്ചു മലയാളം പുസ്തകങ്ങൾ അവിടെ അച്ചടിച്ചു. അച്ചടി ഒരു വ്യവസായമെന്ന നിലയിൽ കേരളത്തിൽ തുടക്കമിട്ടത് കോട്ടയത്തെ സി.എം.എസ്. പ്രസ് ആണെന്നു പറയാം.

1834-ൽ സ്വാതിതിരുനാൾ രാമവർമ്മ തിരുവനന്തപുരത്ത് ആദ്യമായി ഗവൺമെന്റ് പ്രസ് സ്ഥാപിച്ചു. അതുവരെ ഗവൺമെന്റിനാവശ്യമായ സകല മുദ്രണജോലികളും കോട്ടയം സി.എം.എസ്. പ്രസ്സിലാണ് നടത്തിവന്നത്. ഗവൺമെന്റ് പ്രസ്സിനെ മാതൃകയാക്കി 1846-ൽ മാന്നാനത്ത് ചാവറ കുരിയാക്കോസ് അച്ചൻ തടികൊണ്ട് പ്രസ് നിർമിച്ചു. അതാണ് മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സ്. ഏതാണ്ട് ഇതേ കാലഘട്ടത്തിൽതന്നെ മലബാർ പ്രദേശത്തും അച്ചടി സംബന്ധമായ പരീക്ഷണങ്ങൾ നടക്കുന്നുണ്ടായിരുന്നു. ബാസൽ മിഷന്റെ പ്രവർത്തനമാണ് ഇതിനു പ്രചോദനം നല്കിയത്. കോഴിക്കോട്ട് പ്രവർത്തനാരംഭിച്ച മിനർവാ പ്രസ് ഇക്കൂട്ടത്തിൽപെടുന്നു. അവിടെനിന്നും അച്ചടിച്ചിറക്കിയ പുസ്തകങ്ങളിൽ ഉപ്പൊട്ട കണ്ണൻ, വ്യാഖ്യാനസഹിതം ഭാഷാന്തരം ചെയ്ത ആയുർവേദഗ്രന്ഥം അഷ്ടാംഗഹൃദയം ഭാസ്കരം വ്യാഖ്യാനം എന്നിവ പ്രാധാന്യമർഹിക്കുന്നു.

മാർത്താണ്ഡവർമയുടെ ആശ്രിതനും കഥകളി കലാകാരനുമായിരുന്ന ഈശ്വരപിള്ള വിചാരിപ്പുകാർ 1853-ൽ തിരുവനന്തപുരത്ത് 'കേരളവിലാസം' എന്ന പേരിൽ ഒരച്ചുകൂടം സ്ഥാപിക്കുകയും അതിലൂടെ ആദ്യമായി അമ്പത്തുനാലു ആട്ടക്കഥകളുടെ ഒരു സമാഹാരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സ്വാതിതിരുനാൾ, ഇരയിമ്മൻ തമ്പി തുടങ്ങിയവരുടെ ഏതാനും ഗാനസമാഹാരങ്ങളും, രാമായണം തുടങ്ങിയ കിളിപ്പാട്ടുകളും ആദ്യമായി അച്ചടിക്കപ്പെട്ടതും കേരളവിലാസത്തിലായിരുന്നു. 21-ാം ശതകത്തിന്റെ ആരംഭത്തിൽ കേരളം അച്ചടിയുടെ കാര്യത്തിൽ അത്യാധുനിക സാങ്കേതിക വിദ്യകളുപയോഗിക്കുന്നതിൽ വളരെ മുന്നേറിയിട്ടുണ്ട്.

അച്ചടി ഒരു കലയെന്ന നിലയിലും വ്യവസായം എന്ന നിലയിലും ഗണ്യമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു.

## അച്ചടി മാധ്യമത്തിന്റെ സവിശേഷതകൾ

1772ൽ ബേസിലിൽ (സ്വിറ്റ്സർലണ്ട്) വില്യം ഹാസ് അച്ചടിയന്ത്രത്തിലെ മരംകൊണ്ടുള്ള ഭാഗം മുഴുവൻ ഇരുമ്പുകൊണ്ടു നിർമിച്ചു. 1814ൽ ഫ്രീഡ്റിഷ് ക്യോനിഗ് എന്ന ജർമൻകാരൻ അച്ചുവയ്ക്കുന്ന പരന്ന പ്രതലമുള്ള പ്രസ്സിൽനിന്ന് 'ടൈംസ്' പത്രം പുറത്തിറക്കി. 'മുദ്രണകലയുടെ കണ്ടുപിടിത്തത്തിനുശേഷമുള്ള ഏറ്റവും വലിയ പുരോഗമനം' എന്ന് തലക്കെട്ടോടെയാണ് 1814 നവംബർ 29 ലെ 'ടൈംസ്' പത്രം പുറത്തിറങ്ങിയത്. വർത്തമാനപത്രങ്ങൾ അച്ചടിക്കുന്നതിന്റെ വേഗത്തിനും ഉത്പാദനക്ഷമതയ്ക്കുമായി റോട്ടറി രീതിയിലുള്ള അച്ചടിസമ്പ്രദായം ഏറ്റവും ആവശ്യമായിവന്നു. 1866ൽ ലണ്ടനിലെ 'ടൈംസ്' പത്രം റോട്ടറിയുടെ പ്രാഗ്‌രൂപമായ 'വാൾട്ടർ പ്രസ്' എന്ന അച്ചടിയന്ത്രം കണ്ടുപിടിച്ചതോടെ ആധുനികരീതിയിലുള്ള അച്ചടിസമ്പ്രദായം നിലവിൽവന്നു. ന്യൂയോർക്കിലെ റിച്ചാർഡ്ഹോ (1812 : 1886) വർത്തമാനപത്രത്തിനുവേണ്ടി റോട്ടറിപ്രസ് നിർമിച്ചതോടെ അച്ചടിയിൽ കൂടുതൽ പരിവർത്തനങ്ങളുണ്ടായി. പത്രങ്ങൾ അച്ചടിക്കുന്നതു കൂടാതെ എണ്ണുന്നതിനും മടക്കുന്നതിനും മറ്റുമുള്ള സജ്ജീകരണങ്ങൾകൂടി ഈ യന്ത്രത്തിൽ സംഘടിപ്പിച്ചിരുന്നു. 1885ൽ ടോൽബർട് ലാന്റ്സ്റ്റൺ മോണോടൈപ്പ് (Montoype) അച്ചുനിരത്തൽ രീതിയും, ഫ്രെഡറിക് ഐവ്സ് ഫോട്ടോബ്ളോക്കുകൾ എടുക്കുന്നതിനുള്ള ലൈൻ സ്ക്രീനും കണ്ടുപിടിച്ചു. 1890ൽ ഈ രീതിയെ മാക്സ് ലീവി സമ്പൂർണമാക്കി. ഇതെല്ലാം ഒരു നൂറു കൊല്ലക്കാലത്തെ പുരോഗതിയായിരുന്നു.

ഗുട്ടൻബർഗിന്റെ കാലത്തിനുശേഷം 30,000ത്തോളം അച്ചുമാതൃകകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 3,000ത്തോളം ഇന്നും ഉപയോഗത്തിലിരിക്കുന്നു. കൈകൊണ്ട് അച്ചുനിരത്തുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും സമയം ലാഭിക്കാനും അക്ഷരങ്ങളുടെ വടിവ് നിലനിർത്താനും ഉപകരിക്കുംവിധം പരിഷ്ക്കാരങ്ങൾ ആവശ്യമായി വന്നു. കംപ്യൂട്ടറിന്റെ സഹായത്തോടുകൂടി അച്ചടിക്കായി മാറ്ററും ചിത്രങ്ങളും തയ്യാറാക്കുന്ന ആധുനിക രീതിയാണ് ഡി.റ്റി.പി. അഥവാ ഡസ്ക് റ്റോപ് പബ്ളിഷിങ്. ഇതിലേക്കായി പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നു. ഉദാ: പേജ് മേക്കർ, ഇല്ലസ്ട്രേറ്റർ, ഫോട്ടോഷോപ്പ് മുതലായവ. കംപ്യൂട്ടറിന്റെ സ്ക്രീനിൽ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ സൃഷ്ടിച്ചെടുക്കുന്ന പേജുകൾ അതേ രീതിയൽ അച്ചടിക്കാൻ സാധിക്കും. കീബോർഡിന്റെ സഹായത്തോടുകൂടി അച്ചടിക്കാവശ്യമായ മാറ്റർ കംപ്യൂട്ടറിലേക്ക് പകർത്തുന്ന പ്രവൃത്തിയെ ഡേറ്റാ എൻട്രി എന്നു പറയുന്നു. അച്ചടിക്കാവശ്യമായ ചിത്രങ്ങൾ കംപ്യൂട്ടറിനോടു ഘടിപ്പിച്ചിരിക്കുന്ന സ്കാനർ, അഥവാ ഡിജിറ്റൽ ക്യാമറ മുഖേന കംപ്യൂട്ടറിലേക്ക് എത്തിച്ചശേഷം പേജ്മേക്കർ, ഫോട്ടോ ഷോപ്പ് തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ മുഖാന്തരം അച്ചടിക്കാവശ്യമായ വലിപ്പത്തിലും രൂപത്തിലുമുള്ള പേജുകളാക്കിമാറ്റുന്നു. പേജുകൾ തയ്യാറാകുന്ന സമയത്തുതന്നെ മാറ്ററും ചിത്രങ്ങളും കൂട്ടിക്കലർത്താൻ ഇപ്പോൾ സാധിക്കും. ലേസർപ്രിന്റിനു പകരം ഇമേജ്സെറ്റർ മുഖേന ഫിലിമിലേക്ക് ഔട്ട്പുട്ട് എടുക്കുന്ന രീതി ഇന്ന് സാധാരണമാണ്. ഈ പ്രക്രിയ സി.റ്റി.എഫ്. (Computer to Film) എന്ന് അറിയപ്പെടുന്നു. ലേസർ പ്രിന്റിനേക്കാൾ വ്യക്തമായ ഔട്ട്പുട്ട് സി. റ്റി. എഫ് മുഖാന്തരം ലഭിക്കുന്നു. മുന്തിയതരം അച്ചടിക്ക് പ്രത്യേകിച്ച് വർണചിത്രങ്ങളുടെ അച്ചടിക്ക് ഇമേജ്സെറ്റർ ഔട്ട്പുട്ട് ഉപയോഗിച്ചാണ് പ്ളേറ്റുകൾ തയ്യാറാക്കുന്നത്.

കംപ്യൂട്ടറിന്റെ സഹായത്തോടെയുള്ള അച്ചടിയിൽ ഏറ്റവും ആധുനിക വികാസമായി കണക്കാക്കുന്നത് സി.റ്റി.പി. (Computer to Plate) സംവിധാനമാണ്. കംപ്യൂട്ടറിൽ നിന്ന് നേരിട്ട് പ്ളേറ്റിലേക്ക് പ്രതിരൂപം മാറ്റുന്ന രീതിയാണ് സി.റ്റി.പി. ഇതുമൂലം അച്ചടിയുടെ നിലവാരം വളരെ അധികം നന്നാകുന്നതിനോടൊപ്പം സമയലാഭവും ഉണ്ടാകുന്നു. അടുത്തകാലത്ത് മുദ്രണവിദ്യയിൽ ഉണ്ടായിട്ടുള്ള ഏറ്റവും ശ്രദ്ധേയമായ വികാസമാണ് ഡിജിറ്റൽ അച്ചടി. കംപ്യൂട്ടറിൽ ശേഖരിച്ചിട്ടുള്ള അച്ചടിക്കേണ്ട വിവരങ്ങൾ ഡിജിറ്റൽ അച്ചടി യന്ത്രത്തിലേക്ക് നൽകി പേപ്പറിലോ പ്ലാസ്റ്റിക് പോലെയുള്ള പ്രതലത്തിലോ ഇതിലൂടെ അച്ചടിക്കാൻ സാധിക്കുന്നു.

## ഇന്ത്യൻ പത്രപ്രവർത്തന ചരിത്രം

വാർത്തകളുടെശേഖരണത്തിലൂടെയും,പ്രസിദ്ധീകരണത്തിലൂടെയുമാണ് പത്രപ്രവർത്തനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. പതിനേഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലാണ് ആദ്യമായി വാർത്താ പത്രം വിതരണം ചെയ്തത്. ദ്വൈവാരികയായിട്ടായിരുന്നു ആദ്യ പ്രസിദ്ധീകരണം. ദി ഡയലി കോറന്റ് എന്ന പേരിൽ പിന്നീട് അറിയപ്പെട്ട പത്രമായിരുന്നു അത്. 1690 ൽ അമേരിക്കയിലും പത്രപ്രസിദ്ധീകരണമാരംഭിച്ചു. 1800 ആയപ്പോഴേക്കും നൂറുക്കണക്കിന് പത്രങ്ങൾ അമേരിക്കയിൽ ഉണ്ടായിരുന്നു.

ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ ആദ്യകാല മാതൃകകൾ രാജാക്കളുടെ ശിലാശാസനകളിൽ കാണാം. കാര്യങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി ശിലകളിലും ചെമ്പ് ഏടുകളിലും മറ്റും ഇത്തരം രേഖകൾ എഴുതിയിരുന്നു. പാശ്ചാത്യരുടെ ശ്രമഫലമായാണ് ഇന്ത്യയിൽ ആധുനിക രീതിയിലുള്ള പത്രപ്രവർത്തനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. ഇന്ത്യയിലാദ്യമായി പ്രസിദ്ധീകൃതമായ പത്രം ബംഗാൾ ഗസറ്റ് ആണ്. 1780 ലായിരുന്നു ഇതിന്റെ തുടക്കം. ഇതിനുശേഷം നാലു പതിറ്റാണ്ടു കഴിഞ്ഞാണ് ആദ്യ ഭാഷാപത്രമായ സമാചാർ ദർപൺ ഇറങ്ങുന്നത്, 1818 ൽ. ഇന്ത്യാ ഗസറ്റ്, ബംഗാൾ ജേണൽ, മദ്രാസ് കുറിയർ, ഇന്ത്യാ ഹൊറാൾഡ്, ബോംബെ ഗസറ്റ് എന്നിവയായിരുന്നു അന്ന് ഇന്ത്യയിലിറങ്ങിയിരുന്ന ഇംഗ്ലീഷ് പത്രങ്ങൾ. ഇവയൊക്കെയും വൻനഗരങ്ങളിലായിരുന്നു ലഭ്യമായിരുന്നത്. ബ്രിട്ടീഷ് അധികാരികളുടെ ശക്തമായ നിയന്ത്രണം കാരണം ഈ പത്രങ്ങളൊന്നുംതന്നെ രാഷ്ട്രീയ വിഷയങ്ങളിൽ ഇടപെട്ടിരുന്നില്ല. മതം, സാമൂഹിക പരിഷ്കരണം, നാട്ടുവാർത്തകൾ, വ്യാപാരം തുടങ്ങിയ കാര്യങ്ങളിലെ വിവരങ്ങളാണ് ഇവയിലുണ്ടായിരുന്നത്.

ബ്രിട്ടീഷ് ഗവ. ജനറലായിരുന്ന മെറ്റ് കാംഫ് 1835 ൽ പത്രങ്ങൾക്കെതിരെയുള്ള പല നിയന്ത്രണങ്ങളും പിൻവലിച്ചു. ഇതോടെ ഇന്ത്യൻ പത്രപ്രവർത്തനരംഗം രാഷ്ട്രീയമായ കാര്യങ്ങളിൽ ഇടപെടാൻ തുടങ്ങി. ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽ സാന്നിദ്ധ്യം തെളിയിച്ചിരുന്ന വർത്തമാനപത്രങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആവിർഭാവത്തോടെ കൂടുതൽ സജീവമായി. നേതാക്കളുടെ പ്രസംഗങ്ങൾക്കും ദേശീയ വിഷയങ്ങൾക്കും പ്രാമുഖ്യം നല്കിയ ഈ പത്രങ്ങൾ ജനവികാരം വായനക്കാരിലെത്തിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രഥമ സമ്മേളനം ബോംബെയിൽ നടന്നപ്പോൾ അതിൽ പങ്കെടുത്ത എഴുപത്തിരണ്ടു പ്രതിനിധികളിൽ 25 പേർ പത്രപ്രവർത്തനവുമായി ബന്ധമുള്ളവരായിരുന്നു. ദാദാബായ് നവറോജി, മഹാദേവഗോവിന്ദ, റാനഡെ, നരേന്ദ്രസെൻ, ജി.സുബ്രഹ്മണ്യൻ അയ്യർ എന്നിങ്ങനെയുള്ള പ്രഗത്ഭ പത്രാധിപന്മാരും അക്കൂട്ടത്തിലുണ്ടായിരുന്നു. അക്കാലത്തെ ഏറ്റവും പ്രചാരമുണ്ടായിരുന്ന പത്രങ്ങളായ 'റാസ്റ്റ് ഗോഫ്ത്താർ', 'ഇന്ദുപ്രകാശ്', 'ഇന്ത്യൻ മിറർ', 'ഹിന്ദു' എന്നിവയുടെ പത്രാധിപരായിരുന്നു അവർ. സ്വാതന്ത്ര്യ സമരത്തിനായുള്ള കാലാവസ്ഥ സൃഷ്ടിക്കുന്നതിനിടയിൽ വർഗ വർണ വിവേചനങ്ങൾക്കെതിരെ ശബ്ദമുയർത്താനും ഈ പത്രങ്ങൾ ശ്രദ്ധവെച്ചു.

വനിതാവിദ്യാഭ്യാസം, ജാതിസമ്പ്രദായത്തിന്റെ നിരോധനം, വിധവാവിവാഹം, ശിശുവിവാഹങ്ങൾ ഒഴിവാക്കൽ എന്നിങ്ങനെയുള്ള ആശയങ്ങൾ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളുടെ ഒപ്പം പത്രത്താളുകളിലൂടെ ജനങ്ങൾക്കിടയിലെത്തിക്കൊണ്ടിരുന്നു. ബോംബെയിൽ സാമൂഹ്യപരിഷ്കരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി 1890 ൽ 'ഇന്ത്യൻ സോഷ്യൽ റിഫോർമർ' എന്നൊരു പത്രം തന്നെ തുടങ്ങുകയുണ്ടായി. ഈ പത്രങ്ങൾക്കെതിരെ നട പടികളെടുക്കുവാൻ ബ്രിട്ടീഷുകാർ മറന്നില്ല. അക്രമപ്രവണതകളെ തടയുന്നതിനുവേണ്ടി എന്ന ധാരണ സൃഷ്ടിച്ച് നിയമത്തിലെ 124 എ സെക്ഷൻ പുനർവ്യാഖ്യാനിച്ച് ആവശ്യമുള്ളപ്പോഴൊക്കെ പത്രാധിപന്മാരെയും പത്രത്തിനെയും ശിക്ഷിക്കുവാൻ ബ്രിട്ടീഷ് ഭരണാധികാരികൾ തയ്യാറായി. പത്രപ്രവർത്തനത്തിൽ ഉത്സുകനായിരുന്ന സുബ്രഹ്മണ്യ അയ്യരും വീരരാഘവചാരിയും ചേർന്ന് 1878 സെപ്തംബർ 20ന് മദ്രാസിൽനിന്ന് ആരംഭിച്ച വാരിക 'ഹിന്ദു' അപ്പോഴേക്കും വായനക്കാരുടെ ഇടയിൽ പ്രചാരം നേടിക്കഴിഞ്ഞിരുന്നു. 'ഹിന്ദു' വാരിക 1888 ൽ ത്രൈവാരികയായും 1889 ൽ ദിനപത്രമായും മാറി. പലവട്ടം സർക്കാരിന്റെ നിരോധനത്തിനും പിഴയ്ക്കും ഹിന്ദു പത്രം ഇരയാ യി. പത്രങ്ങളുടെ രാഷ്ട്രീയ പങ്കാളിത്തത്തെക്കുറിച്ച് തികഞ്ഞ ബോധമുണ്ടായിരുന്ന ബാലഗംഗാധര തിലക് മറാത്തി ഭാഷയിലുള്ള 'കേസരി' ഇംഗ്ലീഷ് ഭാഷാ പത്രമായ 'ദി മറാത്ത' എന്നീ പത്രങ്ങളിലൂടെ 1881 മുതൽ ബ്രിട്ടീഷ് മേൽക്കോയ്മയെ എതിർക്കുവാൻ തുടങ്ങിയിരുന്നു. 'ഡക്കാൻ എഡ്യൂക്കേഷൻ സൊസൈറ്റി'യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്ന രണ്ടു പത്രങ്ങളും ക്രമേണ ജനങ്ങളുടെ പ്രിയപ്പെട്ട പ്രസിദ്ധീകരണങ്ങളായിത്തീർന്നു. രാജ്യത്തെ ഏറ്റവും പ്രചാരമുള്ള ഭാഷാപത്രമായി തീരുവാൻ 'കേസരി'ക്ക് ഒരുവർഷത്തിനകം കഴിഞ്ഞു. 'ദി മറാത്ത'യാവട്ടെ മഹാരാഷ്ട്രയിലെ ദേശീയ പത്രമായി തീർന്നു.

'ബോംബെ ടൈംസ്', 'ബോംബെ സ്റ്റാന്റേഡ്', 'ടെലിഗ്രാഫ്', 'കൊറിയർ' എന്നീ പത്രങ്ങൾ ലയിച്ചുചേർന്നുണ്ടായ 'ടൈംസ് ഓഫ് ഇന്ത്യ' 1861 മുതൽ ഭാരതത്തിൽ ഏറ്റവും അധികം ശ്രദ്ധിക്കപ്പെടുന്ന പത്രമായി. റോബർട്ട്  നൈറ്റ് എന്ന ധിഷണാശാലിയായ പത്രാധിപർ 'ടൈംസ് ഓഫ് ഇന്ത്യ'യെ ഇംഗ്ലീഷ് അറിയാവുന്ന വായനക്കാരുടെ പ്രിയ പത്രമാക്കി മാറ്റി. അലഹബാദിൽ നിന്നും സർ ജോൺ ലാറൻസ് നേതൃത്വം നല്കി ആരംഭിച്ച 'പയനിയർ' തുടക്കം മുതൽ (1865) പ്രശസ്തമായി. ബ്രിട്ടീഷ് ഭരണകൂടവുമായി ബന്ധപ്പെട്ട വാർത്തകൾക്ക് ആശ്രയിക്കാവുന്ന പത്രമായിത്തീർന്നു 'പയനിയർ'.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പത്രങ്ങൾ പുതിയൊരു രാഷ്ട്രനിർമാണത്തിനുള്ള ശ്രമങ്ങ ളിൽവലിയ പങ്കുവഹിച്ചു. സർക്കാറുമായി നല്ല ബന്ധം നിലനിറുത്തുന്നതിലായി ആൾ ഇന്ത്യാ ന്യൂസ് എഡിറ്റേഴ്സ് കോൺഫറൻസ് (എ ഐ എൻ ഇ സി) ഉണ്ടാക്കിയ പെരുമാറ്റച്ചട്ടം 1947 ൽ തന്നെ നിലവിൽവന്നു. 1954 ലെ ഒന്നാം പ്രസ്കമീഷന്റെ ശുപാർശയനുസരിച്ച് പത്രസ്വാതന്ത്ര്യം ഉറ പ്പാക്കുവാനും പത്രപ്രവർത്തനത്തിൽ ഉയർന്ന മാനദണ്ഡങ്ങൾ പാലിക്കുവാനും പ്രസ് കൗൺസിൽ രൂപീകരിക്കപ്പെട്ടു. 1975 ലെ അടിയന്തിരാവസ്ഥക്കാലത്ത് ഇതിന്റെ പ്രവർത്തനം നില ച്ചുപോയെങ്കിലും 1978 ൽ അടിയന്തിരാവസ്ഥയ്ക്കുശേഷം കേന്ദ്രസർക്കാർ പുതിയ നിയമത്തി ലൂടെ ഇത് പുനസ്ഥാപിച്ചു. പത്രങ്ങളുടെ പ്രചാരം വിശകലനം ചെയ്യുന്നതിനും സാക്ഷ്യപ്പെടുത്തു ന്നതിനുമായി ബോംബെ ആസ്ഥാനമാക്കി സ്ഥാപിക്കപ്പെട്ട കമ്പനിയാണ് എ ബി സി. ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻ എന്നാണിതിന്റെ മുഴുവൻ പേര്.

വാർത്തകൾ ലോകത്തെ വിവിധ പത്രസ്ഥാപനങ്ങളിൽ എത്തിക്കുന്ന ഏജൻസിയാണ് പ്രസ് ഏജൻസികൾ. ഇന്ത്യയിൽ 1947 ആഗസ്റ്റ് 27 ന് ഔദ്യോഗിക പ്രസ് ഏജൻസിയായ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ (പി. ടി. ഐ) സ്ഥാപിതമായി. അതോടെ സ്വാതന്ത്ര്യത്തിനു മുമ്പ് കൽക്കട്ട ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന അസോസിയേറ്റസ് പ്രസ് ഓഫ് ഇന്ത്യ എന്ന സ്ഥാപനം പി ടി

ഐ യിൽ ലയിച്ചു. ഇന്ത്യയിലെ രണ്ടാം സ്ഥാനത്തുള്ള ന്യൂസ് ഏജൻസിയാണ് യുണൈറ്റഡ് ന്യൂസ് ഓഫ് ഇന്ത്യ. (യു എൻ ഐ). 1959 ലാണ് ഇത് സ്ഥാപിതമായത്.

## മലയാള പത്രപ്രവർത്തന ചരിത്രം

റവ. ഹെർമൻ ഗുണ്ടർട്ട് എന്ന പൗരസ്ത്യവിജ്ഞാനീയ പണ്ഡിതൻ 1847 ജൂണിൽ തലശ്ശേരിക്കടുത്തുള്ള ഇല്ലിക്കുന്നിൽ സ്ഥാപിച്ച അച്ചടിശാലയിൽ നിന്ന് മലയാളത്തിലെ ആദ്യപത്രമായ രാജ്യസമാചാരം പുറത്തുവന്നു. മലയാളത്തിലെ രണ്ടാമത്തെ പത്രം പശ്ചിമോദയം 1947 ഒക്ടോബറിൽ പ്രസിദ്ധീകരണം തുടങ്ങി. എഫ് മ്യൂളർ ആയിരുന്നു പത്രാധിപർ. ഈ രണ്ടു പത്രങ്ങളും ക്രിസ്തുമതപ്രചാരണങ്ങൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. മിഷണറി സംഘടന യായ ബാസൽ മിഷൻ ആണ് ഇവയുടെ പിന്നിൽ പ്രവർത്തിച്ചത്. കോട്ടയത്തെ ചർച്ചു മിഷൻ സഭ (സി എം എസ്) 1948 നവംബറിൽ പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപത്തിന്റെ പത്രാധിപർ ബെഞ്ച മിൻ ബെയ്‌ലി ആയിരുന്നു.

മലയാളത്തിൽ വർത്തമാനപത്രത്തിന്റെ സ്വഭാവം പുലർത്തുന്ന ആദ്യ പത്രം 1864 ൽ തുട ങ്ങിയ പശ്ചിമതാരകയാണ്. വെസ്റ്റേൺ സ്റ്റാർ ഇംഗ്ലീഷ് പത്രമായിരുന്നെങ്കിലും ഉള്ളടക്കത്തിൽ അത് മലയാളപത്രമായിരുന്നു. 1881ൽ ആരംഭിച്ച'കേരളമിത്ര'മാണ് മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ വർത്തമാനപ്പത്രം. 1886ൽ ആരംഭിച്ച 'മലയാളി' ദിനപ്പത്രത്തിന്റെ ആദ്യ പത്രാധിപർ പേട്ടയിൽ രാമൻപിള്ള ആശാരിയായിരുന്നു.

1860നുശേഷമാണ് ശരിയായ അർഥത്തിലുള്ള വർത്തമാനപത്രങ്ങൾ മലയാളത്തിൽ ആരംഭിച്ചത്. പശ്ചിമതാരക, കേരള പതാക, സന്ദിഷ്ടവാദി, ദീപിക, കേരളമിത്രം, കേരളപത്രിക, കേരളസഞ്ചാരി തുടങ്ങിയ പത്രങ്ങളാണ് ഇതിന്റെ മാതൃകകൾ. 1890 ൽ ആരംഭിച്ച *മലയാളമനോരമ* മലയാള പത്രപ്രവർത്തനത്തിന് പുതിയ വഴി സൃഷ്ടിച്ചു. സാമുദായിക നവീകരണമായിരുന്നു ആദ്യകാല പത്രങ്ങളിൽ പലതിന്റെയും ലക്ഷ്യം. മലയാളി, സുജനാനന്ദിനി, മിതവാദി, കേരള കൗമുദി, ദേശാഭിമാനി തുടങ്ങിയ പത്രങ്ങൾ ഈ ലക്ഷ്യത്തോടെയാണ് ആരംഭിച്ചത്. രാജഭരണത്തിനെതിരെ പൗരാവകാശങ്ങൾ ഉയർത്തിപ്പിടിച്ച നിരവധി പത്രങ്ങൾ 20ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ആരംഭിച്ചു. കേരള ദർപ്പണം, കേരള പഞ്ചിക, സ്വദേശാഭിമാനി, കേരള ചിന്താമണി, സമദർശി, പ്രബോധകൻ തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു. നിർഭയമായ പത്രപ്രവർത്തനത്തിന്റെ പേരിൽ നാടുകടത്തപ്പെട്ട 'സ്വദേശാഭിമാനി' കെ. രാമകൃഷ്ണപിള്ളയും പൗരാവകാശവാദമുയർത്തി രാജവാഴ്ചയെ എതിർത്ത കേസരി എ. ബാലകൃഷ്ണപിള്ളയും മലയാള പത്രപ്രവർത്തനത്തിൽ പുതിയ അധ്യായം രചിച്ചു. ബ്രിട്ടീഷ് ചക്രവർത്തിയേയും മഹാരാജാക്കൻമാരേയും കുറിച്ചുള്ള സങ്കീർത്തനങ്ങൾ എഴുതുവാനും, കൊട്ടാരത്തിനുള്ളിലെ സംഭവങ്ങളെ കഥാഖ്യാനകൗശലത്തോടെ ചിത്രീകരിക്കാനുമാണ് അക്കാലത്തെ വാർത്താമാധ്യമങ്ങൾ മുൻതൂക്കം കല്പിച്ചിരുന്നത്. ഈ കാലഘട്ടത്തിലാണ് നിർഭയരും നീതിമാൻമാരുമായ ബാരിസ്റ്റർ ജി.പി.പിള്ളയും, കേസരിയും, സ്വദേശാഭിമാനിയുമെല്ലാം പത്രപ്രവർത്തനരംഗത്തേക്കു കടന്നുവരുന്നത്. 'അഭിപ്രായം ഇരുമ്പുലക്കയല്ല' എന്ന മുദ്രാവാക്യവുമായി കടന്നുവന്ന് ആധിപത്യമുറപ്പിച്ച മറ്റൊരു മാധ്യമ സാഹസികനാണ് സി.വി.കുഞ്ഞുരാമൻ.

1914ൽ ജി.രാമൻമേനോന്റെ പത്രാധിപത്യത്തിൽ അധ്യാപകരക്ഷാകർത്താക്കൾക്ക് മാർഗദർശനമേകുന്ന 'അദ്ധ്യാപകൻ' എന്ന പ്രസിദ്ധീകരണം ആരംഭിച്ചു. ആർ.ഈശ്വരപിള്ള, എം.രാമവർമ തമ്പുരാൻ, സി.ഐ.ഗോപാലപിള്ള, മഹാകവി ഉള്ളൂർ തുടങ്ങിയവർ

അധ്യാപകനിലെ എഴുത്തുകാരായിരുന്നു. 1918ൽ തിരുവനന്തപുരത്ത് നിന്നും കുന്നത്ത് ജനാർദ്ദനൻ മോനോൻ ആദ്യ പത്രാധിപരായി 'സമദർശി' വാരിക പ്രസിദ്ധീകരിച്ചു. 1925 കാലഘട്ടത്തിൽ റീജന്റ് സേതു ലക്ഷ്മീബായിയാണ് രാജ്യം ഭരിച്ചിരുന്നത്. അന്നത്തെ ദിവാനായിരുന്ന എം.ഇ.വാർട്ട്സ് പത്രങ്ങൾക്കു കടിഞ്ഞാൺ ഇടുന്നതിന് പ്രസ് റെഗുലേഷൻ കൊണ്ടുവന്നു. തിരുവിതാംകൂർ പ്രദേശത്തെ ആദ്യപത്രം 1848 നവംബറിൽ പ്രസിദ്ധീകരണമാരംഭിച്ച 'ജ്ഞാനനിക്ഷേപമാണ്'. ജോൺ ഹോക്സ് വർത്ത് എന്ന മിഷനറിയാണ് പത്രാധിപർ. സാഹിത്യത്തിനു പ്രാധാന്യം നൽകുന്ന മാസിക എന്ന നിലയ്ക്കു 1881ൽ 'വിദ്യവിലാസിനി' പ്രകാശിതമായത്. വിശാഖം തിരുനാൾ, കേരളവർമ വലിയ കോയിത്തമ്പുരാൻ, സർവ്വാധികാര്യക്കാർ പി.ഗോവിന്ദപ്പിള്ള എന്നിവരായിരുന്നു വിദ്യാവിലാസിനിയുടെ അണിയറ ശില്പികൾ. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ 'ശാകുന്തളം പരിഭാഷ' ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചത് വിദ്യാവിലാസിനിയാണ്.

ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള സ്വാതന്ത്യസമരത്തിന്റെ ഭാഗമായി നിരവധി പത്രങ്ങൾ മലയാളത്തിൽ ആരംഭിച്ചു. സ്വരാജ്, മാതൃഭൂമി, അൽ അമീൻ, മലയാള രാജ്യം, ഗോമതി, ദീനബന്ധു, ദേശാഭിമാനി തുടങ്ങിയ പത്രങ്ങളുടെ ആവിർഭാവം സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടതാണ്. കേരളത്തിലെ സ്വാതന്ത്ര്യസമരപ്രവർത്തനത്തിന് 1923 ൽ ആരംഭിച്ച മാതൃഭൂമി മഹത്തായ പ്രചോദനം നല്കി. കമ്യൂണിസ്റ്റ് പ്രസ്ഥാനവും ഇന്ത്യൻ നാഷണൽ കോൺഗ്രസും മലയാള പത്രപ്രവർത്തനത്തിന്റെ വളർച്ചയിൽ വലിയ പങ്കു വഹിച്ചു. ആഴ്ചപ്പത്രങ്ങളായും മാസികകളായും ആരംഭിച്ച മലയാള പത്രങ്ങളിൽ പലതും അകാലത്തിൽ അവസാനിച്ചു. കുറച്ചു പത്രങ്ങൾക്കു മാത്രമേ ദിനപത്രങ്ങളായി മാറാൻ കഴിഞ്ഞുള്ളൂ. മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, ചന്ദ്രിക, ദേശാഭിമാനി, ദീപിക എന്നിവ മാത്രമാണ് പ്രതിസന്ധികൾ തരണം ചെയ്ത് മുന്നേറി ഇന്നും പ്രസിദ്ധീകരിക്കുന്ന ആദ്യകാല പത്രങ്ങൾ. മാധ്യമം, മംഗളം എന്നീ പത്രങ്ങൾ 1980 കളിൽ ആരംഭിച്ചവയാണ്.

**കേരളകൗമുദി**

സാമൂഹികപരിഷ്ക്കർത്താവും ഗ്രന്ഥകാരനും സ്വാതന്ത്ര്യസമര സേനാനിയുമായ സി.വി.കുഞ്ഞുരാമൻ 1918ൽ മയ്യനാട്ടു നിന്നും വാരികയായി ആരംഭിച്ചതാണ് കേരളകൗമുദി. 1940 ൽ ദിനപത്രമായ കേരളകൗമുദിയുടെ മാനേജിംഗ് എഡിറ്റർ കെ.സുകുമാരൻ ആയിരുന്നു. എം.എസ്. മണിയാണ് കേരളകൗമുദിയെ പുരോഗതിയിലേക്കു നയിക്കുകയും, പുതിയ പതിപ്പുകൾ ആരംഭിക്കുകയും, നിരവധി പുതിയ പ്രസിദ്ധീകരണങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തത്. കലാകൗമുദി, വിമൻസ് മാഗസിൻ, ഫിലിം മാഗസിൻ, കഥാമാഗസിൻ തുടങ്ങിയവയാണ് മറ്റു പ്രസിദ്ധീകരണങ്ങൾ.

**മാതൃഭൂമി**

കോഴിക്കോട്ടു നിന്നും 1923 ൽ മാതൃഭൂമിയുടെ ആദ്യത്തെ പതിപ്പ് പുറത്തു വന്നു. ത്രൈ വാരികയായിട്ടാണ് മാതൃഭൂമി പ്രസിദ്ധീകരണം ആരംഭിച്ചത്. കെ.പി.കേശവമേനോൻ ആയിരുന്നു ആദ്യത്തെ പത്രാധിപർ. ദിവാന്റെ സ്വേച്ഛാ ഭരണത്തെ വിമർശിച്ചതിന് 'മാതൃഭൂമി' തിരുവിതാംകൂറിൽ കടത്തുന്നതിന് ദിവാൻ സർ സി.പി.രാമസ്വാമി അയ്യർ നിരോധനം ഏർപ്പെടുത്തി. 1962ൽ മാതൃഭൂമി കൊച്ചി എഡിഷൻ ആരംഭിച്ചു. ഒരേ സമയം രണ്ട് എഡിഷൻ എന്ന ഖ്യാതിയും റോട്ടറി പ്രസ്സിൽ ആദ്യം അച്ചടിച്ച പത്രം എന്ന ബഹുമതിയും മാതൃഭൂമി അർഹിക്കുന്നു. 1930 ലാണ് മാതൃഭൂമി ദിനപത്രമായത്. ഗൃഹലക്ഷ്മി, ചിത്രഭൂമി, സ്പോർട്സ് മാസിക, വിദ്യാരംഗം, സക്സസ് ലൈൻ (ഇംഗ്ലീഷ്), തൊഴിൽ വാർത്ത എന്നിവയാണ് മറ്റു പ്രസിദ്ധീകരണങ്ങൾ. പൊതുജനങ്ങളുടെ ഓഹരി പങ്കാളിത്തത്തോടെ പബ്ലിക്ക് ലിമിറ്റഡ് കമ്പനിയായാണ് മാതൃഭുമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി പ്രവർത്തിക്കുന്നത്.

മലയാള മനോരമ

കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ 1890 ൽ കോട്ടയത്തു നിന്ന് വാരികയായിട്ടാണ് മലയാള മനോരമ പ്രസിദ്ധീകൃതമായത്. 1928 ൽ മനോരമ ദിനപത്രമായി. സർ സി പി യുടെ സ്വേച്ഛാധിപത്യത്തിനെതിരെ മുഖപ്രസംഗം പ്രസിദ്ധീകരിച്ചതിന് സി പി മനോരമ കണ്ടുകെട്ടുകയും പത്രാധിപരെ ജയിലിലടക്കുകയും ചെയ്തു. ഭാഷാ പോഷിണി, ദി വീക്ക്, ബാലരമ, വനിത, കർഷക ശ്രീ എന്നിവയാണ് മറ്റു പ്രസിദ്ധീകരണങ്ങൾ.

ദേശാഭിമാനി

കേരളത്തിലെ ജന്മിത്തത്തിനും ചൂഷണത്തിനും എതിരെ സധൈര്യം പ്രവർത്തിച്ച പാരമ്പര്യമുള്ള ദേശാഭിമാനി കോഴിക്കോട് നിന്നാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. ഇ.എം.എസ്സും, ഇ.കെ.നായനാരും, വി.എസ്.അച്യുതാനന്ദനും, വി.റ്റി.ഇന്ദുചൂഡനും, പി.ഗോവിന്ദപിള്ളയും മുഖ്യപത്രാധിപർ എന്ന നിലയിൽ ദേശാഭിമാനിയിൽ പ്രവർത്തിച്ചിട്ടുണ്ട്. അടിയന്തിരാവസ്ഥക്കാലത്ത് ഒട്ടേറെ പ്രതിസന്ധികൾ അതിജീവിച്ച ദേശാഭിമാനിയുടെ ദേശാഭിമാനി വാരിക കലാസാഹിത്യസാംസ്കാരിക പ്രസിദ്ധീകരണമെന്ന നിലയിൽ ഉയർന്ന നിലവാരം പുലർത്തുന്നു.

**ദീപിക**

തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏറ്റവും വലിയ സായാഹ്ന ദിനപത്രമാണ് രാഷ്ട്രദീപിക. 1887 ൽ നസ്രാണി ജാതൈ്യക്യ സംഘത്തിന്റെ നേതൃത്വത്തിൽ 'നസ്രാണി ദീപിക' എന്ന പേരിൽ കോട്ടയത്തു നിന്നും പ്രസിദ്ധീകരണം ആരംഭിച്ചു. 1927ൽ ദീപിക എന്ന പേർ സ്വീകരിച്ചു. ഒരു നൂറ്റാണ്ടു കാലത്തോളം സി.എം.ഐ (കത്തോലിക്ക സന്യാസസമൂഹം) ആയിരുന്നു ദീപികയുടെ നടത്തിപ്പുകാർ. 1989ൽ രാഷ്ട്ര ദീപിക എന്ന പബ്ളിക് ലിമിറ്റഡ് കമ്പനി ദീപികയുടെ ഭരണം ഏറ്റെടുത്തു. കുട്ടികളുടെ ദീപിക, കർഷകൻ, രാഷ്ട്രദീപിക ആഴ്ചപതിപ്പ്, രാഷ്ട്രദീപിക, സിനിമ, സ്ത്രീധനം, ബിസിനസ് ദീപിക ഇന്റർനാഷണൽ എന്നിവയാണ് മറ്റു പ്രസിദ്ധീകരണങ്ങൾ.

**മാധ്യമം**

പിന്നോക്ക ന്യൂനപക്ഷ ദുർബല വിഭാഗങ്ങളുടെ അവകാശസമരങ്ങൾക്കു മുൻതൂക്കം നൽകുന്ന മാധ്യമം ദിനപത്രം 1987 ജൂൺ 1ന് കോഴിക്കോട് നിന്ന് പ്രസിദ്ധീകരണം ആരംഭിച്ചു. രണ്ടാമത്തെ എഡിഷൻ കൊച്ചിയിൽ നിന്ന് 1993 ജൂലൈയിൽ തുടക്കം കുറിച്ചു. 1996 ഏപ്രിൽ 15 മുതൽ തിരുവനന്തപുരത്ത് നിന്ന് മൂന്നാമത്തെ എഡിഷൻ ആരംഭിച്ചു. കോഴിക്കോട് ഐഡിയൽ പബ്ലിക്കേഷൻ ട്രസ്റ്റാണ് പത്രത്തിന്റെ ഉടമസ്ഥർ. പി കെ ബാലകൃഷ്ണൻ, സി രാധാകൃഷ്ണൻ, കെ എ കൊടുങ്ങല്ലൂർ എന്നിവർ മാധ്യമത്തിൽ പത്രാധിപന്മാരായിരുന്നു.

## മിഷണറിമാരുടെ സംഭാവനകൾ

കേരളത്തിലെ വ്യത്യസ്ത ക്രൈസ്തവ വിഭാഗങ്ങളെ കൂട്ടിയിണക്കുന്നതിനും മറ്റു മതസ്ഥരിൽ ക്രിസ്തീയ വിശ്വാസവും അറിവും പകരുന്നതിനും വിവരവിനിമയം അനിവാര്യമാണെന്ന ക്രിസ്ത്യൻ പാതിരിമാർക്ക് അറിയാമായിരുന്നു. അതിനായി അവർ അച്ചടിശാലകളും പത്രപ്രസിദ്ധീകരണങ്ങളും മാത്രമല്ല ഭാഷയുടെ പ്രചാരണത്തിനായി നിഘണ്ടുക്കളും വ്യാകരണവും അതു പഠിപ്പിക്കാനുള്ള പാഠശാലകളും ഉണ്ടാകി. മലയാളത്തിലെ ആദ്യ മൂന്നു പത്രങ്ങളും ക്രിസ്തുമത പ്രചാരണകാര്യങ്ങൾ വിശദമാക്കുന്നവയായിരുന്നു. ഇന്നും കോട്ടയം സി എം എസ് സഭയുടെ മുഖപത്രം ജ്ഞാനനിക്ഷേപം ആണ്.

## സാഹിത്യവും മലയാള മാധ്യമചരിത്രവും

19-ാം ശതകത്തിന്റെ ഉത്തരാർധത്തിൽ മലയാളത്തിൽ മാസികകളും വാരികകളും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളുമായി 50-ലേറെയുണ്ടായിരുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ പലതിനും സ്വന്തമായി മുദ്രണാലയങ്ങളുമുണ്ടായിരുന്നു. ഭാഷാപോഷിണി, വിദ്യാവിലാസിനി, വിദ്യാവിനോദിനി, വിജ്ഞാനവർദ്ധിനി, രസികരഞ്ജിനി, ഭാഷാവിലാസം തുടങ്ങിയ പേരുകളിൽ നിന്നുതന്നെ ഇവ സമൂഹത്തിന് നൽകാനുദ്ദേശിച്ച സേവനങ്ങളുടെ സ്വഭാവം വ്യക്തമാണ്. 19-ാം ശതകത്തിന്റെ അവസാനത്തിൽ കൊല്ലം പട്ടണത്തിൽ എസ്.റ്റി. റെഡ്യാർ എന്ന വ്യവസായിയാണ് കിളിപ്പാട്ട്, തുള്ളൽക്കഥ, ആട്ടക്കഥ, മണിപ്രവാള കൃതികൾ തുടങ്ങിയ പ്രാചീന മലയാള സാഹിത്യസമ്പത്തുകളെ അച്ചടിച്ച് പ്രചരിപ്പിക്കാൻ സ്വന്തം പേരിൽ അച്ചുകൂടം സ്ഥാപിച്ചത്. റെഡ്യാരെപ്പോലെ, മലയാളം മാതൃഭാഷയല്ലാത്ത ദേവ്ജി ഭീമ്ജി തുടങ്ങിയ വരും കേരളത്തിലെ മുദ്രണകലയുടെയും അതുവഴി മലയാള പ്രസിദ്ധീകരണങ്ങളുടെയും വികാസത്തിന് സംഭാവനകൾ നല്കിയിട്ടുണ്ട്.

മലയാള ഭാഷയുടെയും ഗദ്യത്തിന്റെയും ചരിത്രത്തിന് പത്രങ്ങൾ വലിയ സംഭാവനകൾ നൽകി. അതുവരെ പദ്യത്തെയായിരുന്നു സാഹിത്യമായി മലയാളം അംഗീകരിച്ചിരുന്നത്. പത്ര ങ്ങൾ പുതിയൊരു ഗദ്യഭാഷ മലയാളത്തിന് നൽകി. ഉത്തമ ഗദ്യത്തിന്റെ മാതൃക എന്ന് ഉള്ളൂർ വിശേഷിപ്പിച്ച പുല്ലേരിക്കുഞ്ചു എന്ന ആദ്യകാല നോവൽ പ്രസിദ്ധപ്പെടുത്തിയത് ജ്ഞാനനി ക്ഷേപം മാസികയായിരുന്നു. ഒട്ടേറെ വിവർത്തനങ്ങളും ഈ പത്രങ്ങളിലൂടെ മലയാളത്തിൽ വായി ക്കപ്പെട്ടു. ഇത് പുതിയ സാഹിത്യരൂപങ്ങൾ മനസ്സിലാക്കുന്നതിനും ലോകസാഹിത്യത്തെ പരിചയ പ്പെടുന്നതിനും മലയാളികളെ സഹായിച്ചു.

ആധുനിക കേരളത്തിന്റെ സാമൂഹികസാംസ്കാരിക രൂപീകരണത്തിൽ നിർണായകമായ പങ്കാണ് മലയാള പത്രപ്രവർത്തനം വഹിച്ചിട്ടുള്ളത്. മലയാളഭാഷയുടെ വികാസം, അച്ചടിയുടെ വികാസം, വിദ്യാഭ്യാസത്തിന്റെ വികാസം, പൗരാവകാശബോധം വളർത്തൽ തുടങ്ങിയവയ്ക്ക് പത്രപ്രവർത്തകർ നേതൃത്വം നൽകി. ദേശീയ സ്വാതന്ത്ര്യസമരത്തിനും ജാതി വ്യവസ്ഥക്കെതിരെയുള്ള പോരാട്ടത്തിലും രാഷ്ട്രീയ സ്വയംഭരണ സമരങ്ങളിലും പത്രങ്ങൾ നല്കിയ പിന്തുണ വലുതാണ്. പാശ്ചാത്യ മിഷനറിമാർ മത പ്രചാരണത്തിന്റെ ഭാഗമായി ആരംഭിച്ച മാസികകളെയാണ് മലയാളത്തിലെ ആദ്യത്തെ പത്രങ്ങളായി പരിഗണിക്കുന്നത്. രാജ്യസമാചാരം, പശ്ചിമോദയം എന്നിവ ഉദാഹരണം. മതപ്രചാരണത്തോടൊപ്പം വിജ്ഞാന പ്രചാരണവും ജ്ഞാന നിക്ഷേപം ലക്ഷ്യമാക്കി.

1881 ലാണ് ആദ്യ സാഹിത്യമാസികയായ വിദ്യാവിലാസിനി പ്രസിദ്ധീകരിക്കുന്നത്. മലയാള ത്തിലെ ആദ്യ ഭാഷാചരിത്രമായ പി ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രം ഇതിൽ ആദ്യലക്കം മുതൽ പ്രസിദ്ധീകരിച്ചിരുന്നു. 1892 ൽ കണ്ടത്തിൽ വർഗീസ് മാപ്പിള ആരംഭിച്ച ഭാഷാപോഷിണി, 1894 ൽ കടത്തനാട്ട് ഉദയവർമത്തമ്പുരാൻ സ്ഥാപിച്ച കവനോദയം, 1899 ൽ സി അച്യുതമേനോന്റെ നേതൃ ത്വത്തിൽ ആരംഭിച്ച വിദ്യാവിനോദിനി രാമവർമ അപ്പൻ തമ്പുരാന്റെ രസിക രഞ്ജിനി (1902) യും മലയാള സാഹിത്യത്തിന്റെ വികാസത്തിന് അനൽപമായ സംഭാവനകൾ നൽകി. മലയാളത്തിൻ സുഘടിതവും സുന്ദരവുമായ ഗദ്യഭാഷ രൂപംകൊള്ളുന്നത് പത്രങ്ങളുടെ പ്രചാരണത്തോടെയാണ്. കഥ, നോവൽ, ഉപന്യാസം, ഹാസ്യ കൃതികൾ എന്നിവയൊക്കെയും പ്രസിദ്ധീകരിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും പത്രങ്ങൾ ശ്രദ്ധചെലുത്തി. ഇത് മലയാള സാഹിത്യത്തിന്റെ വികാസത്തിന് വഴിയൊരുക്കി.1904 ൽ മഹാകവി കുമാരനാശാന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ വിവേകോ ദയം, അതേവർഷം പന്തളം കേരളവർമ ആരംഭിച്ച കവനകൗമുദി എന്നിവ കാവ്യപ്രസ്ഥാനത്തിനെ

യാണ് പ്രോത്സാഹിപ്പിച്ചത്. അന്നത്തെ പ്രധാന കവികളുടെ കവിതകളിൽ പലതും പുറത്തുവന്നത് ഇത്തരം പത്രങ്ങളിലൂടെയാണ്. പരസ്യവും വാർത്തയും മുഖപ്രസംഗവും എല്ലാം പദ്യത്തിൽ അവതരിപ്പിച്ച പത്രം 1905ൽ തിരുവനന്തപുരത്തുണ്ടായിരുന്നുകവനകൗമുദി. കുമാരനാശാന്റെ വീണപൂവ് 1907 ൽ പ്രസിദ്ധപ്പെടുത്തിയ തലശ്ശേരിയിലെ മിതവാദിയുടെ ഉടമ സാധാരണകച്ചവടക്കാരനായ ശങ്കരനായിരുന്നു.

മലയാളത്തെ സ്വതന്ത്രഭാഷയായി വളർത്തിയെടുത്തത് പത്രങ്ങളാണ്. മലയാളഗദ്യം പത്രങ്ങളിലൂടെയാണ് വികസിച്ചുവന്നത്. പുതിയ വാക്കുകളും പ്രയോഗങ്ങളും ശൈലികളും മാത്രമല്ല വ്യാകരണനിയമങ്ങൾ തന്നെ ഭാഷയിൽ മാറ്റിയെഴുതാൻ പത്രപ്രസാധനം നിമിത്തമായി. മനോരമ സ്ഥാപകനായ കണ്ടത്തിൽ വറുഗീസ് മാപ്പിളയാണ് മലയാളം എഴുത്തിൽ സംവൃതോകാരം സംഭാവനചെയ്തത്. മതേതരവും ജനകീയവുമായ മലയാളത്തിന്റെ സൃഷ്ടി എന്ന സുപ്രധാനമായ ധർമമാണ് പത്രങ്ങൾ നിർവഹിച്ചത്. പ്രാദേശികശൈലികളുടെ ഏകീകരണവും പത്രങ്ങളിലൂടെ ഇക്കാലത്തുണ്ടായി. സാങ്കേതികപദനിർമിതി എന്ന ദൗത്യം ഇന്നും പത്രങ്ങൾ തുടരുന്നു.

## കേരള നവോത്ഥാനവും പത്രപ്രവർത്തനവും

കേരളത്തിലെ മാധ്യമവികാസത്തെ സൂക്ഷ്മമായി നിരീക്ഷിച്ച റോബിൻ ജഫ്റി സാക്ഷരതയും രാഷ്ട്രീയവല്ക്കരണവും ചേർന്നാണ് കേരളത്തിൽ പത്രവായനക്കും പത്രപ്രവർത്തനത്തിനും മറ്റൊരിടത്തുമില്ലാത്ത നിലയുണ്ടാക്കിയതെന്നായിരുന്നു അഭിപ്രായപ്പെട്ടത്. ആയിരം പേർക്ക് നാൽപ്പത് പത്രം എന്ന നില ഇന്ത്യ നേടിയത് രണ്ടായിരാമാണ്ടോടെയാണ്. എന്നാൽ ഈ നില അതിലും നാൽപ്പത് വർഷം മുമ്പ് കേരളം നേടിയിട്ടുണ്ട്. രാജ്യസമാചാരം തൊട്ട് മലയാളപത്രപ്രവർത്തനചരിത്രം ആരംഭിക്കുന്നുണ്ടെങ്കിലും സാമാന്യജനങ്ങളിലേക്ക് പത്രങ്ങൾ എത്തിത്തുടങ്ങിയ കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ് കേരളത്തിന്റെ സാമൂഹികഗതിയിൽ പത്രങ്ങൾ നിർണായക സ്വാധീനം ചെലുത്താൻ തുടങ്ങിയതെന്നു കാണാം.

കേരളത്തിൽ കേരളീയർ രജിസ്റ്റർചെയ്ത് പ്രവർത്തനമാരംഭിക്കുന്ന ആദ്യകമ്പനി മനോരമ ആയിരുന്നു. റബ്ബർ കൃഷി ആരംഭിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും മനോരമ വഹിച്ച പങ്ക് കേരളസമ്പദ് വ്യവസ്ഥയിൽ ചെലുത്തിയ സ്വാധീനത്തെ ആർക്കും വില കുറച്ചുകാണാനാവില്ല. ട്രാവൻകൂർ നാഷണൽ ബാങ്കും ഗാർഡിയൻ ഇൻഷുറൻസ് കമ്പനിയും മദ്രാസ് റബ്ബർ ഫാക്റ്ററിയും സ്ഥാപിച്ചത് ഇതേ കുടുംബം തന്നെയായിരുന്നു. മനോരമയുടെ ആദ്യലക്കത്തിലെ മുഖപ്രസംഗം പുലയരുടെ വിദ്യാഭ്യാസത്തെ കുറിച്ചായിരുന്നു. കേരളത്തിലെ രാഷ്ട്രീയവും സാമൂഹ്യവുമായ പുരോഗമന പ്രസ്ഥാനങ്ങളുടെ മുൻപന്തിയിൽ എന്നും മലയാള പത്രങ്ങളുമുണ്ടായിരുന്നു. 1891 ലെ മലയാളി മെമ്മോറിയൽ, 1896ലെ ഈഴവ മെമ്മോറിയൽ എന്നീ സാമുദായിക മുന്നേറ്റങ്ങളുടെ പ്രേരകരും പ്രചാരകരുമായി പത്രങ്ങളുമുണ്ടായിരുന്നു. 1924ൽ ക്ഷേത്രപ്രവേശത്തിന് വേണ്ടി നടന്ന വൈക്കം സത്യാഗ്രഹത്തിലും പത്രങ്ങൾ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. അവർണരജാതിക്കാർക്കും ക്ഷേത്രപ്രവേശനം നൽകണമെന്നാവശ്യപ്പെടുന്ന പ്രമേയം ശ്രീമൂലം അസംബ്ലിയിൽ അവതരിപ്പിച്ചത് മാമ്മൻ മാപ്പിളയായിരുന്നു. 1933 ലെ നിവർത്തനപ്രക്ഷോഭം വരെയുള്ള ദേശീയ സാമൂഹിക പ്രസ്ഥാനങ്ങളിൽ അന്നത്തെ പത്രങ്ങൾ നിർണായക പങ്കുവഹിച്ചിട്ടുണ്ടെന്നത് തർക്കമറ്റതാണ്.

ഐക്യകേരളം എന്ന ആശയത്തിന് മാതൃഭൂമിയും സ്ഥാപകപത്രാധിപർ കെ.പി.കേശവമേനോനും പ്രചാരണം നൽകിയിട്ടുണ്ട്. 1923 ൽ സ്ഥാപിതമായ മാതൃഭൂമിയുടെ ആദ്യമുഖപ്രസംഗത്തിൽ തന്നെ മലയാളികൾക്ക് ഒരൊറ്റ സംസ്ഥാനമെന്ന സ്വപ്നത്തിന് വേണ്ടി

മാതൃഭൂമി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞയെടുക്കുന്നുണ്ട്. എണ്ണമറ്റ പ്രസിദ്ധീകരണങ്ങൾ കേരളത്തിന്റെ ഭാഷയും ചരിത്രവും രാഷ്ട്രീയവും വിദ്യാഭ്യാസവുമെല്ലാം രൂപപ്പെടുത്തുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. പത്രപ്രവർത്തനവും പത്രസ്വാതന്ത്ര്യവും സംബന്ധിച്ച പുതിയ പാഠങ്ങൾ എഴുതിവെച്ച സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയും കേസരി ബാലകൃഷ്ണപ്പിള്ളയും കേരളനവോത്ഥാനത്തിന് അമൂല്യമായ സംഭാവനകൾ ചെയ്തിട്ടുണ്ട്. സ്വദേശാഭിമാനി പത്രത്തിന്റെ ഉടമ വക്കം അബ്ദുൽ ഖാദർ മൗലവി ആയിരുന്നു.

## പത്രപ്രവർത്തനത്തിലെ പ്രവണതകളും പരീക്ഷണങ്ങളും
## ടി ജെ എസ് ജോർജ്

കേരളീയനായ എഴുത്തുകാരനും പത്രപ്രവർത്തകനും ജീവചരിത്രകാരനുമാണ് ടി. ജെ. എസ്. ജോർജ് എന്നറിയപ്പെടുന്ന തയ്യിൽ ജേക്കബ് സണ്ണി ജോർജ്. ഇപ്പോൾ ബാംഗ്ലൂരിൽ താമസിക്കുന്ന ജോർജ്, *ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സി*ന്റെ പത്രാധിപസമിതി ഉപദേശകനാണ്. 2010 ൽ ഭാരത സർക്കാറിന്റെ പത്മഭൂഷൺ അവാർഡിനർഹനായി. രാഷ്ട്രീയ കോളമിസ്റ്റ്, ജീവചരിത്രകാരൻ എന്നീ നിലകളിൽ പല ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. ടി.ജെ.എസ്. തന്റെ പത്രപ്രവർത്തന ജീവിതം ആരംഭിക്കുന്നത് 1950 ൽ ബോംബെയിലെ ഫ്രീ പ്രസ്സ് ജേർണലിലാണ്. പിന്നീട് ഇന്റർനാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ട്, ദി സെർച്ച്ലൈറ്റ്, ഫാർ ഈസ്റ്റേൺ എകണോമിക് റിവ്യൂ എന്നിവയിൽ ജോലി ചെയ്തു. ഹോംങ്കോങ്ങിൽ നിന്നുള്ള *ഏഷ്യാവീക്കി*ന്റെ സ്ഥാപക പത്രാധിപരാണ്. ഇന്ത്യൻ എക്സ്പ്രസ്സിലെ സ്ഥിരം പംക്തിയിലൂടെ അഴിമതി, സാമൂഹിക അനീതി, രാഷ്ട്രീയ അരാജകത്വം എന്നിവക്കെതിരെയുള്ള അദ്ദേഹത്തിന്റെ പ്രതികരണങ്ങൾ ദേശീയശ്രദ്ധ നേടി. പ്രധാന കൃതികൾ : കൃഷ്ണമേനോൻ (1964) ലീ ക്വാൻ യെവ്(1973) ദി ലൈഫ് ആൻഡ് ടൈംസ് ഓഫ് നർഗീസ്, ദി എൻക്വയർ ഡിക്ഷ്ണറി: ഐഡിയാസ്,ഇഷ്യൂസ്,ഇനൊവേഷൻസ്(1998), റിവോൾട്ട് ഇൻ മിൻഡാനോ: ദി റൈസ് ഓഫ് ഇസ്ലാം ഇൻ ഫിലിപ്പൈൻസ് പൊളിറ്റിക്സ് (1980) എം.എസ്.എ ലൈഫ് ഇൻ മ്യൂസിക് (2004). ഘോഷയാത്ര (ആത്മകഥ), ഒറ്റയാൻ (ലേഖന സമാഹാരം) ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിൽ ആഴ്ചയിൽ എഴുതിവന്ന 'പോയന്റ് ഓഫ് വ്യൂ' എന്ന കുറിപ്പുകളുടെ ശേഖരണമാണ് 'ഫസ്റ്റ് റിസൊർട്ട് ഓഫ് സ്കൗണ്ടറൽസ്.

പ്രൊഫ. പന്മന രാമചന്ദ്രൻ നായർ എഡിറ്റു ചെയ്ത മാധ്യമപഠനങ്ങൾ എന്ന ഗ്രന്ഥത്തിൽ ഒന്നാമതായി ചേർത്ത ലേഖനമാണ് *പത്രപ്രവർത്തനത്തിലെ പ്രവണതകളും പരീക്ഷണങ്ങളും*. ജനാധിപത്യ സംവിധാനത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത്. ഇന്ത്യൻ പത്രപ്രവർത്തന ചരിത്രത്തിലും ഇത്തരം മാറ്റങ്ങൾ സമാന്തരമായി നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ കലങ്ങിത്തെളിയാത്തതും നിരന്തരം പരിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒന്നാണ് ഇന്ത്യൻ പത്രപ്രവർത്തനരംഗം. പത്രപ്രവർത്തനവും രാജ്യത്തിന്റെ രാഷ്ട്രീയ സാമ്പത്തിക സംവിധാനവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, മൻമോഹൻ സിംഗ് എന്നീ ഭരണാധികാരികളുടെയും ദേശീയ നേതാക്കളുടെ കാലങ്ങളേരോന്നും സാമ്പത്തികവും രാഷ്ട്രീയവുമായ മാറ്റത്തിന്റെ ഘട്ടങ്ങളായിരുന്നു. സമാന്തരമായി, വിരുദ്ധ താൽപര്യങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്ന മേഖലയായി പത്രപ്രവർത്തനരംഗവും മാറി.

സ്വാതന്ത്ര്യത്തിനു മുമ്പേ ബ്രിട്ടീഷ് അധികാരികൾ ഇന്ത്യൻ പത്രപ്രവർത്തനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. എങ്കിലും സാമുദായികമായ പരിഷ്കരണപ്രവർത്തനങ്ങൾക്ക് ബ്രിട്ടീഷുകാർ നല്ല സ്വാതന്ത്ര്യം നൽകുകയും പരിഷ്കരണവാദിയായ പത്രപ്രവർത്തകരിൽ സി വൈ ചിന്താമണിയെപ്പോലുള്ളവരെ അംഗീകരിക്കാൻ തയ്യാറാവുകയും ചെയ്തു. ഗാന്ധിജി

രാഷ്ട്രീയവും പത്രപ്രവർത്തനവും ഒന്നാണെന്ന ബോധം സൃഷ്ടിച്ചു. മുൻനിര സ്വാതന്ത്ര്യസമര സേനാനികളെല്ലാം പത്രക്കാരോ പത്രമേധാവികളോ ആയിരുന്നു. എന്നാൽ സ്വാതന്ത്ര്യത്തോടെ പത്രപ്രവർത്തനം അധികാര കേന്ദ്രങ്ങളുടെ ഭാഗമായി മാറി. ഗവർമെന്റിന്റെ സഹായം പത്രങ്ങളുടെ നിലനിൽപിന് അനിവാര്യമായിരുന്നു. പത്രങ്ങൾ വ്യവസായമായി മാറിയപ്പോൾ മാനേജ്മെന്റും പത്രപ്രവർത്തകരും തമ്മിലുള്ള സംഘർഷം പതിവായി. ധാരാളം പണം പത്രപ്രവർത്തനമേഖല യിൽ നിക്ഷേപിക്കപ്പെട്ടു. പത്രപ്രവർത്തകരുടെ സാമൂഹിക ബോധത്തിൽ വെള്ളംചേർക്കാൻ ഇതു കാരണമായി. പത്രപ്രവർത്തകരുടെ ട്രേഡ് യൂണിയൻ അവരുടെ അർഹമായ അവകാശങ്ങൾ നേടിയെടുക്കാൻ സഹായകമായെങ്കിലും മറ്റൊരു അധികാരശക്തിയായി ട്രേഡ് യൂണിയനുകൾ മാറി. പേരുകേട്ട പല പത്രപ്രവർത്തകരുടെയും സ്വാർഥത പത്രപ്രവർത്തന മേഖലയെത്തന്നെ സംശയത്തിന്റെ നിഴലിൽ നിറുത്തി. ഉന്നത നിലവാരം പുലർത്തിയിരുന്ന ഇലസ്ട്രേറ്റഡ് വീക്കിലി ഒരു പത്രാധിപരുടെ വരവോടെ പൈങ്കിളിപ്രസിദ്ധീകരണമായി മാറിയത് ആ രംഗത്ത് നില നിൽക്കുന്ന വർധിച്ച അനിശ്ചിതത്വങ്ങൾക്ക് ഉദാഹരണമാണ്. ഒടുവിൽ ആ പത്രത്തിന്റെ പ്രസാധ നംതന്നെ അവസാനിപ്പിക്കേണ്ടി വന്നു. ഇന്ത്യൻ എക്സ്പ്രസ്സിൽ പുതുതായി വന്ന ഒരു പത്രാധിപർ അതിന്റെ രാഷ്ട്രീയ നിലപാട് ആകെ മാറ്റിയത് മറ്റൊരു ഉദാഹരണമാണ്. ഒടുവിൽ ഉടമയായ രാംനാഥ് ഗോയങ്കക്ക് ആ പത്രാധിപരെ പിരിച്ചുവിടേണ്ടി വന്നു.

വിശ്വാസങ്ങളും സ്വാതന്ത്ര്യങ്ങളും ശിഥിലമാകാൻ തുടങ്ങിയത് അടിയന്തിരാവസ്ഥക്കാല ത്താണ്. രണ്ടുകൊല്ലം നീണ്ടുനിന്ന സ്വേച്ഛാധിപത്യം നമ്മുടെ ദേശീയതകളെ ഇല്ലാതാക്കി. അതോടെ ദേശീയതയോടുള്ള അവിശ്വാസവും നിന്ദയും സ്വാർഥമോഹങ്ങളും ജനങ്ങൾക്കിടയിൽ വ്യാപിച്ചു. രാഷ്ട്രീയരംഗം കേവലനേട്ടങ്ങൾക്കു മാത്രമുള്ള വേദിയായി. പത്രപ്രവർത്തകർ ഇന്ദിരാ ഗാന്ധിയുടെ കമ്മിറ്റഡ് ജേർണലിസം എന്ന മുദ്രാവാക്യത്തിന് വഴങ്ങി. ഒരു യു പി മുഖ്യമന്ത്രി പത്രപ്രവർത്തകർക്ക് മാസപ്പടി കൊടുത്തത് കണക്കുകൾ സഹിതം പുറത്തുവന്നു. പത്രപ്രവർത്ത കർ രാഷ്ട്രീയ അഴിമതിയും പങ്കുകാരും പിന്തുണക്കാരും ആയി മാറി. രാംനാഥ് ഗോയങ്കെ ഒരി ക്കൽ ഇങ്ങനെ പറഞ്ഞു: പണ്ട് പത്രക്കാർ മിഷണറിമാരായിരുന്നു, ഇന്ന് അവർ മെർസിനറി(കൂലി പ്പട്ടാളക്കാർ)മാരാണ്. അടിന്തിരാവസ്ഥയ്ക്കു ശേഷമുണ്ടായ രണ്ടു കാര്യങ്ങൾ പത്രപ്രവർത്തനരം ഗത്ത് വീണ്ടും ചലനങ്ങൾ സൃഷ്ടിച്ചു. ആഗോളവൽക്കരണമാണ് അതിൽ ഒന്നാമത്തേത്. ലോകം മുഴുവൻ ഒരു വിപണിയായി മാറിയപ്പോൾ പ്രധാനമന്ത്രി മൻമോഹൻസിംഗ് അടക്കമുള്ള രാഷ്ട്രീയ നേതാക്കൾ പോലും പത്രമാധ്യമങ്ങൾ ബി ബി സിയെയും സി എൻ എനിനെയും അനുകരിക്കണമെന്ന സന്ദേശമാണ് ജേർണലിസ്റ്റുകൾക്ക് നൽകിയത്. നോം ചോസ്കിയെപ്പോ ലുള്ള പണ്ഡിതർ ആഗോളവൽക്കരണത്തിന്റെ മുന്നേറ്റം പരസ്യങ്ങളുണ്ടാക്കുന്ന വ്യാജ ലോക ത്തെക്കുറിച്ചും മുന്നറിയിപ്പുനൽകി. ആഗോളമാധ്യമങ്ങളുടെ ഉടമസ്ഥരായ മൂലധനശക്തികൾ വാർത്താലോകത്തെ നിയന്ത്രിക്കുമെന്ന് ചോംസ്കി പറഞ്ഞു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ പത്രപ്രവർത്തന മാദണ്ഡങ്ങൾ പൊ ളിച്ചെഴുതിയ രണ്ടാമത്തെ സംഭവം ടൈംസ് ഓഫ് ഇന്ത്യ നടത്തുന്ന ബെന്നറ്റ് കോൾമാൻ കമ്പനിയി ലുണ്ടായ നയവ്യതിയാനങ്ങളാണ്. ഈ പുതിയനയങ്ങൾ വമ്പിച്ചലാഭം പത്രത്തിന് നൽകിയപ്പോൾ മറ്റു പത്രങ്ങളും ആ വഴി തുടരാൻ നിർബന്ധിതരായി. ഇത് ഒരു ആശയസംഹിതയായി വേരോടി രാജ്യത്തെ മാധ്യമസംസ്കാരത്തെ ഉടച്ചുവാർത്തു. ബ്രിട്ടീഷുകാരുടെ താൽപര്യങ്ങൾ സംരക്ഷി ക്കാൻ അവർതന്നെ തുടങ്ങിയ പത്രമായിരുന്നു ടൈംസ് ഓഫ് ഇന്ത്യ. ഇന്ത്യകണ്ട മികച്ച പത്രാധിപ രിൽ ഒരാളായ ഫ്രാങ്ക് മൊറെയ്സ് ആയിരുന്നു അമ്പതുകളിൽ പത്രത്തിന്റെ സാരഥി. പുതിയ മുത ലാളിയായ രാമകൃഷ്ണ ഡാൽമിയ ജെ സി ജെയിൻ നെ പത്രാധിപരാക്കി. മൊറെയ്സ് ഇന്ത്യൻ എക്സ്പ്രസ്സിലേക്ക് കുടിയേറി. സമീർജെയിൻ എന്ന മാനേജർ പത്രത്തിലെത്തിയതോടെ വിപണി

ക്കനുസരിച്ച് പത്രത്തെ ഉടച്ചുവാർത്തു. എതിരാളിപത്രങ്ങളെ നേരിടാൻ ഒരു വാർ റും പോലും അദ്ദേഹം പത്രസ്ഥാപനത്തിനകത്ത് നിർമിച്ചുവെത്രെ. പത്രത്തിന്റെ വില വളരെ കുറച്ച് എതിരാളെ പത്രങ്ങളെ അദ്ദേഹം പ്രതിസന്ധിയിലാക്കി. അതോടെ പരസ്യങ്ങളിൽ നിന്നുള്ള വരുമാനം ഇരട്ടി യാവുകയും ഇന്ത്യയിലെ ഏറ്റവും ലാഭംകൊയ്യുന്ന പത്രമായി ടൈംസ് മാറുകയും ചെയ്തു. പത്രം നടത്താൻ പത്രാധിപരുടെ ആവശ്യമില്ല, പത്രങ്ങൾ വിനോദത്തിനുള്ളതാണ്, ഓഹരി ഉടമകളോടു മാത്രമേ പത്രപ്രവർത്തകർക്കു ബാധ്യതകളുള്ളൂ തുടങ്ങിയ വിചിത്രമായ നിയമങ്ങൾ മാധ്യമരം ഗത്ത് അവർ അഴിച്ചുവിട്ടു. പത്രം ഒരു ഉൽപന്നമാണെന്നും അത് വിറ്റഴിക്കുക എന്നതാണ് അതിലെ തൊഴിലാലികളുടെ പരമമായ ലക്ഷ്യമെന്നും മുതലാളിത്തരാജ്യങ്ങളിൽ മുമ്പേ നടപ്പിലായിക്കഴി ഞ്ഞിരുന്നു. ജനാധിപത്യത്തിലെ അഭിപ്രായനിർമിതിയിൽ പ്രധാന പങ്കുണ്ടായിരുന്ന പത്രപ്രവർത്ത നത്തിന് ഈ ബോധം നൽകിയ ആഘാതം ചെറുതല്ല. സമീർ ജെയിൻ മൂന്ന് ഉപായങ്ങളാണ് പത്രം വിൽപന വർധിക്കാൻ ഉപയോഗിച്ചത്. 1. വാർത്ത മസാലവൽക്കരിക്കുക, 2. പരസ്യവും വാർത്തയും തമ്മിലുള്ള അകലം കുറയ്ക്കുക, 3. പരസ്യം കൊടുക്കുന്ന കമ്പനിയുമായ ബന്ധം സ്ഥാപിക്കുക. അതോടെ എരിവും പുളിയും നിറഞ്ഞ വാർത്തകൾക്കും പരസ്യങ്ങൾക്കും പത്ര ത്തിൽ മേൽക്കൈ ലഭിച്ചു. മറ്റു പത്രങ്ങളും അതേ വഴിക്കുതന്നെ തിരിഞ്ഞു. ഏതെങ്കിലുമൊരു രാഷ്ട്രീയ കക്ഷിയുടെ ഭാഗമായി നിൽക്കുന്നതും പത്രവിപണിയെ ബാധിക്കുമെന്ന് ജെയിൻ കണ്ടെത്തി. പരസ്യങ്ങളും വാർത്തകളും തമ്മിലുള്ള അകലം കുറഞ്ഞതോടെ വാർത്തകൾപോലും പരസ്യമാണെന്ന പുതിയ സിദ്ധാന്തം ഉണ്ടായി. വാർത്തകൾക്ക് പണം കൊടുക്കണമെന്ന് വ്യവസ്ഥ യുണ്ടാവുകയും പണം കൊടുത്ത് വാർത്തകൾ പ്രസിദ്ധപ്പെടുത്തുകയും ചിലപ്പോഴെങ്കിലും മെനെ ഞ്ഞെടുക്കുയും ചെയ്തു. എന്തിന്, സാംസ്കാരികമായി പ്രാധാന്യമുള്ള വാർത്തകൾക്കുപോലും പണം നൽകണമെന്നായി. പണം കിട്ടാത്തതിനാൽ ഇന്ത്യയിലെ എഴുത്തുകാരുടെ പുസ്തകങ്ങളെ ക്കുറിച്ച് പത്രത്തിൽ നിരൂപണം പ്രസിദ്ധീകരിക്കരുത് എന്നുപോലും ജെയിൻ ഉത്തരവിട്ടു. അതിനെ എതിർത്ത ആദിൽ ജസ്സാവാല എന്ന പത്രാധിപർക്ക് പണിപോയതു മിച്ചം. ഇതിനെക്കാൾ അപകട കരമായിരുന്നു പരസ്യകമ്പനികളുമായുണ്ടാക്കിയ രഹസ്യ ഉടമ്പടികൾ. ഏതാണ് നൂറിലധികം പ്രമുഖ കമ്പനികളുമായി ജെയിൻ ഇത്തരം കരാറുകളുണ്ടാക്കി. പത്രത്തിന്റെ ഷെയറുകൾ അവരെ ക്കൊണ്ട് വാങ്ങിക്കുകയായിരുന്നു പ്രധാന വഴി. മറ്റു പത്രങ്ങളിൽ പരസ്യം നൽകരുത് എന്ന കരാ റിനുപകരമായി കമ്പനിയെക്കുറിച്ച് നല്ല വാർത്തകളേ നൽകൂ എന്ന ഉത്തരവും നടപ്പിലാക്കി.

എങ്കിലും ഇന്ന് ഇന്ത്യയിൽ വാർത്തയെ മൂല്യവുമായി ബന്ധിപ്പിച്ചു പ്രവർത്തിക്കുന്ന പത്ര ങ്ങളും ഉണ്ട്. അവർ തങ്ങളുടെ പ്രഖ്യാപിത നിലപാടുകളിൽനിന്നു ഇന്നോളം പിൻമാറിയിട്ടില്ല. അത്തരം സാമൂഹികമായ നിലപാടുകൾക്ക് മേൽക്കൈ ലഭിക്കുന്ന കാലത്ത് ടൈംസ് ഓഫ് ഇന്ത്യയും മാറിയേക്കാം. അതാണ് ലാഭമെന്ന് കണ്ടാൽ അവർ അതും നടപ്പിലാക്കുമല്ലോ.

## അച്ചടി കേരളത്തിൽ

### എം. ജയരാജ്

1847 ജൂണിൽ തലശ്ശേരിയിലെ നെട്ടൂർ ഇല്ലിക്കുന്നിലെ ബാസൽ മിഷൻ പള്ളിയുടെ വരാന്ത യിലാണ് മലയാളത്തിലെ ആദ്യ പത്രമായ രാജ്യസമാചാരം മാസിക കല്ലച്ചിൽ അച്ചടിച്ച് പ്രസിദ്ധീക രിക്കപ്പെടുന്നത്. കൈക്കൊണ്ട് എഴുതി കല്ലച്ചിൽ ചെത്തിയെടുത്ത് മഷിപുരട്ടി കടലാസിലേക്ക് പകർത്തുന്ന വിദ്യയാണ് ലിത്തോഗ്രാഫ് എന്ന കല്ലച്ചിലുള്ളത്. റോയൽ സൈസിൽ ആറു പേജുള്ള മാസിക 1850 ഡിസംബർ വരെ 42 ലക്കങ്ങൾ പ്രസിദ്ധപ്പെടുത്തി സൗജന്യമായാണ് വിത രണം ചെയ്തതെന്ന് കരുതപ്പെടുന്നു. ഓരോരോ രാജ്യങ്ങളുടെ അന്നന്നുള്ള വിശേഷങ്ങൾ അറിയി

ക്കുവാനും ദൈവരാജ്യമായ സ്വർഗരാജ്യത്തെക്കുറിച്ചുള്ള അറിവുകൾ പകരാനും യേശുക്രിസ്തുവിന്റെ ചരിതങ്ങൾ പറയാനുമുള്ളതാണ് പത്രമെന്ന് ആമുഖത്തിലേ വ്യക്തമാക്കിയിരിക്കുന്നു. രാജ്യസമാചാരത്തിന്റെ ചുവടുപിടിച്ച് മലയാളത്തിൽ രണ്ടാമതായി പ്രസിദ്ധീകരിച്ച പത്രമാസികയാണ് പശ്ചിമോദയം. രണ്ടു പത്രങ്ങൾക്കും നേതൃത്വം നൽകിയത് ഡോ. ഹെർമൻഗുണ്ടർട്ടാണ്. പത്രാധിപരുടെ പേരായി പശ്ചിമോദയത്തിൽ ഫ്രെഡറിക് മുള്ളർ എന്ന് ചേർത്തിരുന്നു. രാജ്യസമാചാരത്തെക്കാൾ പ്രശസ്തി പശ്ചിമോദയത്തിനാണ് ലഭിച്ചത്. ഒരു ലക്കത്തിന് രണ്ടു പൈസയായിരുന്നു വില. 1847 മുതൽ നാലുകൊല്ലം ഇതിന്റെ പ്രസാധനം തുടർന്നു. ഭാരതീയമായ അറിവിന്റെയും പാശ്ചാത്യമായ അറിവിന്റെയും വ്യത്യസ്തകൾ ഊന്നിപ്പറഞ്ഞ് പാശ്ചാത്യമായ അറിവുകൾ ആളുകൾക്ക് പകരാനാണ് പത്രം ശ്രമിക്കുക എന്ന് പശ്ചിമോദയത്തിന്റെ ആമുഖത്തിലേ വ്യക്തമാക്കിയിട്ടുണ്ട്.

1848 നവംബർ ഒന്ന് ജ്ഞാനനിക്ഷേപം തുടക്കം കുറിച്ചു. ദ ട്രഷറി ഓഫ് നോളേജ് എന്നായിരുന്നു പേര് ചേർത്തിരുന്നത്. മുൻപേജിലെ വിലവിവരങ്ങളും പതിപ്പിന്റെ വിവരങ്ങളും ഉള്ളടക്കവും ഉണ്ടായിരുന്നു. ഉള്ളടക്കത്തിന് സംഗതിവിവരങ്ങൾ എന്നായിരുന്നു തലക്കെട്ട്. ഇംഗ്ലീഷ് മലയാളം കലണ്ടറുകളും ആദ്യമായി പ്രസിദ്ധീകരിച്ച് തുടങ്ങിയത് ജ്ഞാനനിക്ഷേപത്തിലായിരുന്നു. ഇതിലെ വാർത്താസംഗ്രഹം എന്ന കോളം കൗതുകവാർത്തകളും മറ്റും നൽകാനാണ് ഉപയോഗിച്ചിരുന്നത്. ഇന്നത്തെ കാലത്തെ പത്രങ്ങൾക്കുവരെ മാതൃകയായ രൂപകൽപന ആദ്യമായി നടത്തിയത് ജ്ഞാനനിക്ഷേമാണ്. മലയാളത്തിലെ ആദ്യകാല നോവലുകളിലൊന്നായ ആർച്ചുഡീക്കൻ കോശിയുടെ പുല്ലേരി കുഞ്ചു ഖണ്ഡശ്ശ പ്രസിദ്ധപ്പെടുത്തിയത് ജ്ഞാനനിക്ഷേപത്തിലാണ്. മലയാളത്തിലെ തുടരൻ കഥകൾ എന്ന പതിവിനും ഇത് തുടക്കംകുറിച്ചു.

മലയാളത്തിലെ നാലാമത്തെ മാസികയായ വിദ്യാസംഗ്രഹം അഥവാ കോട്ടയം കോളേജ് ക്വാർട്ടർലി മാഗസിൻ 1864 ൽ ആരംഭിച്ചു. 1867 രണ്ടാം വാല്യം മൂന്നാംലക്കത്തോടെ നിന്നുപോയി. മലയാളത്തിലെ ആദ്യത്തെ വാർത്താപത്രം ഇംഗ്ലീഷിൽ പുറത്തിറങ്ങിയ വെസ്റ്റേൺ സ്റ്റാർ (1860) ആയിരുന്നു. ഇതിന്റെ മാതൃകയിൽ 1864 ആഗസ്റ്റിൽ കൊച്ചിയിൽനിന്ന് മലയാളത്തിൽ പശ്ചിമതാരക ആരംഭിച്ചു. മിഷണറിമാരുടെ ഒത്താശയില്ലാതെ മലയാളത്തിൽ ആരംഭിച്ച ആദ്യ പ്രസിദ്ധീകരണവും ഇതുതന്നെ. ടി ജെ പൈലിയാണ് ആദ്യ പത്രാധിപർ. 1878 ൽ കല്ലൂർ ഉമ്മൻ ഫിലിപ്പോസിന്റെ കേരള പതാകയും അൽപകാലം പുറത്തിറങ്ങി. കോട്ടയം സി എം എസ് പ്രസ്സിൽ നിന്ന് 1867 ൽ സന്ദിഷ്ടവാദി മൂർസായിപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. സർക്കാറിനെതിരെ വിമർശനങ്ങൾ ഉന്നയിച്ച പത്രത്തെ തിരുവിതാംകൂർ സർക്കാർ നിരോധിച്ചു. മലയാളത്തിലെ ആദ്യത്തെ പത്രനിരോധനം നേരിട്ടത് സന്ദിഷ്ടവാദിയാണ്. 1876 ഒക്ടോബറിൽ കൂനമ്മാവ് മെത്രാപ്പൊലീത്തായ്ക്കടുത്ത അച്ചുകൂടത്തിൽ നിന്ന് സത്യനാദകാഹളം പുറത്തുവന്നു. ഏറ്റവും കൂടുതൽ കാലം പ്രസാധനരംഗത്ത് നിലനിന്ന പത്രമായിരുന്നു സത്യനാദകാഹളം. മാർപ്പാപ്പയ്ക്കും റോമൻ സിംഹാസനത്തിനുമെതിരെ ചില ക്രിസ്തീയ പത്രങ്ങൾതന്നെ നടത്തിയിരുന്ന വിമർശനങ്ങളെ ചെറുക്കാൻ വേണ്ടിയാണ് കത്തോലിക്കാസഭ സത്യനാദകാഹളം ആരംഭിച്ചത്. അച്ചടിയിൽ പല പരിഷ്കാരങ്ങളും സത്യനാദകാഹളം വരുത്തി. കേരളത്തിലെ ആദ്യത്തെ ബ്ലോക്ക് സ്റ്റുഡിയോ, വർണചിത്രങ്ങൾ, ഇലസ്ട്രേഷൻ എന്നിവ ആരംഭിച്ച സത്യനാദകാഹളം മാസികയിൽ നിന്ന് ദ്വൈവാരികയായി മാറി. വാർത്തകളും വിശേഷങ്ങളും ഈ പത്രത്തിലുണ്ടായിരുന്നു. നാട്ടുവാർത്ത, മറുനാട്ടുവാർത്ത, ചരമം, പത്രാധിപർക്കുള്ള എഴുത്തുകൾ, സ്വന്തം ലേഖകരുടെ വാർത്തകൾ എന്നിവയെല്ലാം മലയാള പത്രപ്രവർത്തനലോകത്ത് ആദ്യം നൽകിയത് സത്യനാദകാഹളമാണ്. 55 വർഷം ഇതിന്റെ

പത്രാധിപസ്ഥാനത്തിരുന്ന പി സി വർക്കിയാണ് ഇവയൊക്കെയും ആവിഷ്കരിച്ചത്. സത്യനാദകാഹളം അവസാന കാലത്ത് സത്യനാദം എന്ന പേരിലാണ് പുറത്തിറങ്ങിയിരുന്നത്.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ വാർത്താപത്രം 1881 ൽ വെസ്റ്റേൺസ്റ്റാറിന്റെ സ്ഥാപകരിലൊരാളായ ദേവ്ജി ഭീമ്ജി എന്ന ഗുജറാത്തുകാരൻ കൊച്ചിയിൽനിന്നാരംഭിച്ച കേരളമിത്രം ആണ്. സർക്കാർ ഈ പത്രത്തെ എപ്പോഴും സംശയത്തോടെയാണ് കണ്ടത്. പ്രസിദ്ധീകരിക്കുന്ന വാർത്തകൾക്ക് അധികാരികളുടെ മുൻകൂർ അനുമതി ആവശ്യമായിരുന്നു. ഇതിനെതിരെ പ്രതികരിച്ചതോടെ പ്രസ്സു പൂട്ടി സീൽവെച്ചു. പിന്നീട് ബ്രിട്ടീഷ് സർക്കാറിന്റെ പ്രത്യേക അനുമതിയോടെയാണ് പത്രം പുനരാരംഭിച്ചത്. ഈ പത്രത്തിന്റെ ആദ്യകാല പത്രാധിപരാണ് പിന്നീട് മലയാളമനോരമയുടെ സ്ഥാപനായ കണ്ടത്തിൽ വറുഗീസ് മാപ്പിള. ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ 1884 ൽ കോഴിക്കോടുനിന്ന് ആരംഭിച്ച കേരളപത്രികയാണ് മലബാറിലെ ആദ്യത്തെ വാർത്താപത്രം. മലയാളപത്രഭാഷയിൽ കനപ്പെട്ട സംഭാവനകൾനൽകാൻ കേരളപത്രികക്കു കഴിഞ്ഞു. സംസ്കൃതജടിലമായ ഗദ്യഭാഷ ഉപേക്ഷിച്ച് സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന ഭാഷയിൽ വാർത്തകൾ അവതരിപ്പിക്കാൻ പത്രാധിപരായ കുഞ്ഞിരാമമേനോൻ ശ്രമിച്ചു. അപ്പു നെടുങ്ങാടി, ഒ ചന്തുമേനോൻ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, സി പി അച്യുതമേനോൻ തുടങ്ങിയ പ്രമുഖ സാഹിത്യകാരന്മാർ കേരളപത്രികയിൽ എഴുതിയിരുന്നു. മലയാളത്തിൽ ജേർണലിസത്തെ ആക്ടിവിസമാക്കി മാറ്റിയ ആദ്യത്തെ പത്രം കേരളപത്രികയാണ്. ഇന്നത്തെ സ്റ്റിംഗ് ഓപ്പറേഷന്റെ (സൂത്രത്തിലൂടെ കുറ്റവാളികളെ സമൂഹമധ്യത്തിൽ അവതരിപ്പിക്കുക) ആദ്യ മാതൃകകൾ കേരളപത്രികയുടെ നടത്തിപ്പിൽ കാണാം.

# മൊഡ്യൂൾ 2

## ദൃശ്യശ്രാവ്യ മാധ്യമങ്ങൾ

വായനയിൽ കാഴ്ച പ്രധാനമാണെങ്കിലും വായനമാത്രം പ്രധാനമായ മാധ്യമമാണ് അച്ചടി മാധ്യമങ്ങൾ. പത്രപ്രസിദ്ധീകരണങ്ങളെല്ലാം അച്ചടിമാധ്യമങ്ങളുടെ ഗണത്തിലാണ് വരിക. എന്നാൽ കാഴ്ചയും കേൾവിയും പ്രധാനമായ മാധ്യമങ്ങളെയാണ് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ എന്നു പറയുന്നത്. റേഡിയോ ആണ് അച്ചടി മാധ്യമരംഗത്തിനു പുറത്തുണ്ടായ ആദ്യത്തെ വിപ്ല വം. ടി. വിയും ഇന്റർനെറ്റും പിന്നീട് വ്യാപകമായി. ഈ രംഗത്തെ വിവിധ പഠനങ്ങൾക്കും ഇന്ന് ഏറെ പ്രസക്തിയുണ്ട്.

### റേഡിയോ ആവിർഭാവവും ചരിത്രവും

ലോകത്താദ്യമായി റേഡിയോക്കുള്ള പേറ്റന്റ് സ്വന്തമാക്കിയത് മാർക്കോണിയാണ്. 1896ലായിരുന്നു ഇത്. ഏറെ വിവാദങ്ങളും ഇതുസംബന്ധിച്ചുണ്ടായി. നിക്കോള ടെസ്‌ല ഈ രംഗത്ത് 1893 ൽ തന്നെ നേട്ടമുണ്ടാക്കിയിരുന്നു. 'കമ്പിയില്ലാ കമ്പി' വഴി സന്ദേശം അയക്കാനുള്ള അദ്ദേഹത്തിന്റെ കണ്ടുപിടിത്തമാണ് ട്രാൻസിസ്റ്ററുകളുടെ മുൻഗാമി. മാർക്കോണിക്ക് പ്രചോദനമായതും ഈ നേട്ടമാണത്രെ. എന്നാൽ, റേഡിയോയുടെ പിതൃത്വം ഇന്നും മാർക്കോണിയുടെ പേരിൽതന്നെയാണ്.

'റേഡിയോ' എന്ന പദത്തിനർഥം ശബ്ദം സ്വീകരിക്കുന്നത് എന്നാണ്. റേഡിയോ തരംഗങ്ങൾ ആവൃത്തി കുറഞ്ഞവയാണ്. അതിനാൽ ഇവക്ക് തരംഗദൈർഘ്യം കൂടുതലായിരിക്കും. ഈ തരംഗങ്ങൾക്ക് വിദൂരതയിലേക്ക് എളുപ്പം സഞ്ചരിക്കാനാവും. റേഡിയോ യുടെ രൂപവും സ്വഭാവവും കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരുന്നു. ഇന്റർനെറ്റിൽ വരെ ഇന്ന് റേഡിയോ ലഭിക്കും. വെബ് റേഡിയോ, ഓൺലൈൻ റേഡിയോ എന്നെല്ലാം ഇന്റർനെറ്റ് റേഡിയോക്ക് പേരുണ്ട്. മിക്ക റേഡിയോ നിലയങ്ങളും ഇന്ന് ഇന്റർനെറ്റ് വഴി സേവനം നല്കുന്നുണ്ട്. അമച്വർ റേഡിയോ എന്നറിയപ്പെടുന്നതാണ് ഹാംറേഡിയോ. സ്വകാര്യവ്യക്തിക്ക് സ്വന്തമായി റേഡിയോ പ്രക്ഷേപണം നടത്താനുള്ള വിദ്യയാണിത്. വ്യത്യസ്ത ഫ്രീക്വൻസിയുള്ള റേഡിയോ തരംഗങ്ങൾ ഇതിനായി ഉപയോഗിക്കുന്നു. ഹാം റേഡിയോ നിലയം നടത്തുന്നയാളെ 'ഹാം' എന്ന് വിളിക്കും. ഈ 'ഹാമു'കൾക്ക് റേഡിയോ വഴി പരസ്പരം ആശയവിനിമയം ചെയ്യുകയുമാവാം. പരിപാടികൾ തയാറാക്കി ഇവർക്ക് പരസ്പരം കേൾപ്പിക്കാം.

തുടക്കത്തിൽ റേഡിയോ നെറ്റ്‌വർക്കുകൾ ലോകത്തുണ്ടായി. അവയിൽ ചിലത് ഇന്നും നിലനില്ക്കുന്നു. നാഷണൽ ബ്രോഡ്കാസ്റ്റിങ് കമ്പനി (NBC) 1926 ൽ രൂപം കൊണ്ടതാണ്. 1919 ൽ തുടങ്ങിയ 'റേഡിയോ കോർപറേഷൻ ഓഫ് അമേരിക്ക' പില്ക്കാലത്ത് കൂടുതൽ നിലയങ്ങളെ കൂട്ടത്തിൽ ചേർത്തതോടെ 'നാഷണൽ ബ്രോഡ്കാസ്റ്റിങ് കമ്പനി'യാവുകയായിരുന്നു.

1920 ആഗസ്റ്റ് 20 നായിരുന്നു ഇന്ത്യയിലാദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ റേഡിയോ പ്രക്ഷേപണം നടത്തിയത്. ബോംബെയിൽ 'ടൈംസ് ഓഫ് ഇന്ത്യ'യുടെ മുകൾനിലയിൽ നിന്നായിരുന്നു ഇന്ത്യയിലെ ആദ്യ പ്രക്ഷേപണം. അമച്വർ റേഡിയോ ക്ലബ്ബുകൾ വഴിയായിരുന്നു ആദ്യകാല പ്രക്ഷേപണം. 1923 ൽ കൊൽക്കത്തയിലാണ് ആദ്യത്തെ റേഡിയോ ക്ലബ് പിറന്നത്. വ്യവസായികൾ റേഡിയോ ക്ലബുകളെ ഏറ്റെടുത്ത് ക്രോഡീകരിച്ച് 'ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് കമ്പനി' തുടങ്ങി. ഇന്ത്യയിൽ ആദ്യമായി സ്ഥിരമായി റേഡിയോ പ്രക്ഷേപണം ആരംഭിച്ചത് 1927 ൽ മുംബൈയിലാണ് 1931 നുശേഷം കമ്പനി സർക്കാർ മേൽനോട്ടത്തിലായി. 'ഇന്ത്യൻ

ബ്രോഡ്കാസ്റ്റിങ് സർവീസ്' എന്ന പേരും സ്വീകരിച്ചു. 'ബഹുജന ഹിതായ, ബഹുജന സുഖായ' എന്നതാണ് ആകാശവാണിയുടെ മുദ്രാവാക്യം.

ഇന്ത്യയിലെ ഔദ്യോഗിക റേഡിയോ പ്രക്ഷേപകരാണ് ആകാശവാണി എന്നറിയപ്പെടുന്ന അഖിലേന്ത്യാ റേഡിയോ (All India Radio . AIR.). വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിലുള്ള സ്വതന്ത്ര സ്ഥാപനമാണിത്. പ്രസാർ ഭാരതി എന്ന സ്ഥാപനത്തിന്റെ കീഴിൽ അഖിലേന്ത്യാ റേഡിയോയും ദൂരദർശനും പ്രവർത്തിക്കുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലിയ റേഡിയോ ശൃംഖലകളിൽ ഒന്നാണ് അഖിലേന്ത്യാ റേഡിയോ. 1936 ജൂൺ എട്ടിന് ഈ പേര് നിലവിൽ വന്നു. ആകാശവാണിയെന്ന പേര് മൈസൂർ നാട്ടുരാജ്യത്തിലെ പ്രക്ഷേപണ വകുപ്പിന്റെ സംഭാവനയാണ്. കവി രബീന്ദ്രനാഥ ടാഗോറാണ് ഓൾ ഇന്ത്യ റേഡിയോക്ക് ഈ പേര് നിർദേശിച്ചത്. 1957 ഒക്ടോബർ രണ്ടിന് വിനോദപരിപാടികൾക്കു മാത്രമായി 'വിവിധ് ഭാരതി' എന്ന ചാനൽ പ്രവർത്തനം തുടങ്ങി. 1977ൽ മദ്രാസിൽനിന്ന് ഇന്ത്യയിലെ ആദ്യത്തെ എഫ്.എം സ്റ്റേഷൻ പ്രക്ഷേപണമാരംഭിച്ചു. 1934ൽ അഞ്ച് കിലോവാട്ട് ശക്തിയുള്ള പ്രസരണിയോടെയാണ് തിരുവനന്തപുരം (തിരുവിതാംകൂർ) നിലയം പ്രവർത്തനം തുടങ്ങുന്നത്. 1950ൽ ഇത് കേന്ദ്ര സർക്കാർ ഏറ്റെടുത്തു. 1950 മേയ് 14ന് കോഴിക്കോട്ട് റേഡിയോ നിലയം പ്രവർത്തനമാരംഭിച്ചു. പിന്നീട് കേരളത്തിൽ നിലയങ്ങളുടെ എണ്ണം കൂടി. കണ്ണൂർ, കൊച്ചി, ദേവികുളം, മഞ്ചേരി നിലയങ്ങൾ തുടങ്ങിയിട്ട് ഏറെക്കാലമായിട്ടില്ല. ഇന്ന് ഇന്ത്യയിൽ 414 പ്രക്ഷേപണ നിലയങ്ങളുണ്ട്. 24 ഭാഷകളിലും 146 ഭാഷാഭേദങ്ങളിലും പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു. 15 വിദേശ ഭാഷകളുൾപ്പടെ 27 ഭാഷകളിൽ വിദേശപ്രക്ഷേപണം നടത്തുന്നു. 108 രാജ്യങ്ങളിൽ ആകാശവാണി പ്രക്ഷേപണം എത്തുന്നുണ്ട്. 1977ൽ ചെന്നൈയിലാണ് ആദ്യ എഫ് എം സ്റ്റേഷൻ നിലവിൽ വന്നത്. ഇപ്പോൾ 206 എഫ് എം സ്റ്റേഷനുകളുണ്ട്. പ്രസാർ ഭാരതി സ്വയംഭരണ സ്ഥാപനമാണെങ്കിലും കേന്ദ്രസർക്കാറിന്റെ സമ്പൂർണ നിയന്ത്രണം ഇവയ്ക്ക് മേലെയുണ്ട്.

ഇന്ത്യയുടെ ഏറ്റവും വിദൂരമേഖലകളിൽ പോലും എത്തുന്നതും, ഏറ്റവും കൂടുതൽ പ്രചാരമുള്ളതുമായ വാർത്താവിതരണ മാധ്യമവും അഖിലേന്ത്യാ റേഡിയോ തന്നെ. ഇന്നു സ്വകാര്യ എഫ് എം ചാനലുകളിൽനിന്നു കടുത്ത മത്സരം നേരിടുന്നെങ്കിലും സംഗീതം, നാടകം, വാർത്ത, കായികം തുടങ്ങിയ പുതിയ ചാനലുകൾ അവതരിപ്പിച്ച് അഖിലേന്ത്യാ റേഡിയോ മത്സരത്തെ അതിജീവിക്കാൻ ശ്രമിക്കുന്നുണ്ട്. സ്വാതന്ത്ര്യം ലഭിച്ച സമയത്ത് ഇന്ത്യയിൽ ആറു റേഡിയോ സ്റ്റേഷനുകളേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് രൂപംകൊണ്ട ആദ്യ റേഡിയോനിലയം വിജയവാഡ നിലയം ആണ്. ഇന്ന് ഇന്ത്യയിലെ 99.37% ജനങ്ങൾക്കും അഖിലേന്ത്യാ റേഡിയോ ലഭിക്കുന്നു. കാർഷിക മേഖല, ഗ്രാമവികസനം, അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള പരിപാടികൾ, ആരോഗ്യരംഗം, വിനോദത്തിനും വിജ്ഞാനത്തിനും വേണ്ടി മറ്റു പല പരിപാടികളും റേഡിയോയിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. വൈകുന്നേരവും ആകാശവാണി പ്രതിദിന പരിപാടികൾ ജനങ്ങളിൽ എത്തിക്കുന്നുണ്ട്.

## ജനകീയമാധ്യമമെന്ന നിലയിൽ റേഡിയോയുടെ പ്രസക്തി

ആകാശവാണിയുടെ കൂടുതൽ പരിപാടികളും സാധാരണക്കാരായ കേൾവിക്കാരെ ഉദ്ദേശിച്ചാണ് പ്രക്ഷേപണം ചെയ്യുന്നത്. അതിൽ പ്രധാനപ്പെട്ടത് വാർത്തകൾതന്നെ. 1936 ലാണ് ആകാശവാണി ആദ്യമായി വാർത്താ പ്രക്ഷേപണം ആരംഭിച്ചത്. വാർത്ത, വാർത്താധിഷ്ഠിത പരിപാടികൾ, സംഗീത പരിപാടികൾ എന്നിവയാണ് ഏറ്റവും ജനകീയമായ പരിപാടികൾ. പ്രാദേശിക വാർത്തകൾ ദേശീയ വാർത്തകൾ എന്നിങ്ങനെ രണ്ടു വിഭാഗമായാണ് ആകാശവാണി വാർത്തകൾ സംപ്രേഷണം ചെയ്യുന്നത്. ന്യൂസ് റീലും വാർത്താവലോകനവും നൽകുന്ന വാർത്താതരംഗിണി എന്ന പരിപാടിയും ഏറെ ജനപ്രിയമായതാണ്. സമകാലിക സംഭവങ്ങളുടെ

പ്രതികരണവും ആഖ്യാനവും ഉള്ളടങ്ങിയ പ്രഭാതഭേരി, ഓരോ ജില്ലയെയും പറ്റിയുള്ള സമകാലികവാർത്താപരിപാടി, കായികലോകം എന്നിവയും വാർത്താധിഷ്ഠിത പരിപാടിയാണ്. പ്രധാന വാർത്തകൾ റെക്കോർഡ് ചെയ്ത് ഫോണിൽ കേൾപ്പിക്കുന്ന 'ന്യൂസ് ഓൺ ഫോൺ' പരിപാടി ആകാശവാണി വിവിധ ഭാഷകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന വാർത്തകൾ സൗജന്യ എസ്എംഎസ് ആയും ലഭിക്കും. ആകാശവാണി നിലയങ്ങൾ പ്രസാർ ഭാരതിയുടെ സൗജന്യ ഡി ടി എച്ച് വഴി വിവിധ ഭാഷാപരിപാടികൾ പ്രക്ഷേപണംചെയ്യുന്നുണ്ട്. കേബിൾ വഴിയോ സ്വകാര്യ ഡി ടി എച്ച് വഴിയോ അവ ലഭ്യമാകും. ഇങ്ങനെ റേഡിയോ ഇല്ലാതെ ടിവിയിലൂടെത്തന്നെ റേഡിയോ കേൾക്കാം. ആകാശവാണിയുടെ മലയാളം പരിപാടികൾ ഇപ്പോൾ ഇന്റർനെറ്റിൽ ലൈവായും, മൊബൈൽ ഫോണുകളിലും കേൾക്കാം.

അതുകൂടാതെ വൈജ്ഞാനിക പരിപാടികളും ആകാശവാണിയിൽനിന്ന് ലഭിക്കുന്നു. ജീവിതത്തെ നേർവഴിക്കു നയിക്കാനുള്ള മാർഗ്ഗങ്ങൾ കാണിച്ചുതരുന്ന സുഭാഷിതം ദിവസം രണ്ടുപ്രാവശ്യം കേൾക്കാം. സാമൂഹിക ബോധവൽക്കണ പരിപാടിയാണ് പ്രകാശധാര. കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാനുള്ള ബാലലോകം പണ്ടുതൊട്ടേ ആകർഷണീയമായ പരിപാടികളിൽ ഒന്നാണ്. മലയാളത്തിലെ പ്രമുഖ കവികളുടെ കവിതകൾ ആലപിക്കുന്ന കാവ്യാഞ്ജലി, യുവാക്കളുടെ ആവിഷ്കാരങ്ങൾക്കു പ്രാധാന്യം നൽകുന്ന യുവവാണി, സാഹിത്യകാര്യങ്ങൾ അവതരിപ്പിക്കുന്ന സാഹിത്യലോകം, കാർഷികരംഗം, വിദ്യാഭ്യാസ രംഗം എന്നിവയെല്ലാം ധാരാളം കേൾവിക്കാരുള്ള ജനപ്രിയ റേഡിയോ പരിപാടികളാണ്. മുമ്പ് ശബ്ദലേഖനം ചെയ്ത പ്രഭാഷണങ്ങളും പ്രഗൽഭരുടെ ശബ്ദങ്ങളും കേൾപ്പിക്കുന്ന കാലം സാക്ഷി എന്ന പുതിയ പരിപാടിക്കും ഇപ്പോൾ കേൾവിക്കാരുണ്ട്.

സംഗീതരംഗത്ത് റേഡിയോ നൽകിയ സേവനങ്ങൾ വിലപ്പെട്ടതാണ്. ചലച്ചിത്രഗാനങ്ങളെ പ്രചാരത്തിലാക്കാൻ റേഡിയോ വഹിച്ച പങ്ക് ചെറുതല്ല. മുമ്പ് ആകാശവാണി പരിപാടികൾ ശ്രോതാക്കൾ കേൾക്കുകമാത്രമേ ചെയ്തിരുന്നുള്ളു. എന്നാൽ ഇന്നു ഫോൺ ഇൻ പരിപാടികളിലൂടെ ശ്രോതാക്കളുമായി തത്സമയം സംസാരിച്ച് വേണ്ട പാട്ടുകൾ കേൾപ്പിക്കുകയും അവരുമായി സംവദിക്കുകയും ചെയ്യുന്ന നൂതനരീതിയാണ് കൈക്കൊണ്ടിരിക്കുന്നത്. *പൂന്തേനരു*വി അത്തരത്തിലുള്ള പരിപാടിയാണ്. പഴയ പാട്ടുകൾക്കായി ഓർമച്ചെപ്പ്, എസ്. എം. എസ്. ഇ.മെയിൽ ഇവ ഉപയോഗിച്ചുള്ള *മധുരഗാനം ഡോട്കോം. ഹലൊ ആകാശവാണി* തുടങ്ങി ഒട്ടുവളരെ ചലച്ചിത്രഗാനപരിപാടികൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്. ശാസ്ത്രീയ സംഗീത പാഠം, ലളിതഗാനപാഠം, ഉപകരണസംഗീത പാഠം, ദേശഭക്തിഗാന പാഠം തുടങ്ങിയവയുമുണ്ട്. സംഗീതക്കച്ചേരികൾ ദേശീയ സംഗീതപരിപാടികൾ ഇവയും പ്രക്ഷേപണം ചെയ്തുവരുന്നു. ചലച്ചിത്രഗാനപരിപാടികൾ ശാസ്ത്രീയ സംഗീതത്തിനും ചലച്ചിത്രഗാനങ്ങൾക്കും ഉപകരണ സംഗീതത്തിനും മാത്രമല്ല, നാടകഗാനങ്ങൾ, മാപ്പിളപ്പാട്ടുകൾ, നാടൻഗാനങ്ങൾ, ഭക്തിഗാനങ്ങൾ എന്നിവയ്ക്കെല്ലാം റേഡിയോവിൽ ഇടമുണ്ട്. ഓർമച്ചെപ്പ്, രാഗസപര്യ എന്നൊക്കെയാണ് ഈ പരിപാടികളുടെ പേരുകൾ. ചലച്ചിത്ര രംഗം ഇഷ്ടപ്പെടുന്നവർക്കായി ശബ്ദരേഖകളും റേഡിയോ വഴി കേൾക്കാം. നല്ലമലയാളം, ഹിന്ദിപാഠം, വിദ്യാർഥിരംഗം, തൊഴിലാളി മണ്ഡലം, വയലും വീടും, നാട്ടുവിശേഷം, കമ്പോള നിലവാരം, വാരാന്താവലോകനം, കണ്ടതും കേട്ടതും തുടങ്ങിയവയും ജനപ്രിയ പരിപാടികളാണ്. റേഡിയോ നാടകങ്ങളാണ് ആകാശവാണി പ്രക്ഷേപണം ചെയ്യുന്ന പ്രധാന പരിപാടികളിലൊന്ന്. കുട്ടികൾക്കു വേണ്ടിയുള്ള നിരവധി പരിപാടികൾ റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്. വിദ്യാലയങ്ങളും കലാസമിതികളും ആകാശവാണിയിൽ പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. 1985 ൽ ആണ് ആകാശവാണിയിൽ ആദ്യമായി പസ്യങ്ങൾ പ്രക്ഷേപണംചെയ്യാൻ ആരംഭിച്ചത്. ഇന്ന് റേഡിയോ പരസ്യങ്ങൾ ഏറെ വരുമാനം പ്രസാർഭാരതിക്ക് ഉണ്ടാക്കുന്നുണ്ട്.

വിനോദ പരിപാടികൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് കടന്നുവന്ന എഫ് എം റേഡിയോയാണ് പുതിയ തരംഗം. കേരളത്തിൽ ചുവടുറപ്പിച്ച പ്രമുഖ പത്രങ്ങളും ചാനലകളുമെല്ലാം എഫ് എം ചാനലുകളുമായും രംഗത്തെത്തുന്നുണ്ട്. കേന്ദ്രസർക്കാർ സ്വകാര്യമേഖലയിൽ എഫ് എം റേഡിയോ നിലയങ്ങൾ സ്ഥാപിക്കാനുള്ള അനുമതി നൽകിയതോടുകൂടിയാണ് എഫ് എം നിലയങ്ങൾ ജനപ്രിയ മാധ്യമമായി വളർന്നത്. വിനോദ പരിപാടികൾക്കും സംഗീത പരിപാടികൾക്കും കേൾവിക്കാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള തൽസമയ പ്രക്ഷേപണങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകിവരുന്ന എഫ് എം ചാനലുകളിൽ ഭാഷയിൽ പ്രാവീണ്യമുള്ളവർക്കും പുതിയ ആശയങ്ങളുള്ളവർക്കും നല്ല സാധ്യതകളുണ്ട്. പരസ്യ രംഗത്തുനിന്നുള്ള വരുമാനവും ഇതിന്റെ മുഖ്യ ആകർഷണമാണ്. ആൾ ഇന്ത്യാ റേഡിയോവിന്റെ നിയന്ത്രണത്തിലുള്ള എഫ് എം ചാനലുകൾക്ക് വാർത്തകളോ അനുബന്ധപരിപാടികളോ പ്രക്ഷേപണം ചെയ്യാൻ അനുമതിയില്ല. എന്നാൽ വിനോദത്തിന് പുറമെ ആരോഗ്യം, പരിസര ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ഇവയ്ക്ക് വളരെ ശക്തമായി ഇടപെടാനും ബോധവത്കരണം നടത്താനും കഴിയുമെന്ന് ഇതിനകം തന്നെ തെളിഞ്ഞിട്ടുണ്ട്.

### സാഹിത്യ സാംസ്കാരിക വിനിമയത്തിൽ റേഡിയോ വഹിച്ച പങ്ക്

മലയാള സാഹിത്യത്തിലെ പ്രധാന എഴുത്തുകാരെല്ലാം റേഡിയോ പ്രക്ഷേപണവുമായി ബന്ധപ്പെട്ടവരും റേഡിയോയിലൂടെ ജനപ്രിയരായവരുമാണ്. നാടകം, ഗാനരചന, കവിത എന്നിവ യിലാണ് പ്രധാനമായും മലയാളസാഹിത്യം റേഡിയോയുമായി ബന്ധം സ്ഥാപിച്ചത്. റേഡിയോ പരിപാടികളുടെ നിർമാതാക്കൾ ഏതാണ്ടെല്ലാ നിലയങ്ങളിലും പ്രമുഖ എഴുത്തുകാരുടെ രചനകൾ അവതരിപ്പിക്കാൻ ഉത്സാഹിച്ചിരുന്നു.

ഗാനശാഖയാണ് റേഡിയോയും സാഹിത്യകാരുമായി ബന്ധിപ്പിച്ച ഏറ്റവും പ്രധാന ഇനം. വയലാർ, പി ഭാസ്കരൻ, ഒ എൻ വി എന്നീ കവികൾ ഇത്രയേറെ ജനപ്രിയരാകാനുള്ള പ്രധാന കാരണം റേഡിയോ ആണ്. നാടക സിനിമാ ഗാനങ്ങളിലൂടെ കവികളെന്ന നിലയ്ക്കും പാട്ടെഴു ത്തുകാർ എന്ന നിലയ്ക്കും ജനങ്ങളിൽ അവർ വലിയ സ്വാധീനം ചെലുത്തി. ഗിരീഷ് പുത്തഞ്ചേ രി, റഫീക്ക് അഹമ്മദ്, കൈതപ്രം ദാമോദരൻ, ബിച്ചു തിരുമല, പൂവച്ചൽ ഖാദർ, ശ്രീകുമാരൻത മ്പി, കാവാലം നാരായണപണിക്കർ, ജയകുമാർ തുടങ്ങിയവരൊക്കെ കവികൾ എന്ന നിലയ്ക്കും പാട്ടെഴുത്തുകാർ എന്ന നിലയ്ക്കും പ്രശസ്തരായവരാണ്. അക്കിത്തം, എൻ എൻ കക്കാട്, ജി ശങ്കരക്കുറുപ്പ് തുടങ്ങിയ കവികളൊക്കെയും റേഡിയോവിലൂടെയാണ് തങ്ങളുടെ പല കവിത കളും ജനങ്ങളിലേക്കെത്തിച്ചത്. മറ്റു കവികളെയും കഥാകൃത്തുക്കളെയും അവർ റേഡിയോ പരി പാടികളിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

നാടകമാണ് മലയാള സാഹിത്യത്തെയും റേഡിയോയെയും അടുപ്പിച്ച മറ്റൊരു പ്രധാന മേഖല. മലയാള നാടകരചനയിലെ പ്രമുഖരൊക്കെയും റേഡിയോവുമായി സഹകരിച്ചവരും അതി ലൂടെ പ്രശസ്തിനേടിയവരുമാണ്. എൻ കൃഷ്ണപിള്ള, കൈനിക്കര കുമാരപിള്ള, എൻ പി ചെല്ല പ്പൻ നായർ, സി എൻ ശ്രീകണ്ഠൻ നായർ, സി ജെ തോമസ്, നാഗവള്ളി ആർ എസ് കുറുപ്പ്, ജഗതി എൻ കെ ആചാരി, പി. എം താജ്, കെ. ടി മുഹമ്മദ്, പി എ എം ഹനീഫ്, തിക്കോടിയൻ, സതീഷ് കെ സതീഷ്, ജയപ്രകാശ് കുളൂർ എന്നിവരൊക്കെ പ്രസിദ്ധങ്ങളായ റേഡിയോ നാടകങ്ങ ളുടെ രചയിതാക്കളും അവതാരകരുമാണ്. സി എൻ ശ്രീകണ്ഠൻ നായരുടെ നഷ്ടക്കച്ചവടം, എൻ കൃഷ്ണപിള്ളയുടെ ഭഗ്നഭവനം, ബലാബലം, കന്യക എന്നിവയൊക്കെ റേഡിയോ നാടകങ്ങ ളായാണ് ആദ്യം രചിച്ചത്. കോഴിക്കോട് നിലയത്തിലെ പ്രോഗ്രാം നിർമാതാവ് കൂടിയായിരുന്നു തിക്കോടിയൻ. കെ ടി മുഹമ്മദിന്റെ ആദ്യ നാടകമായ കണ്ണുകൾ ദേശീയ നാടകോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയതോടെയാണ് ശ്രദ്ധിക്കപ്പെടുന്നത്.

മലയാളത്തിലെ പ്രസിദ്ധ നോവലുകൾ, കഥകൾ എന്നിവയൊക്കെ റേഡിയോ നാടക രൂപങ്ങളായി ശ്രോതാക്കൾക്ക് ലഭിച്ചിട്ടുണ്ട്. സാഹിത്യ സംവാദങ്ങൾ, ചർച്ചകൾ, നോവൽ വായനകൾ, കഥാവതരണങ്ങൾ, സാഹിത്യ വാർത്തകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെയും മലയാള സാഹിത്യത്തിന്റെ ജനപ്രിയതയ്ക്ക് റേഡിയോ പങ്കുവഹിച്ചു.

## ടെലിവിഷൻ: ആവിർഭാവം വികാസം

സംപ്രേഷണ കേന്ദ്രത്തിൽ നിന്നു വിദ്യുത്കാന്ത തരംഗരൂപത്തിൽ പ്രക്ഷേപണം ചെയ്യുന്ന വിവരങ്ങളെ സ്വീകരിച്ച് അവയെ വീണ്ടും ചിത്രങ്ങളും ശബ്ദങ്ങളും ആയി മാറ്റാനുപയോഗിക്കുന്ന ഉപകരണമാണ് ടെലിവിഷൻ. ഇതിന്റെ ചുരുക്കരൂപമാണ് ടി. വി. സ്കോട്ടിഷ് എഞ്ചിനീയർ ആയ ജോൺ ലോഗി ബേർഡ് ആണ് ടെലിവിഷൻ കണ്ടുപിടിച്ചത്. വാർത്താവിനിമയ ഉപഗ്രഹങ്ങൾ ഉപയോഗിച്ച് ടെലിവിഷൻ സേവനം നൽകുന്നതിനെ ഉപഗ്രഹ ടെലിവിഷൻ എന്നു പറയുന്നു.

പ്രധാനമായും മൂന്ന് തരത്തിലാണ് ഉപഗ്രഹ ടെലിവിഷൻ ഉപയോഗപ്പെടുത്തുന്നത്.

1. ഡയറക്ട് ബ്രോഡ്കാസ്റ്റ് സാറ്റലൈറ്റ്
2. ടെലിവിഷൻ റിസീവ് ഒൺലി
3. ഡയറക്ട് ടു ഹോം ടെലിവിഷൻ

ഉപഗ്രഹങ്ങളിൽനിന്ന് നേരിട്ട് വീടുകളിലേക്ക് ടെലിവിഷൻ സംപ്രേഷണം ചെയ്യുന്ന രീതിയാണ് ഡയറക്ട്ടു ഹോം ബ്രോഡ്കാസ്റ്റിംഗ് (DTH). ഭൂമിയിൽനിന്ന് മുകളിലേക്കയക്കുന്ന സിഗ്നലുകൾ ഉപഗ്രഹങ്ങൾക്ക് ഭൂമിയിലേക്കു തന്നെ വിതരണം ചെയ്യാനാകും. ഉപഗ്രഹത്തിൽനിന്ന് നേരിട്ട് സിഗ്നലുകൾ സ്വീകരിക്കുന്നതു മൂലം പരിപാടികളുടെ ദൃശ്യശ്രാവ്യ ഗുണനിലവാരം ഉയർന്നതായിരിക്കും എന്നതാണ് പ്രധാനം.

ഭാരമുള്ള പിക്ചർട്യൂബ് ഘടിപ്പിച്ച, വലിയ പെട്ടിയെപ്പോലെയുള്ള ടി.വി ഇപ്പോൾ സ്മാർട് ഫോണുകളിലേക്കും ടാബ്ലറ്റ് പി.സി.കളിലേയ്ക്കും കുടിയേറിക്കൊണ്ടിരിക്കുകയാണ്. ലോകമെമ്പാടും ഡിജിറ്റൽ സാങ്കേതിക വിദ്യയിലേയ്ക്ക് ടെലിവിഷൻ മാധ്യമത്തെ പറിച്ചുനട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇന്ത്യയിൽ ടെലിവിഷൻ സംപ്രേഷണം കേബിളുകൾക്കൊപ്പം ഡയറക്ട് ടു ഹോം (DTH), ഇന്റർനെറ്റ് പ്രോട്ടോക്കോൾ ടി.വി. (IPTV) പുതുതായി നിലവിൽവന്ന ഹെഡ് എന്റ് ഇൻ ദ സ്കൈ (HITS) എന്നീ സംവിധാനങ്ങൾ ഉപയോഗിച്ചാണ് നടത്തുന്നത്. വിവിധ ടെലിവിഷൻ ചാനലുകൾ ഒരൊറ്റ സാറ്റലൈറ്റിലൂടെ ലഭ്യമാക്കുന്ന സംവിധാനമാണ് HITS. കേബിൾ ഓപ്പറേറ്റർമാർക്ക് ഈ സംവിധാനം കൂടുതൽ ഉപകാരപ്രദമാവും. ഇന്ത്യയിലെ നഗരങ്ങളിലെ ഡിജിറ്റൽ സെറ്റ് ടോപ്പ് ബോക്സുകളുടെ വിന്യാസം ഡിജിറ്റൽ കാലഘട്ടത്തിലേക്ക് ഇന്ത്യൻ ടെലിവിഷൻ സംപ്രേഷണവും മാറിക്കൊണ്ടിരിക്കുന്നതിനു തെളിവാണ്. ടി.വി പരിപാടികളുടെ വിതരണ രംഗത്ത് പൂർണ്ണമായും സെറ്റ് ടോപ്പ് ബോക്സ് ഉപയോഗിക്കുന്നതിലൂടെ കേബിൾ വരിക്കാരുടെയും ഒരു പ്രത്യേക ചാനൽ പ്രേഷകരുടെയും എണ്ണം വ്യക്തമായി ലഭിക്കും എന്നത് ശ്രദ്ധേയമായ നേട്ടമാണ്.

## ടി വി ഇന്ത്യയിൽ

ഇന്ത്യയിൽ ടെലിവിഷന്റെ ചരിത്രം ദൂരദർശന്റെ തന്നെ ചരിത്രമാണ്. ഇന്ത്യയിൽ ടി. വി അവതരിപ്പിച്ചതും വികസിപ്പിച്ചതും ദൂരദർശനാണ്. പ്രസാർ ഭാരതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പൊതു പ്രക്ഷേപണ ഭൂതല ടെലിവിഷൻ ചാനൽ ആണ് ദൂരദർശൻ. സന്നാഹങ്ങൾ, സ്റ്റുഡിയോകൾ, ട്രാൻസ്മിറ്ററുകൾ, എന്നിവയുടെ എണ്ണം എടുത്താൽ ദൂരദർശൻ ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്രക്ഷേപണ നിലയങ്ങളിൽ ഒന്നാണ്. 1959 സെപ്തംബറിൽ പ്രക്ഷേപണം ആരംഭിച്ച ദൂരദർശൻ 2004 അവസാനത്തോടെ ഡിജിറ്റൽ പ്രക്ഷേപണവും ആരംഭിച്ചു. ചെറിയ ട്രാൻസ്മിറ്ററും സ്റ്റുഡിയോയും ഉപയോഗിച്ച് 1959 സെപതംബറിൽ ദില്ലിയിൽ

നിന്നുള്ള പരീക്ഷണ പ്രക്ഷേപണത്തിലൂടെ ദൂരദർശൻ തുടക്കം കുറിച്ചു. കറുപ്പിലും വെളുപ്പിലുമായിരുന്നു അന്നത്തെ പ്രക്ഷേപണങ്ങൾ. 1965 ൽ ഓൾ ഇന്ത്യാ റേഡിയോയുടെ ഭാഗമായി ദൂരദർശൻ ദില്ലിയിൽ ദൈനംദിന പ്രക്ഷേപണം ആരംഭിച്ചു. 1972 ൽ ദൂരദർശൻ മുംബൈയിൽ സംപ്രേഷണം ആരംഭിച്ചു. 1975 വരെ ഇന്ത്യയിലെ ഏഴു നഗരങ്ങളിൽ മാത്രമേ ദൂരദർശൻ പ്രക്ഷേപണം ലഭ്യമായിരുന്നുള്ളൂ. 1976 ൽ ദൂരദർശനും ആകാശവാണിയും രണ്ടു വ്യത്യസ്ത വകുപ്പുകളുടെ കീഴിലായി. ദൂരദർശന്റെ ദേശീയ പ്രക്ഷേപണം 1982ൽ ആരംഭിച്ചു. ഇതേ വർഷം കളർ ടി.വി.കൾ ഇന്ത്യൻ വിപണിയിൽ ലഭ്യമായി. 1982 ലെ സ്വാതന്ത്ര്യദിന പരേഡും ഏഷ്യാഡും ദൂരദർശൻ ബഹുവർണത്തിൽ സംപ്രേഷണം ചെയ്തുതുടങ്ങി. രാമായണം, മഹാഭാരതം, ഹം ലോഗ്, ബുനിയാദ് തുടങ്ങിയ പരമ്പരകളിലൂടെ എൺപതുകളിലെ പ്രേക്ഷകരെ ദൂരദർശൻ കീഴടക്കി. രംഗോളി, ചിത്രഹാർ, തുടങ്ങിയവ 1980 കളിലെ ജനകീയ പരിപാടികൾ ആണ്.

ഇന്ന് ഇന്ത്യയിലെ 90% നു മുകളിൽ ആളുകൾക്കും 1400 ഭൂതല ട്രാൻസ്മിറ്ററുകളിലൂടെ ദൂരദർശൻ ലഭ്യമാണ്. 46 ദൂരദർശൻ സ്റ്റുഡിയോകൾ രാജ്യമൊട്ടാകെ പരിപാടികൾ നിർമ്മിക്കുന്നു. രണ്ടു ദേശീയ ചാനലുകൾ, 11 പ്രാദേശിക ഉപഗ്രഹ ചാനലുകൾ, നാലു സംസ്ഥാന നെറ്റ് വർക്കുകൾ, ഒരു അന്താരാഷ്ട്ര ചാനൽ, ഒരു കായിക ചാനൽ, പാർലമെന്റിനു വേണ്ടി രണ്ടു ചാനലുകൾ (ഡി ഡി ലോകസഭ, ഡി ഡി രാജ്യസഭ) എന്നിവ ഉൾപ്പെടെ 19 ചാനലുകൾ ഇന്നു ദൂരദർശന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഡി ഡി വൺ ദേശീയ പരിപാടിയിൽ സമയം പങ്കുവെച്ച് പ്രാദേശിക പരിപാടികൾ അവതരിപ്പിക്കുന്നുമുണ്ട്. ഡി ഡി വാർത്താ ചാനൽ (ഡി ഡി മെട്രോയ്ക്കു പകരം 2003 നവംബർ 3ന് തുടങ്ങിയത്) 24 മണിക്കൂറും വാർത്തകൾ സംപ്രേഷണം ചെയ്യുന്നു. ഖൊ ഖൊ, കബഡി തുടങ്ങിയ നാടൻ കായിക കലകളെക്കൂടി പ്രക്ഷേപണം ചെയ്യുന്ന ചാനലാണ് ഡി ഡി കായികം. ഓരോ സംസ്ഥാനത്തെയും ഭൂതല ചാനലുകൾക്കു പുറമേ ഏതാനും പ്രാദേശിക ഭാഷാ ഉപഗ്രഹ ചാനലുകളും നിലവിലുണ്ട്. പ്രാദേശിക ഭാഷാ (ഭൂതല) ചാനലുകൾ അതതു സംസ്ഥാനങ്ങളിൽ മാത്രമേ ലഭ്യമാകൂ എന്നിരിക്കെ പ്രാദേശിക ഭാഷാ ഉപഗ്രഹ ചാനലുകൾ ദേശീയതലത്തിൽ ലഭ്യമാകും എന്നതാണ് പ്രത്യേകത. പ്രാദേശിക ഭാഷാ ഉപഗ്രഹ ചാനലുകൾക്കുമുമ്പേ നിലവിൽവന്ന ഭൂതല സംപ്രേഷണ ചാനലുകൾ പലതും ഇന്നും നിലനില്ക്കുന്നുണ്ട്. ഡി. ഡി കേരള ഉദാഹരണം. ഇവയ്ക്ക് അതതു സംസ്ഥാനങ്ങളിൽ ഏറെ പ്രേക്ഷകരുമുണ്ട്. സ്വകാര്യ ചാനലുകളുടെ തള്ളിക്കയറ്റം ദൂരദർശന്റെ കാഴ്ച്ചക്കാരുടെ എണ്ണത്തിൽ വലിയ കുറവു വരുത്തി. വരുമാനത്തിലുള്ള കുറവിനു പിന്നാലെ നിലവാരത്തിൽ ദൂരദർശൻ പിന്നോട്ടുപോയി എന്ന പരാതിയും വ്യാപകമാണ്. പക്ഷേ, ഇപ്പോഴും ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന ചാനലാണ് ദൂരദർശൻ.

1998 മുതൽ 'സ്റ്റാർ ന്യൂസ്' വാർത്താ ചാനലായി രംഗത്തുണ്ടായിരുന്നുവെങ്കിലും ആദ്യ ഇന്ത്യൻ ഇംഗ്ലീഷ് വാർത്താചാനലായി എൻ.ഡി.ടി.വി സംപ്രേഷണമാരംഭിക്കുന്നതും 2003 ൽ തയന്നെയാണ്. തൊട്ടുമുമ്പ് സീ, ആജ്തക്ക് എന്നീ ഹിന്ദി വാർത്താ ചാനലുകൾ നിലവിൽ വന്നിരുന്നു. ടെലിവിഷൻ ചാനലുകളുടെയും പ്രേക്ഷകരുടെയും എണ്ണത്തിലും പരസ്യവരുമാനത്തിലും ഹിന്ദി, തമിഴ്, തെലുഗു, കന്നട ഭാഷകളാണ് മുന്നിൽ

### കേരളത്തിൽ

മലയാളിയുടെ മാധ്യമരംഗം റേഡിയോ പരിപാടിയിലും പത്രങ്ങളിലും മാത്രം ഒതുങ്ങിനിന്ന കാലത്താണ് ടെലിവിഷൻ ചാനലുകൾ രംഗത്തെത്തിയത്. 1982 -ൽ ചെറിയ ട്രാൻസ്മിഷൻ യൂണിറ്റ് ടാഗോർ തിയേറ്ററിൽ ആരംഭിച്ചതോടെയാണ് ദൂരദർശൻ ടെലിവിഷൻ സംപ്രേഷണത്തിന് കേരളത്തിൽ തുടക്കം കുറിച്ചത്. ആദ്യകാലങ്ങളിൽ തിരുവനന്തപുരം സിറ്റിയിൽ ഒതുങ്ങിനിന്ന സംപ്രേഷണം ഇന്ന് ലോകത്തെവിടെയും ലഭ്യമാകുന്ന ഒന്നാണ്. തിരുവനന്തപുരത്തെ

കുടപ്പനക്കുന്നിലാണ് ദൂരദർശന്റെ കേരളത്തിലെ ആസ്ഥാനം. ഏഷ്യാനെറ്റ്, സൂര്യ, കൈരളി, ഇൻഡ്യാവിഷൻ, ജീവൻ, അമൃത, മനോരമ ന്യൂസ്, ജയ്ഹിന്ദ്, ഭാരത് ടി വി, മീഡിയ വൺ, റിപ്പോർട്ടർ തുടങ്ങിയ സ്വകാര്യ ചാനലുകൾകൂടി മലയാള പ്രക്ഷേപണരംഗത്തുണ്ട്. 2003 ജൂലൈ 14 നാണ് ഇന്ത്യാവിഷൻ ആദ്യ മലയാള വാർത്താചാനലായി സംപ്രേഷണമാരംഭിച്ചത്. 1992 ൽ ഇന്ത്യയിൽ ആദ്യം നിലവിൽ വന്ന രണ്ട് ഉപഗ്രഹചാനലുകളിൽ ഒന്ന് മലയാളത്തിലെ ഏഷ്യാനെറ്റായിരുന്നു.

### മലയാളത്തിലെ ചാനലുകൾ

കേരള ഗവൺമെന്റ് വിദ്യാഭ്യാസവകുപ്പിന്റെ നിയന്ത്രണമുള്ള വിദ്യാഭ്യാസ ചാനലാണ് വിക്ടേഴ്സ്. വിദ്യാഭ്യാസത്തിനു വേണ്ടി മാത്രം വിക്ഷേപിച്ച ഇന്ത്യയുടെ എഡ്യൂസാറ്റ് എന്ന ഉപഗ്രഹത്തിൽ നിന്നാണ് ഈ ചാനൽ സംപ്രേഷണം നടത്തുന്നത്. എസ്. എസ്. എൽ. സി, ഹയർ സെക്കൻഡറി തുടങ്ങിയ ക്ലാസ്സുകളിലെ കുട്ടികൾക്കായി വിദഗ്ധർ പാഠങ്ങൾ നടത്തുന്നു. രാവിലെ 6.30 മുതൽ രാത്രി 11.00 വരെ ഈ ചാനലിൽ സംപ്രേഷണമുണ്ട്. സ്വകാര്യമേഖലയിൽ തുടക്കമിട്ട ആദ്യത്തെ മലയാളം ടെലിവിഷൻ ചാനൽ ഏഷ്യാനെറ്റ് ആണ്. 1994 ൽ ഏഷ്യാനെറ്റ് വാർത്താപരിപാടികൾ തുടങ്ങി. മലയാളത്തിൽ ആദ്യ മുഴുനീള വാർത്താചാനൽ ഇന്ത്യാവിഷനായിരുന്നു. 2003 ആഗസ്തിൽ തുടങ്ങി. 2014 മാർച്ച് 13ന് ചാനൽ സംപ്രേഷണം നിലച്ചു. മലയാളത്തിലെ ആദ്യ പൊതുസംരംഭ ചാനലാണ് കൈരളി ടി.വി. 2000 ൽ കൈരളി, വാർത്താ ചാനലായ പീപ്പിൾ ടി.വി യും തുടങ്ങി. 2007ൽ കൈരളി വി. ടി.വി യും ആരംഭിച്ചു. 2006 ൽ ആരംഭിച്ച മുഴുനീള വാർത്താ ചാനലാണ് മനോരമ ന്യൂസ്. മലയാളമനോരമ പത്രത്തിനു കീഴിലുള്ള ചാനലാണിത്. മഴവിൽ മനോരമ എന്ന പേരിൽ വിനോദപരിപാടികളുടെ മറ്റൊരു ചാനലും ഇതിനു കീഴിലുണ്ട്. മാതൃഭൂമി ദിനപത്രത്തിനു കീഴിലുള്ള മാതൃഭൂമി ന്യൂസ് വാർത്താചാനലുകളിൽ പ്രധാനപ്പെട്ടതാണ്. പാലാരിവട്ടം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മുഴുനീള ചാനലാണ് ജീവൻ ടി.വി. വാർത്താധിഷ്ഠിത ചാനലാണ് ജയ്ഹിന്ദ് ടി വി. തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു. കേരളത്തിൽ ഹൈ ഡെഫനിഷൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വാർത്താചാനലാണ് റിപ്പോർട്ടർ ടി വി. കോഴിക്കോട് ആസ്ഥാനമായി സംപ്രേഷണം ചെയ്യുന്ന ന്യൂസ് ആന്റ് കൾച്ചറൽ ടി.വി. ചാനലാണ് മീഡിയ വൺ. മാധ്യമം ബ്രോഡ്കാസ്റ്റിങ് ലിമിറ്റഡിന് കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മീഡിയവൺ 2013 ഫെബ്രുവരി 10 മുതൽ പ്രക്ഷേപണമാരംഭിച്ചു. *നേര് നന്മ* എന്നതാണ് ചാനലിന്റെ മുദ്രാവാക്യം.

ജനം മൾടിമീഡിയ എന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ കീഴിലാണ് ജനം ടി വി പ്രവർത്തിക്കുന്നത്. സംഘ്പരിവാർ സംഘടനകളുടെ നിയന്ത്രണത്തിലുള്ളതാണ് ഈ ചാനൽ. 2014 ഏപ്രിലിൽ പ്രവർത്തനം തുടങ്ങി. 2012 ജനുവരിയിൽ കോഴിക്കോട് നിന്ന് പ്രക്ഷേപണമാരംഭിച്ച വിനോദ ചാനലാണ് ദർശന ടിവി. സഞ്ചാരം എന്ന യാത്രാധിഷ്ഠിത പരിപാടിയിലൂടെ ശ്രദ്ധേയനായ സന്തോഷ് ജോർജ്ജ് കുളങ്ങര സ്ഥാപിച്ച ചാനലാണ് സഫാരി ടി. വി.

### ദൃശ്യമാധ്യമങ്ങളും സമൂഹവും

വാർത്താ ടെലിവിഷൻ ദൃശ്യമാധ്യമരംഗത്തു സൃഷ്ടിച്ച മാറ്റങ്ങൾ, വർത്തമാനപത്രങ്ങൾ ആധുനികതയിൽ സൃഷ്ടിച്ച വിപ്ലവത്തിനു സമാനമാണ്. കടലാസു പത്രത്തെക്കാൾ പ്രകടവും ജനപ്രിയവും വ്യാപകവും ആയത് ടെലിവിഷൻ തന്നെ. ദേശരാഷ്ട്രങ്ങളുടെ രൂപീകരണവും ജനാധിപത്യ, പൊതുമണ്ഡലങ്ങളുടെ ആവിർഭാവവും ഭാഷാദേശീയതകളുടെ വ്യാപനവും മറ്റുമായി ബന്ധപ്പെട്ടാണ് പത്രത്തിന്റെ പ്രചാരവും സംസ്കാരവും. ആധുനികതയുടെ അന്ത്യമെന്നതുപോലെ ദേശരാഷ്ട്രങ്ങളുടെയും ഭാഷാദേശീയതകളുടെയും പൊതുമണ്ഡലത്തിന്റെ തന്നെയും അന്ത്യമായി കാണാവുന്ന ബഹുരാഷ്ട്ര മുതലാളിത്തത്തിന്റെ വിവരസാങ്കേതിക

വിദ്യയാണ് ടെലിവിഷൻ എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മുതലാളിത്ത വിപണി, നേരത്തേ തകർത്തുകളഞ്ഞ പൊതുമണ്ഡലത്തെ ടെലിവിഷൻ സംസ്കാരം പുനർനിർമിച്ചു. ഇന്ത്യയുടെ ദേശീയ, രാഷ്ട്രീയ, സാമൂഹിക ചരിത്രത്തിൽ ആധുനികതയുടെ മാറ്റം സാധ്യമാക്കിയ ആഗോളവൽക്കരണത്തിന്റെ ഏറ്റവും പ്രധാന ഫലങ്ങളിലൊന്നായാണ് 1998 ൽ ആഗോള മാധ്യമ കുത്തകയായ ന്യൂസ് കോർപ്പറേഷൻ *സ്റ്റാർന്യൂസ്* എന്നപേരിൽ ഇന്ത്യയിലാരംഭിച്ച വാർത്താ ചാനലിനെ കാണേണ്ടത്. അഞ്ചുവർഷത്തെ സംപ്രേഷണത്തിനുശേഷം സ്റ്റാർന്യൂസ് പിൻവാങ്ങിയെങ്കിലും നൂറുകണക്കിന് ഇന്ത്യൻ വാർത്താ ചാനലുകൾ തുടർന്ന് നിലവിൽ വന്നു. 1959-91 കാലത്തെ ദൂരദർശൻ പ്രഭാവവും 1992 -മുതലുള്ള സ്വകാര്യ, ഉപഗ്രഹ ടെലിവിഷൻ പ്രഭാവവും 1998 മുതലുള്ള വാർത്താ ടെലിവിഷൻ പ്രഭാവവുമാണ് നാളിതുവരെയുള്ള ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ മൂന്നുഘട്ടങ്ങൾ. ഇന്ത്യൻ ദേശീയതയിൽ ഇന്ദിരാ, രാജീവ് യുഗത്തിന്റെ രൂപകമെന്ന നിലയിൽ ഭരണകൂടമാധ്യമമായി റേഡിയോക്കൊപ്പം ടെലിവിഷനും നിലനിന്നിരുന്നു. അക്കാലത്താണ് ശ്രാവ്യ, ദൃശ്യ മാധ്യമങ്ങളുടെ ഭരണകൂട നിയന്ത്രണവും അവസാനിക്കുന്നത് രാജീവ്ഗാന്ധിയാണ് ഇന്ത്യൻ ടെലിവിഷന്റെ ചരിത്രം വഴിതിരിച്ചുവിട്ടത്. രാമായണം, മഹാഭാരതം പരമ്പരകളിലൂടെ എൺപതുകളുടെ ഒടുവിൽ ടെലിവിഷൻ ഇന്ത്യൻ ജനതയുടെ വിനോദ മാധ്യമമായി മാറുകയും ചെയ്തു. ആഗോളവൽക്കരണത്തെ തുടർന്നുള്ള മാറ്റങ്ങളുടെ ഗതി അത് നിർണയിച്ചു. 1959 മുതലുള്ള ഒരു ദശകത്തിൽ ഇന്ത്യയിൽ ഇരുപത്തയ്യായിരം ടി.വി.സെറ്റുകളാണ് ഉണ്ടായിരുന്നതെങ്കിൽ 1982 ആകുമ്പോഴേക്കും അത് ഇരുപതുലക്ഷമായി. ഏഷ്യൻ ഗെയിംസ്, ക്രിക്കറ്റ് വേൾഡ് കപ്പ് ക്രിക്കറ്റ് വിജയം എന്നിവ ഇന്ത്യൻ ടെലിവിഷന്റെ വിധി മാറ്റിവരച്ചു. രണ്ടു വർഷംകൊണ്ട് ടെലിവിഷന്റെ എണ്ണം പത്തുലക്ഷം വർധിച്ചു. പിന്നീടൊരു ദശകംകൊണ്ട് ആഗോളവൽക്കരണത്തിനും ഉപഗ്രഹ ടെലിവിഷൻ സാങ്കേതികവിദ്യക്കും തുടക്കമിടുമ്പോഴേക്കും ഇന്ത്യയിലെ ടി.വി.സെറ്റുകളുടെ എണ്ണം മൂന്നുകോടിയായി മാറിയിരുന്നു. പക്ഷെ അപ്പോഴും ഒരൊറ്റ ടെലിവിഷൻ ചാനലേ ഇന്ത്യയിലുണ്ടായിരുന്നുള്ളൂ. രണ്ടുപതിറ്റാണ്ടിനുള്ളിൽ എഴുനൂറിലധികം ചാനലുകൾ ഇന്ത്യയിൽ സംപ്രേഷണമാരംഭിച്ചു. ശരാശരി ആഴ്ചയിൽ ഒരു പുതിയ ചാനൽ എന്നനിലയിൽ. ടി.വി.സെറ്റുകളുടെ എണ്ണമാകട്ടെ ഏതാണ്ട് ഇരുപതുകോടിയായും വര്ധിച്ചു. ആഗോളവല്ക്കെരണം, സാങ്കേതികവിദ്യ എന്നീ ഘടകങ്ങൾ മുൻനിറുത്തി മാത്രമെ ഇന്ത്യൻ ജനതയിലുള്ള ടെലിവിഷന്റെ സ്വാധീനം വിലയിരുത്താനാവൂ

പത്രവും ദേശീയതയും തമ്മിലുള്ള ബന്ധം ആഗോളതലത്തിൽ തന്നെ വിപുലമായി പഠിക്കപ്പെട്ടിട്ടുള്ള വിഷയമാണ്. അതിന്റെ തുടർച്ചയായി ടെലിവിഷനും ദേശീയതയെ നിർണയിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം സാമ്പത്തിക കുത്തകകളുടെ താൽപര്യങ്ങളും ഇന്ത്യൻ ടി വി യെ നിയന്ത്രിക്കുന്നുണ്ട്. 1990 ൽ പോലും ആകെ പരസ്യവരുമാനത്തിന്റെ എഴുപതുശതമാനവും അച്ചടിമാധ്യമങ്ങൾക്കാണു ലഭിച്ചിരുന്നതെങ്കിൽ 2005 ആകുമ്പോഴേക്കും ഇത് നാല്പത്തേഴു ശതമാനമായി കുറയുന്നുണ്ട്. 1990 ൽ പതിനാറ് ശതമാനമായിരുന്ന ടെലിവിഷന്റെ പരസ്യവിഹിതം 2005 ൽ നാല്പത്തിരണ്ട് ശതമാനമായി വർധിക്കുകയും ചെയ്യുന്നു. ക്രിക്കറ്റ്, സിനിമ, ക്രൈം എന്നീ മൂന്നു മേഖലകളിലാണ് ഇന്ത്യൻ ടെലിവിഷന്റെ പരിപാടികൾ കേന്ദ്രീകരിച്ചിരിക്കുന്നത്. ബോളിവുഡിനെപ്പോലും മറികടന്ന ജനപ്രിയ മാധ്യമസംസ്കാരമായി ഇന്ത്യയിൽ ക്രിക്കറ്റിനെ മാറ്റുന്നതിൽ ആഗോള കുത്തകകൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അതി പ്രാധാന്യമുള്ള രാഷ്ട്രീയ വാർത്തകൾ കഴിഞ്ഞാൽ വാർത്താ ചാനലുകളുടെ പരിഗണന ലഭിച്ചത് ക്രിക്കറ്റിനും സിനിമക്കുമാണ്.

ഇന്ത്യൻ വാർത്താ ചാനലുകളിലെ രാഷ്ട്രീയ സംവാദങ്ങൾ പൊതുമണ്ഡലം, ജനാധിപത്യം, സംവാദാത്മകത തുടങ്ങിയ സങ്കൽപനങ്ങളെ ടെലിവിഷനോടിണക്കി ചർച്ച ചെയ്യാവുന്നതാണ്. രാഷ്ട്രീയ, ജനാധിപത്യ മണ്ഡലങ്ങളിൽ ടെലിവിഷൻ സംവാദങ്ങൾ സവിശേഷമായി ആസൂത്രണം

ചെയ്യപ്പെടുന്നുണ്ട്. അവയിലൂടെ നഗര, മധ്യവർഗ, മാധ്യമസംസ്കാരത്തിനു മേൽക്കോയ്മ കൈവരുന്നു. വാർത്താ ബുള്ളറ്റിനുകളിൽ മാത്രമല്ല ടോക്ഷോകളിലും അഭിമുഖങ്ങളിലും ഒക്കെ സംവാദപ്രിയരായ പൗരജനത്തെ തൃപ്തിപ്പെടുത്തുന്ന വിധമാണ് വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. സമൂഹത്തെ സംബന്ധിക്കുന്ന ഏതു വിഷയവും തുറന്നു ചർച്ചചെയ്യാനുള്ള വേദിയായി ചാനൽ മാറുന്നു. 'മാധ്യമം തന്നെയാണ് സന്ദേശം' എന്ന മക്ലൂഹന്റെ വാക്കുകൾ ഇത്രമേൽ ശരിവയ്ക്കുന്ന മറ്റൊരു മാധ്യമമണ്ഡലമില്ല.

## മാറുന്ന മാധ്യമലോകം

എൻ പി രാജേന്ദ്രൻ

വാർത്തകൾ ന്യൂസ്പ്രിന്റിൽ അച്ചടിച്ച് രാവിലെ വീടുകളിൽ കൊണ്ടുചെന്നിടുന്ന സമ്പ്രദായം പ്രാകൃതമാണെന്ന് കരുതുന്നവരുടെ എണ്ണം കൂടി വരുന്നുണ്ട്. അച്ചടിമാധ്യമത്തിന് മരണമണി മുഴങ്ങുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ പതിവായിരിക്കുന്നു. അറിയപ്പെടുന്ന മാധ്യമവിദഗ്ധനായ ഫിലിപ്പ് മെയ്ർ *വാനിഷിങ് ന്യൂസ്പേപർ* എന്ന കൃതിയിൽ 2043 ൽ അവസാനത്തെ പത്രം അച്ചടിക്കുമെന്നാണ്. ഈ പ്രവചനങ്ങൾ കാര്യമായി എടുക്കേണ്ടതില്ലെന്ന് പറയുന്നവരുമുണ്ട്. മരിച്ചാലും ഇല്ലെങ്കിലും, അച്ചടിമാധ്യമത്തിന്റെ പ്രാധാന്യം കുറഞ്ഞിരിക്കുന്നുവെന്ന സത്യം നിഷേധിക്കാനാവില്ല. പുതിയ മാധ്യമരൂപങ്ങൾ പുതിയ കാലത്ത് കൂടുതൽ സ്വീകാര്യമായിരിക്കുന്നു. റേഡിയോ വന്നപ്പോൾതന്നെ പത്രത്തിന്റെ ഏക വാർത്താസ്രോതസ് എന്ന പദവിക്ക് കോട്ടംതട്ടിയതാണ്. പിന്നെ കുറെ കഴിഞ്ഞാണ് ടെലിവിഷൻ വന്നത്. എന്നിട്ടും എവിടെയും പത്രം ഇല്ലാതായില്ല. റേഡിയോവോ ടെലിവിഷനോ ഉയർത്തിയിട്ടില്ലാത്ത ഭീഷണി ഇപ്പോഴുയർത്തിയത് ഇന്റർനെറ്റ് ആണ്.പതിനഞ്ചിനും ഇരുപത്തിനാലിനും ഇടയിൽ പ്രായമുള്ളവർ പത്രവായനയ്ക്ക് ചെലവഴിച്ചിരുന്ന സമയത്തിൽ മുപ്പതുശതമാനം കുറവുവരുത്തിയെന്നാണ് ബ്രിട്ടനിൽ 2006 ൽ നടന്ന പഠനം വെളിവാക്കിയത്.

1896 മുതൽ അമേരിക്കൻ മാധ്യമലോകത്തിൽ നിറഞ്ഞുനിന്ന ന്യൂയോർക് ടൈംസിന്റെ ഇപ്പോഴത്തെ നില വികസിതലോകത്തെ അച്ചടിമാധ്യമങ്ങളുടെ അവസ്ഥയുടെ പ്രതീകമാണ്. ഓരോ വർഷവും പത്രത്തിന്റെ പ്രചാരം കുറയുകയാണ്. അമേരിക്കൻ ബ്യൂറോ ഓഫ് സർക്കുലേഷന്റെ കണക്കുകളനുസരിച്ച് 530 ദിനപത്രങ്ങളുടെ ശരാശരി പ്രചാരം 3.6 ശതമാനം കുറവായിരുന്നു. സാമ്പത്തികമാന്ദ്യത്തേക്കാൾ ഇന്റർനെറ്റ് മാധ്യമങ്ങളുടെ വളർച്ചയാണ് ഈ ദുരവസ്ഥയ്ക്ക് കാരണമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. പത്രവും ടെലിവിഷനും നൽകുന്ന സൗകര്യങ്ങൾ പലതും ഇന്റർനെറ്റ് നൽകുന്നു. വായിക്കാം, തോന്നുമ്പോൾ കാണാം, പ്രിന്റെടുത്തുസൂക്ഷിക്കുകയും ആവാം. വാർത്തകളുടെ അപ്ഡേറ്റിങ്ങ് സാധ്യവുമാണ്. വാർത്ത വായനക്കാരനെ തേടിവരുന്ന കാലമാണ് ഇത്. വായനക്കാരുടെ ഫീഡ്ബാക് എഡിറ്റിങ് പോലുമില്ലാതെ ഇന്റർനെറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു. ലേഖകന്മാരുമായി വായനക്കാർക്ക് ബന്ധപ്പെടാം, അഭിപ്രായങ്ങൾതേടാം, കൂടുതൽവിവരം ശേഖരിക്കാം. പശ്ചാത്തലവിവരങ്ങൾ നോക്കാം. ഇതെല്ലാം ഇന്റർനെറ്റിനെ ഇഷ്ടമാധ്യമമാക്കുന്നു. വണ്ടിയിലും പാർക്കിലും ലാപ്ടോപ്പിൽ വാർത്ത വായിക്കുന്നത് ഇപ്പോൾ സാധാരണ കാഴ്ചയാണ്. ഇങ്ങനെ വായിക്കുന്നത് അച്ചടിച്ചിറങ്ങുന്ന അതേ പത്രത്തിന്റെ ഇ പേപ്പർ എന്നുവിളിക്കുന്ന ഡിജിറ്റൽ എഡിഷനുകളാണെന്നും ശ്രദ്ധേയമാണ്. അമേരിക്കൻ വായനക്കാർക്കിടയിൽ വാഷിങ്ടണിലെ പ്യൂ റിസർച്ച് സെന്റർ നടത്തിയ പഠനം പത്രത്തിൽ വായിക്കുന്നതിനേക്കാൾ കൂടുതൽ ആഴത്തിൽ വാർത്തകൾ ഇന്റർനെറ്റിൽ വായിക്കുന്നു എന്നാണ്. പത്രങ്ങൾതന്നെ വാർത്ത സൗജന്യമായി ഇന്റർനെറ്റിൽ നൽകുന്നു.

പുതിയ മാധ്യമരൂപങ്ങൾക്ക് സ്വീകാര്യത കൂടുമ്പോഴും ആളുകൾ ഏറ്റവും വിശ്വാസ്യതയുള്ള മാധ്യമമായി കാണുന്നത് അച്ചടിപത്രങ്ങളെയാണ് എന്ന സത്യം അവശേഷിക്കുന്നു. ഏറ്റവും വിശ്വാസ്യതയുള്ള പത്രത്തിനാണ് ഏറ്റവും വില്പനയുണ്ടാവുക എന്നത് പഴയ സങ്കല്പം മാത്രമാണ്പത്രങ്ങളേക്കാൾ വിശ്യാസ്യത കുറവാണെങ്കിലും ആദ്യവിവരത്തിന് ബഹുഭൂരിപക്ഷമാളുകളും ആശ്രയിക്കുന്നത് ടി.വി.യെയാണ്. കുറയുന്ന പ്രചാരവും വരുമാനവും പത്രങ്ങളെ അവയുടെ ചെലവുകൾ വെട്ടിക്കുറയ്ക്കാൻ നിർബന്ധിതമാക്കുന്നു. എളുപ്പം കുറയ്ക്കാവുന്നത് പത്രപ്രവർത്തനത്തിന്റെ ചെലവാണ്. ഇതിനുവേണ്ടി ശംബളം, പ്രത്യേക സെക്ഷനുകൾ പത്രപ്രവർത്തനം, സ്പെഷലൈസ്ഡ് റിപ്പോർട്ടിങ് പോലുള്ള ചെലവേറിയ ഏർപ്പാടുകൾ വേണ്ട എന്നുവെക്കുന്നു. ബഹുഭൂരിപക്ഷം മാധ്യമകമ്പനികളുടെയും നയങ്ങൾ നിശ്ചയിക്കുന്നത് എത്രതുക ഓഹരിയുടമകൾക്ക് വാർഷിക ഡിവിഡന്റ് കൊടുക്കാൻ കഴിയും എന്നതിനെ ആശ്രയിച്ചാണ്. സ്വാഭാവികമായും ലാഭം കൂട്ടാനുള്ള എളുപ്പവഴികൾ പത്രത്തിന്റെ മേന്മയെ ബാധിക്കുന്നു. ഗൗരവമുള്ള റിപ്പോർട്ടിങ്ങിൽ നിന്ന് ശ്രദ്ധ ജനപ്രിയ ഉള്ളടക്കത്തിലേക്ക് മാറുന്നു. അർഥശൂന്യമായ രാഷ് ട്രീയസംഭവവികാസങ്ങൾക്കും പ്രസംഗങ്ങൾക്കും നൽകുന്നതിലേറെ പ്രാധാന്യം പ്രയോജനപ്പെടുന്ന അറിവുകൾക്ക് നൽകുന്നത് പത്രപ്രവർത്തനത്തിലുണ്ടായ നല്ല മാറ്റംതന്നെയാണ്. മാർക്കറ്റ് റിസർച്ചിന് വലിയ പ്രാധാന്യം നൽകുന്ന പത്രങ്ങളാണ് വിപണിയിൽ വിജയം നേടുന്നത്. ഇന്റർനെറ്റിനെത്തന്നെ പത്രം അതിന്റെ പ്രചാരണത്തിനും ഉള്ളടക്കത്തിന്റെ മൂല്യവർദ്ധനയ്ക്കും ഉപയോഗിക്കുന്നുണ്ട്. ഇന്റർനെറ്റ് എഡിഷനിൽ ആദ്യം വാർത്തയും ചിത്രങ്ങളും പ്രസിദ്ധപ്പെടുത്തുകയും അവയുടെ വിപുലീകൃതവും മൂല്യവർദ്ധിതവുമായ രൂപം പത്രത്തിൽ ഉപയോഗിക്കുകയും ചെയ്തുകൊണ്ട് രണ്ടുമാധ്യമങ്ങൾക്കും പരസ്പരപൂരകങ്ങളായി മാറാൻ കഴിയുമെന്ന ചിന്തയ്ക്കും സ്വീകാര്യത ലഭിച്ചുകഴിഞ്ഞു.

അച്ചടിമാധ്യമങ്ങളുടെ ഉള്ളടക്കത്തിന്റെ പൊതുകാര്യപ്രസക്തി കുറഞ്ഞുവരുന്നത് ഫോർത് എസ്റ്റേറ്റ് എന്ന അവയുടെ റോളിന് മങ്ങലേൽപ്പിക്കില്ലേ എന്ന ചോദ്യം ഉയരാറുണ്ട്. ഇത് ശരിയാണ്. ജനാധിപത്യസ്ഥാപനം എന്ന നിലയിലുള്ള തിരുത്തൽശക്തി മാധ്യമങ്ങൾക്ക് നഷ്ടപ്പെട്ടാൽ അതിന്റെ ദൂരന്തം പൊതുസമൂഹമാണ് അനുഭവിക്കേണ്ടി വരിക. പത്രമോ ടെലിവിഷനോ മാത്രമല്ല ഇന്നത്തെ മാധ്യമരൂപം. സ്വതന്ത്രവ്യക്തികൾ പൗരന്മാർ മാധ്യമപ്രവർത്തകരായി മാറുകയും അവരുടെ സൃഷ്ടികൾ വലിയ ആശയവിനിമയ മാധ്യമമായി ഉയർന്നുവരികയും ചെയ്യുന്നുണ്ട്. ഇന്റർനെറ്റാണ് ഇതിന് വഴിയൊരുക്കിയിട്ടുള്ളത്. പത്രസ്വാതന്ത്ര്യമെന്നത് വ്യക്തിയുടെ അഭിപ്രായസ്വാതന്ത്ര്യം തന്നെയാണ്, അല്ലെങ്കിൽ അതുമാത്രമാണ് എന്ന ഇന്ത്യൻ ഭരണഘടനാ സങ്കൽപ്പത്തിന്റെ സാക്ഷാത്കാരം തന്നെയാണ് ബ്ളോഗിങ്ങും സിറ്റിസൺ ജേണലിസവും.

യൂസർ ജനറേറ്റഡ് കണ്ടന്റെന്ന് വിളിക്കുന്ന സാധാരണവ്യക്തികളുടെ കലാസംഭാവനകൾ കൊണ്ടുമാത്രം നിലനിൽക്കുന്ന യൂട്യൂബ് എന്ന മാധ്യമത്തിന്റെ വളർച്ച, എഡിറ്ററുടെ റോൾ എഡിറ്റർമാർതന്നെ പരിമിതപ്പെടുത്തുന്ന സമ്പ്രദായത്തിലേക്കാണ് പുതിയ മാധ്യമങ്ങൾ നിങ്ങുന്നതെന്ന യാഥാർഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. മുഖ്യധാരാമാധ്യമങ്ങൾക്ക് ബദൽ ആകാൻ ഇത്തരം മാധ്യമങ്ങൾക്ക് കഴിഞ്ഞേക്കുമെന്ന ഭയത്തിൽ കാര്യമില്ല. ഫോർത് എസ്റ്റേറ്റിനെ വിമർശിക്കാനും തിരുത്താനും കഴിയുന്ന ഫിഫ്ത് എസ്റ്റേറ്റായി ബ്ളോഗിങ്ങും സിറ്റിസൺ ജേണലിസവും വളരുന്നത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുക.

# ഫാസിസവും പത്രങ്ങളും

## എം എൻ വിജയൻ

നിരൂപകനും ഭാഷാദ്ധ്യാപകനുമാണ് എം. എൻ. വിജയൻ (ജനനം: 1930 ജൂൺ 8, മരണം: 2007 ഒക്ടോബർ 3) ജീവിതരേഖ. കൊടുങ്ങല്ലൂരിൽ ജനിച്ചു. എറണാകുളം മഹാരാജാസ് കോളെജിലും എറണാകുളം ഗവണ്മെന്റ് ലോ കോളെജിലും പഠിച്ചു. നിയമപഠനം പൂർത്തിയാക്കിയില്ല. മദിരാശി സർവ്വകലാശാലയിൽ നിന്ന് മലയാളം എം. എ. നേടി. 1952-ൽ മദിരാശി ന്യൂ കോളെജിൽ അദ്ധ്യാപകനായി. 1959-ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽ അദ്ധ്യാപകനായി ചേർന്നു. 1960-ൽ തലശ്ശേരി ബ്രണ്ണൻ കോളെജിൽ മലയാളവിഭാഗം അദ്ധ്യാപകനായി ചേർന്നു. 1985-ൽ വിരമിക്കുന്നതുവരെ അവിടെ തുടർന്നു. കേസരി. എ. ബാലകൃഷ്ണപിള്ളയുടെ നിരൂപണാദർശം പിന്തുടർന്ന നിരൂപകനാണ് എം.എൻ. വിജയൻ. മാർക്സിന്റെ സമൂഹ ചിന്തയും ഫ്രോയ്ഡിന്റെ വ്യക്തിമനഃശാസ്ത്രവും അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. കാളിദാസൻ, കുമാരനാശാൻ, ജി.ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, വൈലോപ്പിള്ളി, ബഷീർ എന്നിവരെയാണ് അദ്ദേഹം പ്രധാനമായും പഠനവിധേയമാക്കിയത്.

വളരെക്കുറച്ചു മാത്രമേ എഴുതിയിരുന്നുള്ളൂ. കവിതയും മനഃശാസ്ത്രവും എന്ന പുസ്തകത്തിൽ സമാഹരിക്കപ്പെട്ടത് ആദ്യകാല ലേഖനങ്ങളാണ്. പിൽക്കാല ലേഖനങ്ങൾ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ പകർത്തിയെഴുതി പ്രസിദ്ധീകരിക്കപ്പെട്ടവയാണ്. ജോലിയിൽ നിന്നു പിരിഞ്ഞതിനു ശേഷം വ്യാപകമായി പ്രഭാഷണങ്ങൾ നടത്തുകയും സാംസ്കാരിക പ്രവർത്തനത്തിൽ സജീവമാകുകയും ചെയ്തു. പുരോഗമന കലാസാഹിത്യ സംഘത്തിന്റെ സംസ്ഥാന അധ്യക്ഷനായിരുന്നു. ദേശാഭിമാനി വാരികയുടെയും പാഠം മാസികയുടെയും പത്രാധിപരായി പ്രവർത്തിച്ചിട്ടുണ്ട്. സാഹിത്യത്തെയും ജീവിതത്തെയും ക്ലാസ്സിക്കൽ മാർക്സിസത്തിന്റേയും വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റേതുമല്ലാത്ത നവീനമായ കാഴ്ച്ചപ്പാടുകൾ ഉപയോഗിച്ച് വിശദീകരിക്കാനുള്ള ശ്രമങ്ങളാണ് അദ്ദേഹം നടത്തിയത്. തൃശ്ശൂർ പ്രസ് ക്ലബിൽ വാർത്താസമ്മേളനം നടത്തിക്കൊണ്ടിരിക്കെ കുഴഞ്ഞുവീണു മരിക്കുകയായിരുന്നു. ചിതയിലെ വെളിച്ചം 1982-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. മനുഷ്യർ പാർക്കുന്ന ലോകങ്ങൾ, ചിതയിലെ വെളിച്ചം , മരുഭൂമികൾ പൂക്കുമ്പോൾ, പുതിയ വർത്തമാനങ്ങൾ, നൂതന ലോകങ്ങൾ, വർണ്ണങ്ങളുടെ സംഗീതം, കവിതയും മനഃശാസ്ത്രവും, ഫാസിസത്തിന്റെ മനഃശാസ്ത്രം, ഫാഷിസം സിദ്ധാന്തം, പ്രയോഗം, പ്രതിരോധം എന്നിവ പ്രധാന കൃതികൾ. *കാലിഡോസ്കോപ്* ആത്മകഥയാണ്. കറണ്ട് ബുക്സ് പ്രസിദ്ധീകരിച്ച സമ്പൂർണ കൃതികളിലെ ഏഴാം വാള്യത്തിലാണ് ഫാസിസവും പത്രങ്ങളും എന്ന ലേഖനം ഉൾപെടുത്തിയിരിക്കുന്നത്.

ഇറ്റലി അബ്സീനിയയെ അധിനിവേശം ചെയ്ത യുദ്ധകാലത്താണ് പത്രങ്ങളുണ്ടായത്. ഫാസിസത്തിന്റെ മുഖം ലോകം കണ്ടതും അന്നുമുതലാണ്. ഇന്ത്യയിലെ ഫാസിസം ഒരു ബഹുജനപ്രസ്ഥാനമാണ്. ഫാസിസ്റ്റുകൾ യഥാർഥ മനുഷ്യരല്ല എന്ന വിമർശനമാണ് നാം സാധാരണ പറയാറുള്ളത്. ആ പ്രയോഗം നമ്മെ നിരന്തരമായി വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ഹിറ്റ്ലർ ഒരു യഥാർഥ മനുഷ്യനായിരുന്നു എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ കൂടെയുള്ള അനേകലക്ഷം ജന

ങ്ങളും മനുഷ്യരായിരുന്നു. ആ മനുഷ്യർ തൊഴിലാളിവർഗത്തിൽപെട്ടവർ കൂടിയായിരുന്നു. യൂറോപ്യൻ ഫാസിസ്റ്റ് പ്രസ്ഥാനം ഒരു ഇടതുപക്ഷപ്രസ്ഥാനത്തിന്റെ അപചയത്തിൽനിന്നാണ് ഉടലെടുത്തത്. നാം നമുക്ക് ഇഷ്ടപ്പെട്ടതിനെയെല്ലാം കമ്യൂണിസ്റ്റ് എന്ന് പറയുന്നതുപോലെ ഇഷ്ടപ്പെടാത്തതിനെയെല്ലാം ഫാസിസ്റ്റ് എന്ന് തള്ളിപ്പറയാൻ തുടങ്ങുകയും ചെയ്യുന്നു. ഫാസിസത്തെ എതിർക്കാനും തകർക്കാനും ആദ്യം വേണ്ടത് ഫാസിസം എന്താണെന്ന് മനസ്സിലാക്കലാണ്. ലോകത്തെമുഴുവൻ രക്ഷിക്കാനുള്ള ശക്തിയായി ഇന്ത്യയിലെത്തന്നെ ജനങ്ങൾ ഫാസിസ്റ്റ് നേതാക്കന്മാരെ ഒരുകാലത്ത് കണ്ടിരുന്നു.

ഫാസിസ്റ്റ് ജപ്പാന്റെ മീതെ സഖ്യകക്ഷികൾ ഇട്ട ആറ്റംബോംബാണ് രണ്ടാംലോകമഹായുദ്ധം അവസാനിപ്പിച്ചത്. നമ്മുടെ രാജ്യം ബോംബിട്ട സഖ്യകക്ഷികളോടൊപ്പമായിരുന്നു അന്ന്. ഹിരോഷിമദിനം ആചരിക്കുമ്പോൾ നാം അതുകൂടി ഓർക്കണം. എല്ലാ രാഷ്ട്രീയക്കാർക്കുമറിയാവുന്നതുപോലെ പൊതുജനങ്ങളുടെ ഓർമ വളരെ ഹ്രസ്വമാണ്. സഖ്യകക്ഷികളുടെ കപ്പൽ തകർത്തത് ഒരു ജപ്പാനീസ് ചാവേറായിരുന്നു. ലോകചരിത്രത്തിൽ മുഴുവൻ ഭരണവർഗത്തിനുവേണ്ടി ചാവേറുകൾ ഉണ്ടായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ തത്വം രക്തസാക്ഷിത്വം ആണ്. തേനീച്ചക്കൂട് ഇളകുമ്പോൾ തേനീച്ചകൾ ആത്മഹത്യചെയ്യുന്നത് റാണിയെ രക്ഷിക്കാനാണ്. റാണിയെ രക്ഷിക്കാൻ ജനങ്ങൾ മരിക്കുന്നതിനെ നാം ദേശാഭിമാനം എന്നു വിളിക്കുന്നു. ഒരു ഫാസിസ്റ്റ് പൗരൻ തന്നെ ബലിയർപ്പിക്കുമ്പോൾ താൻ അമൂല്യമായ ഒന്നിന് അർപ്പിക്കുകയാണെന്ന ബോധത്തിലാകുന്നതാണ് ഫാസിസത്തിലെ മിസ്റ്റിസിസം (ഗൂഢാത്മകത). ഇത് എല്ലാ ഫാസിത്തിലുമുണ്ട്. പല തരത്തിലുണ്ട്. ഈ ഗൂഢാത്മകതയെ നശിപ്പിക്കുകയാണ് പത്രങ്ങളുടെ ഉത്തരവാദിത്വം. ഡോക്ടർമാർ, അധ്യാപകർ, മുതലാളിമാർ, അധികാരികൾ എന്നിവരെക്കുറിച്ചെല്ലാം സമൂഹത്തിൽ നിലനിൽക്കുന്ന ഗൂഢാത്മകതകളെ നശിപ്പിക്കേണ്ടതുണ്ട്.

ഒരു അധികാരി ഹരിജൻകോളനിയിലൂടെ നടന്നുപോകുന്നത് വലിയ വാർത്തയാകുന്നത് ആ അധികാരിയെ മിസ്റ്റിഫൈ ചെയ്യലാണ്. പത്രങ്ങൾ അൽഭുതങ്ങൾ വിളമ്പി വിൽക്കുകയാണ് ചെയ്യുന്നത്. സാധാരണ മരണം ചരമവും ലോറി കയറിയുള്ള മരണം വാർത്തയുമാകുന്നു. അത്ഭുതത്തെ ഊട്ടിവളർത്താനുള്ള പല സാങ്കേതികമാർഗങ്ങളും ഫാസിസം എന്നും വളർത്തിക്കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ടാണ് ഫാസിസം ഗൂഢാത്മകമായ മതതന്ത്രങ്ങൾ ഏറ്റെടുക്കുന്നത്. യഹൂദന്മാരെ ക്രൂശിക്കുമ്പോൾ യേശുവിന്റെ വംശം രക്ഷപ്പെടുന്നുവെന്നാണ് ഹിറ്റ്ലർ പ്രചരിപ്പിച്ചത്. ഫാസിസത്തിനും പത്രങ്ങൾക്കും എപ്പോഴും ക്രൂശിക്കാൻ ഒരു വർഗം അത്യാവശ്യമാണ്. ഒരുറുമ്പിനെ ഭൂതക്കണ്ണാടിവെച്ച് നോക്കിയാൽ അതിനടുത്തേക്ക് ആരും ചെല്ലില്ല. സിംഹത്തെ ദൂരെനിന്ന് കണ്ടാൽ അതിനടുത്തേക്ക് പോകാമെന്ന് തോന്നുകയും ചെയ്യും. പത്രം ഉറുമ്പിനെ ഉറുമ്പായിക്കാണാനോ സിംഹത്തെ സിംഹമായി കാണാനോ നമ്മെ അനുവദിക്കുന്നില്ല. പത്രം ചെലവാകണമെങ്കിൽ ഉറുമ്പിനെ സിംഹമായും സിംഹത്തെ ഉറുമ്പായും ചിത്രീകരിക്കണമെന്ന് വന്നിരിക്കുന്നു. പത്രങ്ങൾ അതിനാൽ വസ്തുതകൾ വക്രീകരിക്കുകയും വക്രീകരിച്ച വസ്തുത വ്യവസായമായിത്തീരുകയും ചെയ്തിരിക്കുന്നു.

പരസ്യം കൊണ്ടാണ് നമ്മുടെ പത്രങ്ങൾ ജീവിച്ചുപോകുന്നത്. പരസ്യങ്ങളെല്ലാം നുണയാണ്. രണ്ടുപേജ് നുണയുണ്ടെങ്കിൽ ആറുപേജ് പത്രം നടത്താം. വ്യവസായികളുടെയും അധികാരി

കളുടെയും പരസ്യപ്പലകകളാണ് പത്രവും റേഡിയോവും ടി വിയും. അങ്ങനെ യഥാർഥ പ്രശ്നങ്ങ ളിൽനിന്ന് നമ്മെ പത്രമാധ്യമങ്ങൾ അകറ്റുന്നു. ചായക്കോപ്പയിലെ കൊടുങ്കാറ്റ് പ്രധാന വാർത്തയും കടലിലെ കൊടുങ്കാറ്റ് വാർത്തയല്ലാതാവുകയും ചെയ്യുന്നു. ചെറിയ ചെറിയ എതിർപ്പുകൾ നിരന്തരം സ്വീകരിച്ച് അധികാരികൾ എതിർപ്പുകൾ സ്വീകരിക്കാൻ പരിശീലിക്കപ്പെടു ന്നു. ഈ പരിശീലനം നൽകുന്നത് പത്രങ്ങളാണ്. പിഴയടക്കുവാനുള്ള പണമില്ലാത്തതിനാൽ മേശയും കസേരയും വിറ്റ് തൊഴിലാളികൾക്ക് കൊടുത്ത് കേസരി എ ബാലകൃഷ്ണപിള്ള പത്രം പൂട്ടി. ഇന്നത്തെ പത്രക്കാർക്ക് ഒരു കസേരയും മേശയും നഷ്ടപ്പെടാനില്ല. മാത്രമല്ല അവർ അധി കാരികൾക്ക് കസേരയും മേശയും നിർമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതോടുകൂടി മാധ്യമ ങ്ങൾ ജനങ്ങളിൽനിന്ന് അകന്നുപോകുന്നു.

പത്രപ്രവർത്തനം ഇന്ന് വളരെ എളുപ്പമുള്ള പണിയാണ്. ഓഫീസിൽ നിന്നും കോടതി യിൽനിന്നും വാർത്തകൾ കിട്ടിക്കൊണ്ടേയിരിക്കും. പത്രപ്രവർത്തകർക്ക് അനേകം പ്രലോഭനങ്ങ ളുണ്ട് ഇന്ന്. ഇത് മുതലാളിത്തത്തിന്റെ കൈകാര്യത്തിനുവേണ്ടിയുള്ളതാണ്. വനംകൊള്ളക്കെതി രെയും അഴിമതിക്കെതിരെയും വാർത്തകൾ വന്നുകൊണ്ടിരിക്കുമ്പോൾതന്നെ അഴിമതിയും കൊള്ളയും വർധിക്കുന്നു. ഇതിൽനിന്ന് രക്ഷപ്പെടാനുള്ള ഏക വഴി ഗൂഢാത്മകതയിൽനിന്ന് കാര്യ ങ്ങളെ മോചിപ്പിക്കുകയാണ്. പത്രപ്രവർത്തകർക്കാണ് രാഷ്ട്രീയക്കാരെ ഏറ്റവുമധികം ബഹുമാന മില്ലാത്തത്. കാരണം ഭാര്യ ഭർത്താവിനെ എന്നപോലെ അവരുടെ സകല യാഥാർഥ്യവും പത്ര ക്കാർക്കറിയാം. എന്നിട്ടും പത്രപ്രവർത്തകർ രാഷ്ട്രീയനേതാക്കളെയും അധികാരികളെയും ദേവ ന്മാരെപ്പോലെ ചിത്രീകരിക്കുന്നു എന്നത് ആത്മവഞ്ചനയാണ്. ചരിത്രത്തിന്റെ അടിയൊഴുക്കുകളെ ക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ട പത്രക്കാരെ സുഖിയന്മാരാക്കി മാറ്റുകയാണ് മുതലാളി ത്തവും അധികാരിവർഗവും ചെയ്യുന്നത്.

# മൊഡ്യൂൾ 3

## നവമാധ്യമങ്ങളും അവയുടെ സവിശേഷതകളും

വാർത്താവിനിമയ രംഗത്ത് കഴിഞ്ഞ 20 വർഷമായി അപ്രതീക്ഷിതവും അത്ഭുതാവഹവുമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മാധ്യമരംഗത്തെ ചിന്ത കനായ മാർഷൽ മക്ലൂഹന്റെ അഭിപ്രായത്തിൽ, സന്ദേശം കൈമാറുന്നതിനുള്ള ആധാരദ്രവ്യമാണ് മാധ്യമം. എന്നാൽ നവമാധ്യമങ്ങളുടെ നിർവചനം മറ്റൊന്നാണ്: 'ഇന്റർനെറ്റിന്റെയും ഏതെങ്കിലും സാമൂഹിക കൂട്ടായ്മകളുടെയും ബ്ലോഗുകളുടേയുമൊക്കെ സഹായത്തോടെ കൈമാറുന്ന സന്ദേശത്തിന്റെ പരസ്പര വ്യവഹാരമാണ് (interactive) നവമാധ്യമം'. സാമൂഹികം, സാമ്പത്തികം, വ്യവസായികം, വിനോദസഞ്ചാരം എന്നുവേണ്ട, നവമാധ്യമങ്ങളുടെ ആനുകൂല്യങ്ങൾ മുതലെടുക്കാത്ത മേഖലകൾ ഇന്ന് വിരളമാണ്. വിദ്യാഭ്യാസരംഗത്തും വിപണിയിലും ഇന്ന് നവമാധ്യമങ്ങൾ ഉപയോഗിക്കുന്നുണ്ട്. നവമാധ്യമങ്ങ ളിൽ കളികളും വീഡിയോ ദൃശ്യങ്ങളും പാട്ടുകളുമുണ്ട്. സാമൂഹിക കൂട്ടായ്മകളിലൂടെ ബന്ധങ്ങൾ നിലനിർത്താനും നവമാധ്യമങ്ങളെ ഉപയോഗിക്കുന്നു. അവശ്യസാധന സാമഗ്രികൾ മാത്രമല്ല, പുസ്തകങ്ങളും മാഗസിനുകളും വാങ്ങുവാനുള്ള സൗകര്യങ്ങൾ പോലും ഇന്ന് നവമാധ്യമങ്ങൾ നൽകുന്നു. സ്മാർട്ട് ഫോണുകളുടെ പ്രചാരവും 3.ജി, 4.ജി സാങ്കേതിക മുന്നേറ്റവുമെല്ലാം നവമാധ്യമങ്ങളുടെ വ്യാപനത്തിന് ആക്കം കൂട്ടുന്നു. നവമാധ്യമങ്ങളുടെ സ്വാധീനം ഏറെ ആകുലതകൾക്കും ആശങ്കകൾക്കും വഴിയൊരുക്കുന്നുമുണ്ട്. ലോക ഇന്റർനെറ്റ് സേവനദാതാക്കളുടെ കണക്കുപ്രകാരം ഏറ്റവും കൂടുതൽ ഉപഭോക്താക്കൾ ഉള്ളത് ഏഷ്യയിലാണ്. ഇതിൽ അൻപത് മില്യൺ ഉപഭോക്താക്കളും ഇന്ത്യക്കാരാണ്. ഇന്റർനെറ്റ് ഉപയോ ഗിക്കുന്ന വിദ്യാർഥികളിൽ 97% പേരും കളികൾക്കും 73% സാമൂഹിക കൂട്ടായ്മകൾക്കായാണ് അതിൽ സമയം കണ്ടെത്തുന്നത് എന്നാണ് കണക്ക്.

പലതരം മാധ്യമ സാങ്കേതികതയുടെ ഒത്തിണക്കം (Convergence) ആണ് നവമാധ്യമങ്ങളിലൂടെ സാധ്യമായത്. സംവേദനത്തിന്റെ ഏകാത്മക സ്വഭാവത്തിൽനിന്നു മാറി, കേൾക്കുന്നവർക്കും കാണുന്നവർക്കും തത്സമയംതന്നെ ഇടപെടാം എന്നതാണ് നവമാധ്യമങ്ങൾ ഉണ്ടാക്കിയ വിപ്ലവം. ഡിജിറ്റൽ സാങ്കേതികത, മൾട്ടിമീഡിയ സംവിധാനം, ഇന്റർനെറ്റ് ശൃംഖല എന്നിവയുപയോഗിച്ച് വികസിപ്പിച്ചെടുത്ത ആശയവിനിമയവും പ്രതിനിധാനവും ആവിഷ്കാരവും ഉൾക്കൊള്ളുന്നതാണ് നവമാധ്യമങ്ങൾ. കമ്പ്യൂട്ടർസാങ്കേതികത വഴി അച്ചടിമാധ്യമങ്ങളുടെ പ്രസാധനത്തിന്റെയും വിതരണത്തിന്റെയും ജനാധിപത്യവത്കരണമാണ് നവമാധ്യമങ്ങളിലൂടെ നടപ്പിലാക്കുന്നത്. നവമാധ്യമങ്ങൾക്ക് കുത്തക സ്വഭാവമില്ല, വിപണിയുടെ പിടുത്തങ്ങൾ ഏറെ ഇല്ല, അധികാരത്തിന്റെ ഏകസ്വരതയും ഇല്ല. 'പരമ്പരാഗത മാധ്യമങ്ങൾക്കുമേൽ നിയന്ത്രണമേർപ്പെടുത്തുന്ന ഭരണകൂടങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പൗരകേന്ദ്രിതമായ ജനാധിപത്യമാണ് നവമാധ്യമങ്ങൾ നടപ്പാക്കുന്നത്' എന്ന നിരീക്ഷണം ശ്രദ്ധേയമാണ്. നാളിതുവരെ ഭരണകൂടത്തിന് ചിന്തിക്കാൻപോലുമാകാത്ത ആഘാതമാണ് വിക്കിലീക്സ് എന്ന പേരിൽ പ്രവർത്തിക്കുന്ന ഒരു ചെറുസംഘം പത്രപ്രവർത്തകരും വിവരസാങ്കേതിക വിദഗ്ധരും ചേർന്ന് രൂപപ്പെടുത്തിയത്. പേര് വെളിപ്പെടുത്താത്ത വാർത്താ ഉറവിടങ്ങളിൽ നിന്നുള്ള, സാധാരണഗതിയിൽ ലഭ്യമല്ലാത്ത രേഖകളും മറ്റും പ്രസിദ്ധീകരിക്കുന്ന പുതിയ മാധ്യമപ്രവർത്തനം എന്ന നിലയ്ക്കാണ് വിക്കിലീക്സ് രൂപംകൊണ്ടത്. ജൂലിയൻ അസാൻജെ ആണ് ഇതിന്റെ മുൻനിര പ്രവർത്തകൻ. ഒരു ഭരണകൂടത്തിനും അവർ ചെയ്യുന്ന ഒരു പ്രവൃത്തിയും മൂടിവെക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഇന്നുണ്ട്. 'മുല്ലപ്പൂ വിപ്ലവം' എന്ന്

വിശേഷിപ്പിക്കപ്പെട്ട അറബ്വസന്തത്തിന്റെ വ്യാപനത്തിന് പിന്നിലും നവമാധ്യമങ്ങളും യുവജനങ്ങളുമായിരുന്നു. ഈജിപ്തിലെയും ലിബിയയിലെയും സിറിയയിലെയും യെമനിലെയും ഗ്രീസിലെയും വാൾസ്ട്രീറ്റിലെയും പ്രക്ഷോഭകർക്കും നാവാകാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞു. ഇന്റർനെറ്റ് കൂട്ടായ്മകളായ ഫെയ്സ്ബുക്ക്, ടിറ്റർ തുടങ്ങിയവ യുവാക്കളെ രാഷ്ട്രീയവത്കരിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട് എന്ന തരത്തിൽ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. മുഖ്യധാരാമാധ്യമങ്ങൾ തഴഞ്ഞതും കാണാതെ പോയതുമായ വാർത്തകളെയും സംഭവങ്ങളെയും ഇത്തരം യുവസാമൂഹിക സൈബർ കൂട്ടായ്മകൾ ചർച്ചാവിഷയമാക്കി. ഈ മട്ടിൽ ഇടപെട്ട പ്രക്ഷോഭകരെയാണ് 2011 ൽ ടൈം മാഗസിൻ 'പേർസൺ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുത്തത് എന്നതും ശ്രദ്ധേയമാണ്. സാമൂഹിക ചർച്ചകൾപോലും പൊതുസ്ഥലങ്ങളിൽ നിന്നുമാറി സൈബർ സ്പേസിൽ സജീവമാകുന്നതു കാണാം.

സ്ഥാപനവത്കൃതമായ സാമൂഹികസമ്പ്രദായങ്ങളേയും രാഷ്ട്രീയനിലപാടുകളേയും ചിന്താപദ്ധതികളേയും ചോദ്യംചെയ്യുകയും തിരസ്കരിക്കുകയും ചെയ്യുന്ന ബഹുജന മാധ്യമരൂപങ്ങളെയാണ് ബദൽ മാധ്യമം (Alternative Media) എന്നു വിളിക്കുന്നത്. പരമ്പരാഗതമായി വിശ്വസിച്ചുവരുന്ന മൂല്യങ്ങൾ പുനരവലോകനം ചെയ്യാനും സമൂഹത്തിൽ പുത്തൻ അവബോധം സൃഷ്ടിക്കാനും ബദൽ മാധ്യമങ്ങൾ ശ്രമിക്കുന്നു. 'റാഡിക്കൽ മീഡിയ' എന്ന പദവും ബദൽ മധ്യമങ്ങളെ കുറിക്കാൻ ഉപയോഗിക്കാറുണ്ട്. സവിശേഷ ആശയങ്ങൾ പുലർത്തുന്ന വിഭാഗങ്ങളുടെ വീക്ഷണങ്ങൾ മുഖ്യധാരാ മാധ്യമങ്ങൾ അവഗണിക്കുകയോ തമസ്കരിക്കുകയോ ചെയ്യുമ്പോഴാണ് ബദൽ മാധ്യമങ്ങൾ ജന്മംകൊള്ളുന്നത്. ജനകീയപ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കാൻ ബദൽ മാധ്യമങ്ങൾ ശ്രമിക്കുന്നു. കമ്പോളത്തിൽ മത്സരിക്കാൻ കഴിയാത്തതും സാമ്പത്തിക പ്രതിസന്ധിയും ഈ മാധ്യമങ്ങളുടെ നിലനിൽപ്പിന് വെല്ലുവിളിയാവാറുണ്ട്. വ്യക്തിസ്വാതന്ത്ര്യത്തിന്റെയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും പുതിയ രൂപങ്ങൾ നവമാധ്യമങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സാധാരണക്കാരുടെ കണ്ണിലൂടെ വാർത്തകളും വിവരങ്ങളും ലോകത്തിന് കാട്ടിക്കൊടുക്കാനും വ്യാഖ്യാനിക്കാനും ഏതൊരു പൗരനും അനുവാദം നൽകുന്ന ഈ മാധ്യമപ്രവർത്തനത്തിന് 'സിറ്റിസെൻ ജേർണലിസം' എന്നും പേരുണ്ട്.

### വിവര സാങ്കേതിക വിദ്യയും ആശയവിനിമയലോകവും

കമ്പ്യൂട്ടറോ മൈക്രോപ്രോസസ്സർ അടിസ്ഥാനമാക്കിയുള്ള ഉപകരണങ്ങൾ ഉപയോഗിച്ച്, വിവരങ്ങൾ ശേഖരിക്കുക, സൂക്ഷിച്ചുവക്കുക, അയക്കുക എന്നിങ്ങനെ പലവിധത്തിൽ പാകപ്പെടുത്തുന്ന ശാസ്ത്രസാങ്കേതിക വിദ്യയെ 'ഇൻഫർമേഷൻ ടെക്നോളജി' (ഐ.ടി) അല്ലെങ്കിൽ, വിവരസാങ്കേതിക വിദ്യ എന്നു വിളിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജിയുടെ വളർച്ചയ്ക്ക് സഹായിച്ചത് ചരിത്രത്തിലെ നാലു ഘടകങ്ങളാണ്.

1. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നിലനില്ക്കുകയോ വളരുകയോ ചെയ്യണമെങ്കിൽ ഇൻഫർമേഷൻ അനിവാര്യമാണെന്നുള്ള അറിവ്.
2. പ്രിന്റിംഗ് പ്രസ്സിന്റെ ആവിർഭാവം.
3. വാർത്താ മാധ്യമങ്ങളുടെ, പ്രത്യേകിച്ചും ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഉദ്ഭവം.
4. ഡിജിറ്റൽ കംപ്യൂട്ടറുകളുടെ ജനനം.

'ഇൻഫർമേഷൻ ടെക്നൊളജി അസ്സോസിയേഷൻ ഓഫ് അമേരിക്ക' (ITAA) യുടെ നിർവചനമനുസരിച്ച്, കംപ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള ഇൻഫർമേഷൻ വ്യവസ്ഥയുടെ പഠനം, രൂപകല്പന (Design), നിർമ്മാണം, ഇംപ്ലിമെന്റേഷൻ, നിയന്ത്രണം എന്നിവക്കു പൊതുവെ പറയുന്ന പേരാണ് ഐ. ടി അഥവാ ഇൻഫർമേഷൻ ടെക്നൊളജി.

### വിവരസാങ്കേതിക ഭാഷ

മലയാള പത്രപ്രവർത്തനരംഗം രണ്ടാം നൂറ്റാണ്ടിന്റെ പാതി പിന്നിടുമ്പോൾ അതിന്റെ രൂപഘടനയ്ക്കു സംഭവിച്ച മാറ്റങ്ങൾ ചെറുതല്ലെന്നു കാണാം. ഈ മാറ്റങ്ങൾക്കു പിന്നിൽ ഒരുപാടു ഘടകങ്ങളുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ മാറ്റങ്ങളൊക്കെ ഭാഷയെയും ബാധിച്ചു. സാഹിത്യത്തിൽ പുതിയ പ്രസ്ഥാനങ്ങളും രചനാരീതികളുമൊക്കെ ഉദിക്കുകയും അസ്തമിക്കുകയും അവയെല്ലാം പത്രഭാഷയിൽ പൊളിച്ചെഴുത്തുകൾ നടത്തുകയും ചെയ്തു. എന്നാൽ പുതിയ കാലത്തിൽനിന്ന് മലയാള പത്രഭാഷയുടെ പരിവർത്തന വഴികൾ നിരീക്ഷിച്ചാൽ ഇവയെക്കാളെല്ലാമുപരിയായി പത്രഭാഷയെ മാറ്റിയത് സാങ്കേതികവിദ്യയാണെന്നു കാണാം. മറ്റു ഘടകങ്ങൾ ഭാഷയെ മാറ്റിയത് വളരെപ്പതുക്കെ, സ്വയമറിയാതെ ആയിരുന്നെങ്കിൽ സാങ്കേതികവിദ്യ മാറ്റങ്ങൾ കൊണ്ടുവന്നത് അതിവേഗത്തിലായിരുന്നു. മലയാള പത്രഭാഷയ്ക്ക് ആദ്യ ഒരു നൂറ്റാണ്ടിൽ സംഭവിച്ചതിന്റെ പതിൻമടങ്ങു മാറ്റമാണ് അവസാനത്തെ രണ്ടോ മൂന്നോ ദശകങ്ങളിൽ സംഭവിച്ചത്. ഇതിനു വഴിവച്ചതേറെയും സാങ്കേതികവിദ്യയിലെ മാറ്റവുമായിരുന്നു. സാങ്കേതിമാറ്റങ്ങൾ പത്രപ്രവർത്തനത്തിന്റെ തുടക്കകാലം മുതലേ ഭാഷയെ സ്വാധീനിച്ച ഘടകമാണ്. 1821 ൽ അച്ചടി ആരംഭിച്ച് കാൽ നൂറ്റാണ്ടു കഴിഞ്ഞാണ് മലയാളത്തിൽ പത്രങ്ങൾ വരുന്നത്. പിന്നീട് അച്ചടിയിൽ കാലാകാലങ്ങളായി ഉണ്ടായ പുതിയ സങ്കേതങ്ങൾ പ്രസിദ്ധീകരണത്തെ കൂടുതൽ എളുപ്പമാക്കി. പിന്നീട് ലിപി പരിഷ്കരണം സംഘടിതമായിത്തന്നെ ഭാഷാപരിഷ്കരണത്തിനു വഴിവച്ചു.

ടെലിവിഷന്റെ കടന്നുവരവാണ് പിന്നീട് പത്രഭാഷയെ അടിമുടി സ്വാധീനിച്ച സാങ്കേതികഘടകം. അതുവരെയുള്ള വാർത്താരീതികളെ പൊളിച്ചെഴുതുകയാണ് ടെലിവിഷൻ ചെയ്തത്. അപ്പപ്പോൾ വാർത്തകൾ നേരിട്ടു കാണാൻ തുടങ്ങിയതോടെ പത്രങ്ങൾക്കും മാറാതെ തരമില്ലായിരുന്നു. ഇത് വാർത്തയെക്കുറിച്ചുള്ള സമീപനം തന്നെ മാറ്റി. ഒപ്പം വാർത്തയുടെ ഭാഷയും മാറുകയായിരുന്നു. ടെലിവിഷനിലെപ്പോലെ വാർത്തകൾ 'കാണിച്ചുകൊടുക്കാൻ' എഴുത്തിന്റെ രീതി മാറിയേപറ്റൂ എന്ന സ്ഥിതിവന്നു. ദൃശ്യപ്രധാനമായ പുതിയൊരു ഭാഷയ്ക്ക് അങ്ങനെ തുടക്കം കുറിച്ചു. ഈ ദൃശ്യഭാഷ (Visual language) വാർത്തകളെ ചടുലമാക്കാൻ സഹായിച്ചു.

ടെലിവിഷൻ സർവവ്യാപിയായതോടെ ലിഖിതഭാഷയുടെ സ്ഥാനം സംസാരഭാഷ ഏറ്റെടുത്തു. ഒരേസമയം കേരളത്തിന്റെ എല്ലാ ഭാഗത്തും കേരളത്തിനു പുറത്തുമുള്ള മലയാളികളോടു സംസാരിക്കണമെന്നതിനാൽ പ്രായോഗികമായും ടെലിവിഷന് പ്രാദേശികഭാഷാ ഭേദങ്ങൾക്കു പകരം ഒരു മാനകഭാഷ അഥവാ പൊതുഭാഷ ആവശ്യമായിരുന്നു. ഭാഷയുടെ സ്വാഭാവികമായ വൈവിധ്യം അതോടെ നഷ്ടമായി. പ്രാദേശികഭാഷയ്ക്കു സ്വന്തമായ പദാവലികൾ കുറേയേറെ അപ്രത്യക്ഷമായി. ടെലിവിഷൻ ഭാഷയിലെ ഈ ലളിതവൽക്കരണം പത്രഭാഷയിലേക്കും അതിവേഗം വ്യാപിച്ചു. ഗൗരവം വെടിഞ്ഞ ഭാഷാമാതൃകകൾ അച്ചടിമാധ്യമങ്ങളിലും കൂടുതൽ ഇടംനേടി.

എന്നാൽ പിന്നീടു വന്ന ദശകങ്ങൾ മലയാള ഭാഷയെത്തന്നെ അടിമുടി പിടിച്ചുലയ്ക്കുന്ന തരത്തിലുള്ള മാറ്റങ്ങൾക്കാണു സാക്ഷ്യം വഹിച്ചത്. പുതുസാങ്കേതികതയും പുതിയ ആശയവിനിമയ സാധ്യതകളും നവമാധ്യമങ്ങളും അവ മുന്നോട്ടുവയ്ക്കുന്ന ഭാഷാസമീപനവുമൊക്കെ മലയാള പത്രഭാഷയെ എന്നല്ല, മലയാള ഭാഷയെത്തന്നെ മുച്ചൂടും മാറ്റുകയാണ്. കഴിഞ്ഞ ഒന്നുരണ്ടു ദശകങ്ങളിൽ കംപ്യൂട്ടർ പത്രവ്യവഹാരത്തിന്റെ എല്ലാ മേഖലയിലും ഇടംപിടിക്കുകയും ഇന്റർനെറ്റ് വിവരവിനിമയ രംഗത്ത് പുതിയ വിപ്ലവം സൃഷ്ടിക്കുകയും മൊബൈൽ ഫോൺ ആശയവിനിമയരീതികളെ പൊളിച്ചുപണിയുകയും ചെയ്തു. പ്രസിദ്ധീകരണരീതികളെയും ആശയവിനിമയത്തെയുമാണ് കംപ്യൂട്ടർ പ്രധാനമായും

മാറ്റിമറിച്ചത്. ഭാഷയുടെ ശേഖരണവും ലേഖനവും അനായാസമായ പ്രക്രിയയായി മാറി. തൊണ്ണൂറുകളുടെ അവസാനവർഷങ്ങളിലാണ് കേരളത്തിലെ പത്രങ്ങളിൽ ന്യൂസ്റൂം പ്രവർത്തനങ്ങൾ കംപ്യൂട്ടർവൽക്കരിച്ചു തുടങ്ങുന്നത്. 1997ൽ മലയാള മനോരമയിൽ എഡിറ്റോറിയൽ പ്രവർത്തനങ്ങൾ പൂർണമായും കംപ്യൂട്ടർവൽക്കരിച്ചു. മറ്റു പത്രങ്ങളിലും തൊട്ടുപിന്നാലെ ഇതു നടപ്പാക്കിത്തുടങ്ങി.

ഇതോടൊപ്പമാണ് ഇന്റർനെറ്റും മൊബൈൽ ഫോണും വ്യാപകമാകുന്നത്. എഴുത്തിനു പകരം ടൈപ്പ് ചെയ്യുന്ന രീതിയിലേക്കു മാറി എന്നതായിരുന്നു പത്രത്തിലെ 'എഴുത്തുകാരെ' സംബന്ധിച്ചടത്തോളം ബാഹ്യമായി സംഭവിച്ച മാറ്റം. വാർത്തകൾ 'കീ ഇൻ' ചെയ്യാൻ തുടങ്ങിയതോടെ അവയുടെ ദൈർഘ്യം കുറഞ്ഞതാണ് ആദ്യമായി സംഭവിച്ച മാറ്റം. താൻ എഴുതുന്ന വാർത്തയുടെ നീളം കൃത്യമായി അറിയുന്നത് വാർത്തയുടെ ദൈർഘ്യം നിയന്ത്രിക്കാൻ സഹായിച്ചു. മൊത്തത്തിൽ എഴുത്തിൽ ഒതുക്കം കൈവന്നു. കംപ്യൂട്ടറും ഇന്റർനെറ്റും മൊബൈൽ ഫോണും ഏതാനും വർഷങ്ങൾക്കകം സമൂഹത്തിനുമേൽ ശക്തമായ ആധിപത്യമാണു നേടിയത്. ആശയവിനിമയത്തിന്റെ രീതികളെ മാത്രമല്ല, ഭാഷയെത്തന്നെ അതു മാറ്റിമറിച്ചു. ഈ സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട് ഭാഷയിൽ ഇടംപിടിച്ച പദസഞ്ചയം മാത്രം പരിശോധിച്ചാൽ മതി ഈ സ്വാധീനത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ.

ഇതേസമയത്താണ് മലയാളത്തിൽ ബ്ളോഗുകളും മറ്റു നവമാധ്യമങ്ങളും സജീവമാകുന്നത് . എന്തും എഴുതാനുള്ള സ്വാതന്ത്ര്യമായിരുന്നു ഇവയുടെ മുഖമുദ്ര. ബ്ളോഗുകളിലും ഫേസ്ബുക്ക് , ടിിറ്റർ, ഓർക്കുട്ട്, ഗൂഗിൾ പ്ളസ് പോലുള്ള സോഷ്യൽ മീഡിയകളിലും ആഘോഷിക്കപ്പെട്ട സ്വാതന്ത്ര്യം ഭാഷയെ സ്വാധീനിക്കുമെന്നതിൽ തർക്കമില്ല. ഉപാധികളില്ലാതെ എന്തും ആവിഷ്കരിക്കാനുള്ള സ്വാതന്ത്യമാണ് നവമാധ്യമങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത. പരമ്പരാഗതമാധ്യമങ്ങളിൽ ഒരിക്കലും സാധ്യമല്ലാത്തതാണിത്. മലയാളത്തിലും ബ്ളോഗുകളും മറ്റും സാധിച്ചത് ഇതാണ്. അതുവരെയുള്ള സാഹിത്യഭാഷയെയോ പത്രഭാഷയെയോ പിൻതുടർന്നല്ല ബ്ളോഗുകൾ നിലയുറപ്പിച്ചത്. ഗൗരവമുള്ള ഉള്ളടക്കത്തിനും ഭാഷയ്ക്കും പകരം എന്തിനെയും ലളിതമായെടുക്കുന്ന രചനാശൈലിയാണ് അതു പിന്തുടർന്നത്. ഇതിൽ 'പെരുമാറിയ' യുവത്വത്തിന്റെ ജീവിതസമീപനത്തിൽ തന്നെയുണ്ടായിരുന്നു വേവലാതികളില്ലാത്ത ആഴംകുറഞ്ഞ കാഴ്ചപ്പാടുകളുടെ ഒരു ലാഘവത്വം. ഇങ്ങനെ ഇന്റർനെറ്റ് എന്ന മാധ്യമത്തിലൂടെ പുതിയൊരു ഭാഷാരീതി ചുവടുറപ്പിക്കുന്നതിനു സമാന്തരമായാണ് മൊബൈൽ ഫോണുകളിലൂടെ ഹ്രസ്വസന്ദേശങ്ങൾ (sms) കൊണ്ടുള്ള ആശയവിനിമയം യുവതലമുറകൾക്കിടയിൽ പ്രചാര ത്തിലാകുന്നത്. ഈ സന്ദേശങ്ങൾ ഇംഗ്ളിഷ് ഭാഷയെയും ഭാഷാനിയമങ്ങളെയും അട്ടിമറിച്ചു. പദങ്ങളിലെ ഉച്ചാരണത്തിനു ആവശ്യമില്ലാത്ത അക്ഷരങ്ങളെ കൊഴിച്ചുകളയുക എന്നതാണ് ഈ ലിഖിതഭാഷയുടെ രീതി. നിത്യോപയോഗ പദങ്ങൾക്ക് ചുരുക്കെഴുത്തുകൾ നിർദേശിക്കപ്പെട്ടു. പറയുമ്പോൾ കേൾക്കുന്നതെന്താണോ അതായി സ്പെല്ലിങ്.

നവമാധ്യമങ്ങളിലെ ഭാഷാരീതികളുടെ സ്വാധീനത്താൽ സാഹിത്യഭാഷയുടെ ആഢംബരങ്ങളും അലങ്കാരങ്ങളുമൊന്നുമില്ലാത്തതായിരുന്നു ഈ ഭാഷ. കുറഞ്ഞവാക്കുകളിൽ, എല്ലാവർക്കും മനസ്സിലാകുന്ന അവശ്യപദങ്ങൾ മാത്രമുപയോഗിക്കുന്ന, വളച്ചുകെട്ടില്ലാതെ നേരിട്ടു പറയുന്ന പുതിയൊരു ഭാഷാരീതി ഉരുത്തിരിഞ്ഞു. വാർത്തകളുടെ നീളം ഗണ്യമായി കുറയാൻ ഇതു സഹായിച്ചു. പ്രൗഢഭാഷ, സാഹിത്യഭാഷ എന്നീ സങ്കൽപ്പങ്ങളെ മാറ്റിവച്ചുകൊണ്ടുള്ള പുതിയൊരു 'അവശ്യഭാഷ'യുടെ സൃഷ്ടിയാണ് നടന്നത്. അതിന്റെ പദാവലി പോലും കുറച്ചേ ഉണ്ടായിരുന്നുള്ളു. വാമൊഴിക്കും വരമൊഴിക്കും ശേഷം ഇന്റർനെറ്റ് രൂപപ്പെടുത്തിയ 'വലമൊഴി'യും ചുരുക്കെഴുത്തുകൾ ആധിപത്യം നേടുന്ന പുതിയ കാലത്തിന്റെ 'കുറുമൊഴി'യും പതുക്കെ പുതുഭാഷാരീതിയായി ഇടമുറപ്പിക്കുകയാണ്. പുതിയ നൂറ്റാണ്ടിന്റെ ആദ്യദശകത്തിലെ

പത്രഭാഷയുടെ ഏറ്റവും വലിയ പ്രത്യേകത ഈ ചുരുക്കെഴുത്തായി. ഇത് വാർത്തയുടെ നീളത്തെ മാത്രമല്ല, സൗന്ദര്യം, പദസമ്പത്ത്, പ്രൗഢി എന്നിവയിലൊക്കെ ഈയൊരു ചുരുക്കം സംഭവിച്ചു. പത്രഭാഷ സാഹിത്യാസ്വാദനത്തെക്കാൾ ആശയവിനിമയപ്രധാനമായതിനാൽ ഒരുപരിധിവരെ നല്ല മാറ്റമായി വേണം ഇതിനെ വിലയിരുത്താൻ. 'ടെക്നിക്കൽ റൈറ്റിങ്ങ്' എന്നു വിളിക്കപ്പെട്ട സാങ്കേതിക രചനകളിൽ ഈ രീതി നേരത്തെത്തന്നെ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

### ഇ പത്രങ്ങളും വാർത്താധിഷ്ഠിത വെബ്സൈറ്റുകളും

അച്ചടിയിലുള്ള പത്രങ്ങളുടെ ഇന്റർനെറ്റ് രൂപത്തെയാണ് ഇ പത്രങ്ങൾ എന്നു വിളിക്കുന്നത്. മലയാളത്തിലെ ഏതാണ്ടെല്ലാ പ്രമുഖ പത്രങ്ങളുടെയും ഇന്റർ നെറ്റ് എഡിഷനുകൾ ഇന്ന് ലഭ്യമാണ്. മുമ്പ് ടെക്സ്റ്റ് രൂപത്തിലായിരുന്നു അവ വന്നിരുന്നത്. ഇപ്പോഴത് ആവശ്യമുള്ള ഭാഗങ്ങൾ അച്ചടിപത്രത്തിലെ അതേ രൂപത്തിൽ മുറിച്ചെടുക്കാവുന്ന പി ഡി എഫ് രൂപത്തിലും ലഭ്യമാണ്. പണമടച്ച് ഉപയോഗിക്കാവുന്നതും സൗജന്യമായി ലഭിക്കുന്നതുമായ ഇ പത്രങ്ങളുണ്ട്. പണമടച്ചവർക്കുമാത്രമേ രാവിലെ മുതൽ അന്നേ ദിവസത്തെ പത്രം അതേ രൂപത്തിൽ വായിക്കാനാകൂ. പണമടക്കാത്തവർക്ക് ഓരോ ദിവസത്തെയും പത്രം ഉച്ചയ്ക്കു ശേഷമേ ലഭ്യമാകൂ. മുമ്പ് പ്രസിദ്ധീകരിച്ച പത്രങ്ങളെ കാണാനും ഇ പത്രങ്ങളുടെ വെബ്സൈറ്റുകൾ സൗകര്യമൊരുക്കുന്നുണ്ട്. ലോകത്തിലെ ഏതു കോണിലിരുന്നും തനിക്ക് പ്രിയപ്പെട്ട പത്രം, സ്വന്തം നാടിന്റെ എഡിഷൻതന്നെ വായിക്കാൻ കഴിയും എന്നതാണ് ഇ പത്രങ്ങൾ നല്കുന്ന ഏറ്റവും വലിയ സൗകര്യം.

വാർത്തകൾക്കു മാത്രമായുള്ള വെബ്സൈറ്റുകളാണ് വാർത്താധിഷ്ഠിത വെബ്സൈറ്റുകൾ. വലിയ വാർത്താ ഏജൻസികൾക്കെല്ലാം വെബ്സൈറ്റുകളുണ്ട്. പല വാർത്താധിഷ്ഠിത വെബ്സൈറ്റുകളും സാധാരണ കടലാസു പത്രങ്ങളെക്കാൾ വായനക്കാരുള്ളവയാണ്.

### ഇന്റർനെറ്റ് റേഡിയോ

നാട്ടിൽ എഫ് എം റേഡിയോകളുടെ പ്രചാരം വർധിച്ചു കഴിഞ്ഞു. പരിധിയില്ലാത്ത വിനോദം ലളിതമായി ലഭിക്കുന്നതിനാലാണ് എഫ് എം ഇത്രമേൽ പ്രചാരത്തിലായത്. ശബ്ദവ്യക്തതയും, തിരഞ്ഞെടുക്കാൻ ഒന്നിലധികം ചാനലുകൾ ഉള്ളതും, റേഡിയോ ജോക്കികളുടെ വേറിട്ട അവതരണ ശൈലിയും പണ്ട് റേഡിയയിൽ നിന്ന് അകലം പാലിച്ചവരെ പോലും അതിന്റെ ഭാഗമാക്കി മാറ്റി. എഫ്എം റേഡിയോ പോലെ പുതു തലമുറയുടെ പുതിയ കണ്ടുപിടിത്തമാണ് ഇന്റർനെറ്റ് റേഡിയോ. മറ്റ് ബ്രോഡ്കാസ്റ്റിങ്ങ് റേഡിയോകളിൽ ഒരു ഫ്രീക്വൻസിയിൽ റ്റ്യൂൺ ചെയ്യുന്നതിനു പകരം ഇന്റർനെറ്റ് റേഡിയോ കേൾക്കാൻ അതിന്റെ വെബ്സൈറ്റിൽ പ്രവേശിച്ചാൽ മതി. വെബ് റേഡിയോ, നെറ്റ് റേഡിയോ, ഇറേഡിയോ ബ്രോഡ്കാസ്റ്റിങ്ങ്, സ്ട്രീമിങ്ങ് റേഡിയോ എന്നെല്ലാം അറിയപ്പെടുന്നത് ഇന്റർനെറ്റ് റേഡിയോ തന്നെയാണ്. ഇന്റർനെറ്റിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഒരു ശബ്ദപ്രക്ഷേപണം ആണ് ഇന്റർനെറ്റ് റേഡിയോ. സാധാരണ റേഡിയോയെ പോലെ താൽകാലികമായി നിർത്തിവെക്കാനോ, വീണ്ടും കേൾക്കാനോ ഇവിടെ സാധ്യമല്ല. വേണമെങ്കിൽ ആ പരിപാടി വീണ്ടും പ്രക്ഷേപണം ചെയ്യാൻ ആവശ്യപ്പെടാം. കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ, ഹെഡ്ഫോണും മൈക്കും, ഓഡിയോ എഡിറ്റിങ്ങ് സോഫ്റ്റ് വെയർ ഇത്രയും ഉണ്ടെങ്കിൽ ആർക്കും ഒരു ഇന്റർനെറ്റ് റേഡിയോ സ്റ്റേഷൻ തുടങ്ങാവുന്നതാണ്. ഇത്തരം റേഡിയോകൾക്ക് സാങ്കേതിക സഹായം നൽകുന്ന സോഷ്യൽ മീഡിയ വെബ്സൈറ്റുകളും ഇപ്പോഴുണ്ട്. ഉദാ : www.lisen2myradio.com. ഇതിൽ രജിസ്റ്റർ ചെയ്താൽ ഒരു സൗജന്യ ഡൊമൈൻ നെയിം ലഭിക്കുന്നതാണ്. ഫെയ്സ്ബുക്കിലെന്നപോലെ റെക്കോഡ് ചെയ്യുന്ന ഓഡിയോ ഫയലുകൾ ആ ഡൊമൈനിൽ പ്രവേശിക്കുന്ന ആർക്കും കേൾക്കാം. സാധാരണ റേഡിയോയെ അപേക്ഷിച്ച് ഒരുപാടു ഗുണങ്ങൾ ഇന്റർനെറ്റ് റേഡിയോ പ്രക്ഷേപണത്തിന് ഉണ്ട്. മികച്ച വ്യക്തത, ലോകത്തിന്റെ ഏതുഭാഗത്തു നിന്നും സ്വീകരിക്കാനുള്ള സൗകര്യം, ലൈസൻസ് ആവശ്യമില്ല, പ്രോഗ്രാമുകൾ സെൻസർ ചെയ്യപ്പെടുകയില്ല,

പ്രവർത്തിപ്പിക്കുന്നതിനുള്ള കുറഞ്ഞ ചിലവ് എന്നിവ ഇതിന്റെ സവിശേഷതകളിൽ ചിലതാണ്. കേരളത്തിലെ പല പൊതു സംരഭങ്ങളിലും ഇത്തരം റേഡിയോകൾ പ്രവർത്തിക്കുന്നുണ്ട്. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഇ റേഡിയോ ആണ് നേർമൊഴി. വാർത്തകൾ, വികസന വിശേഷങ്ങൾ, നാട്ടറിവുകൾ, കാർഷിക വാർത്തകൾ തുടങ്ങിയവ വാട്സ് അപ്പിലൂടെ പങ്കുവയ്ക്കുകയാണ് നേർമൊഴിയി ഇന്റർനെറ്റ് റേഡിയോയിലൂടെ ലക്ഷ്യമിടുന്നത്.

### ഇ മെയിൽ

ഇലക്ട്രോണിക് മെയിൽ എന്നതിന്റെ ചുരുക്കപ്പേരാണ് ഇ മെയിൽ. ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ച് സന്ദേശങ്ങൾ അയക്കുകയും സ്വീകരിക്കുകയും ശേഖരിക്കുകയും ചെയ്യുന്ന സംവിധാനമാണിത്. ഇമെയിൽ എന്നതിനെ 'ഇന്റർനെറ്റ് വഴിയുള്ള കത്തിടപാട്' എന്നും നിർവചിക്കാം. ലോകത്തെവിടേയുമുള്ള ആളുകൾക്ക് ഫലപ്രദവും സൗകര്യപ്രദവുമായി തങ്ങളുടെ ആശയങ്ങളും അഭിരുചികളും സൗജന്യമായി പങ്കുവയ്ക്കാൻ ഇമെയിൽ സങ്കേതം അവസരമൊരുക്കുന്നു. ആദ്യകാലങ്ങളിൽ ടെക്സ്റ്റ് രൂപത്തിലുള്ള സന്ദേശങ്ങൾ അയക്കുന്ന രീതിയെ മാത്രമാണ് ഇ മെയിൽ എന്നു വിളിച്ചിരുന്നതെങ്കിൽ ഇന്ന് മൾട്ടി മീഡിയ ഫയലുകൾ ചേർത്ത് അയക്കുന്ന മെയിലുകളെയും ഇങ്ങനെ വിളിക്കാറുണ്ട്.

1970- ൽ റേ ടോംലിൻസനാണ് ഇ മെയിലിന്റെ ഉപജ്ഞാതാവ്. ഇപ്പോൾ സാധാരണയായി ഇന്റർനെറ്റ് കണക്ഷൻ എടുക്കുമ്പോൾ തന്നെ ഐ. എസ്. പി., ഇ മെയിൽ വിലാസം നൽകാറുണ്ട്. അതു കൂടാതെ ധാരാളം വെബ്സൈറ്റുകൾ സൗജന്യ ഇമെയിൽ സേവനവും നൽകുന്നുണ്ട്. ജി മെയിൽ, യാഹൂ മെയിൽ, റെഡിഫ് മെയിൽ, ഹോട്ട് മെയിൽ തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈ വെബ്സൈറ്റുകളിൽ പോയി ഇ മെയിൽ വിലാസത്തിനു വേണ്ട അപേക്ഷ യൂസർനെയിമും പാസ്‌വേർഡും മറ്റു വിവരങ്ങളും പൂരിപ്പിച്ചു നൽകി ഇമെയിൽ വിലാസം സ്വന്തമാക്കാം. ഇമെയിൽ വിലാസത്തിന് രണ്ടു ഭാഗങ്ങൾ ഉണ്ടായിരിക്കും. ഉപയോക്തൃനാമവും (User Name) ഡൊമൈൻ നാമവും (Domain Name). ഇവയ്ക്കിടയിലായി @ (അറ്റ് ദ റൈറ്റ് എന്നതിന്റെ ചിഹ്നം. അറ്റ് എന്ന് ചുരുക്കി ഉച്ചരിക്കുന്നു) എന്ന ചിഹ്നവും ഉപയോഗിക്കുന്നു. ഒരു ഇമെയിൽ അക്കൗണ്ട് തിരിച്ചറിയാനുള്ള വിലാസമാണ് ഇമെയിൽ വിലാസം. username@domain എന്ന രീതിയിലാണ് ഇത് ഉണ്ടായിരിക്കുക. ഒരു ഇമെയിൽ വിലാസത്തിൽ ഇംഗ്ലീഷിലെ വലിയ അക്ഷരങ്ങളും ചെറിയ അക്ഷരങ്ങളും തമ്മിൽ വ്യത്യാസമില്ല. ഗൂഗിൾ നൽകുന്ന ഒരു ഇമെയിൽ സേവനമാണ് ജി മെയിൽ. ലോകത്ത് ഏറ്റവുമധികം ആളുകൾ ഉപയോഗിക്കുന്ന ഇമെയിൽ സേവനദാദാക്കളാണ് ജിമെയിൽ.

### വേൾഡ് വൈഡ് വെബ്

വേൾഡ് വൈഡ് വെബ് അഥവാ വെബ് എന്നത് പരസ്പരം ബന്ധപ്പെടുത്തിയിട്ടുള്ള ഹൈപ്പർടെക്സ്റ്റ് പ്രമാണങ്ങളുടെ ഒരു സംവിധാനമാണ്, പല സ്ഥലങ്ങളിലായി നിരവധി കമ്പ്യൂട്ടറുകളിൽ കിടക്കുന്ന ഈ ഹൈപ്പർടെക്സ്റ്റ് പ്രമാണങ്ങൾ ഇന്റർനെറ്റ് വഴിയാണ് പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നത്. ഇന്റർനെറ്റുവഴി തന്നെയാണ് ഇവ കാണാനും ഉപയോഗിക്കുവാനും സാധിക്കുന്നതും. ഒരു വെബ് ബ്രൌസർ ഉപയോഗിച്ചു കാണാൻ സാധിക്കുന്ന വെബ് താളുകൾക്കുള്ളിൽ എഴുത്തുകൾ, പടങ്ങൾ, ചലച്ചിത്രങ്ങൾ തുടങ്ങിയ എല്ലാം ഉൾപ്പെടുത്തുവാൻ സാധിക്കുന്നു. വെബ്ബിലുള്ള പ്രമാണങ്ങൾക്കെല്ലാം ഒരു യൂണിഫോം റിസോഴ്സ് ഐഡന്റിഫൈയർ അഥവാ യു.ആർ.ഐ ഉണ്ടാവും. യു.ആർ.ഐ വഴിയാണ് ഓരോ പ്രമാണവും വെബ്ബിൽ തിരിച്ചറിയപ്പെടുന്നതും പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നതും.

വേൾഡ് വൈഡ് വെബ് ഇന്റർനെറ്റിന്റെ പര്യായമാണെന്ന് പൊതുവേ കരുതാറുണ്ട്. ഇന്റർനെറ്റ് എന്നാൽ പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്ന കമ്പ്യൂട്ടർ ശൃംഖലകളുടെ ഒരു കൂട്ടമാ

ണ്. ടെലിഫോൺ ലൈനുകൾ, ഒപ്റ്റിക്കൽ ഫൈബറുകൾ, അല്ലെങ്കിൽ വയർലെസ് സംവിധാനങ്ങൾ എന്നിവ ഉപയോഗിച്ചാണ് കമ്പ്യൂട്ടറുകൾ തമ്മിലും കമ്പ്യൂട്ടർ ശൃംഖലകൾ തമ്മിലും ബന്ധപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വേൾഡ് വൈഡ് വെബ് എന്നു പറയുന്നത് പരസ്പരം ബന്ധപ്പെടുത്തിയിട്ടുള്ള പ്രമാണങ്ങളുടെ ഒരുകൂട്ടമാണ്. ഹൈപ്പർലിങ്കുകളും, യു.ആർ.ഐ കളും ഉപയോഗിച്ചാണ് വേൾഡ് വൈഡ് വെബിലെ പ്രമാണങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നത്. പ്രമാണങ്ങൾ എന്നു പറയുന്നത് എന്തുമാവാം ചിത്രങ്ങൾ, ശബ്ദങ്ങൾ, എച്ച്.റ്റി.എം.എൽ താളുകൾ, പ്രോഗ്രാമുകൾ, ഇങ്ങനെ . ഇന്റർനെറ്റുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും കമ്പ്യൂട്ടറിൽ ഡിജിറ്റൽ രീതിയിലായിരിക്കും മേല്പറഞ്ഞ പ്രമാണങ്ങൾ സൂക്ഷിച്ചിരിക്കുക. ഒരു ഇന്റർനെറ്റ് ഉപയോക്താവിന് വേൾഡ് വൈഡ് വെബ്ബിലുള്ള ഏതെങ്കിലും ഒരു പ്രമാണം വേണമെന്നുണ്ടെങ്കിൽ, ഉദാഹരണത്തിന് ഒരു എച്ച്.റ്റി.എം.എൽ താളാകട്ടെ, അയാൾ ആദ്യം തനിക്കാവശ്യമുള്ള താളിന്റെ യു.ആർ.എൽ തന്റെ വെബ് ബ്രൗസറിൽ കീബോർഡ് വഴി റ്റൈപ്പ് ചെയ്തു കൊടുക്കുകയോ, അല്ലെങ്കിൽ പ്രസ്തുത താളിലേക്കുള്ള ഒരു ഹൈപ്പർലിങ്കിൽ മൗസ് ഉപയോഗിച്ച് അമർത്തുകയോ ആണ് ചെയ്യുക. ടിം ബർണേയ്സ് ലീ എന്ന ഗവേഷകന്റെ ആശയമാണ് വേൾഡ് വൈഡ് വെബ്. 1980 ൽ ഹൈപ്പെർ റ്റെക്സ്റ്റ് എന്ന തത്ത്വം പ്രയോഗിക്കുന്ന ഒരു പദ്ധതി ഇദ്ദേഹം നിർദ്ദേശിച്ചു. ഗവേഷകർക്കിടയിൽ വിവരങ്ങൾ കൈമാറാനും സമയാസമയം പരിഷ്കരിക്കാനും ഉതകുന്ന പദ്ധതിയാണ് അത്. ഈ ആശയത്തെ അടിസ്ഥാനമാക്കി എൻ ക്വയർ (ENQUIRE) എന്നൊരു സംവിധാനം അദ്ദേഹം നിർമ്മിക്കുകയും ചെയ്തു. 1984 ൽ ഹൈപ്പർ ടെക്സ്റ്റിനെ ഇന്റർനെറ്റുമായി ബന്ധപ്പെടുത്തിയാലുള്ള സാധ്യതകളെപ്പറ്റി അദ്ദേഹം ചിന്തിച്ചു. 1989 ൽ ഈ ആശയത്തെ അടിസ്ഥാനമാക്കി അദ്ദേഹം പ്രാരംഭ പദ്ധതി തയ്യാറാക്കി. 1990 ൽ റോബർട്ട് കെയ്ല്യോ (Robert Cailliau) വിന്റെ സഹായത്തോടെ അതിൽ ചില മാറ്റങ്ങൾ വരുത്തി വേൾഡ് വൈഡ് വെബ് വികസിപ്പിച്ചു. ഇതിനായി ലോകത്തിലെ ആദ്യത്തെ വെബ്ബ് ബ്രൗസർ ബെർണേർസ് ലീ നിർമ്മിക്കുകയും ചെയ്തു. വേൾഡ് വൈഡ് വെബ് എന്നായിരുന്നു അതിന്റെയും പേര്.

### ഇ ബുക്

ഇലക്ട്രോണിക് വെർഷനിലുള്ള ബുക്കുകളെ പൊതുവെ വിളിക്കുന്ന പേരാണ് ഇ–ബുക്കുകൾ എന്ന്. ഡിജിറ്റൽ ബുക്കുകൾ എന്നും ഇവയെ പറയാറുണ്ട്. കംപ്യൂട്ടറുകൾപോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ വായിക്കാൻ കഴിയുന്ന ഇ–ബുക്കുകളിൽ അക്ഷരങ്ങളും ചിത്രങ്ങളും വീഡിയോകളും ഉണ്ടാകാം. അച്ചടി പുസ്തകങ്ങളുടെ ഇലക്ട്രോണിക് പതിപ്പുകളാണ് ഇ–ബുക്കുകൾ എന്ന് പറയാമെങ്കിലും പല ഇ–ബുക്കുകൾക്കും തത്തുല്യമായ പ്രിന്റഡ് ബുക്കുകൾ ലഭ്യമല്ല. ഇ–ബുക്കുകൾ വായിക്കുന്നതിന് സവിശേഷമായി രൂപകൽപ്പനചെയ്ത ഉപകരണമാണ് ഇ–റീഡർ. എന്നാൽ ഇ–റീഡർ ഇല്ലാതെതന്നെ കംപ്യൂട്ടറുകളിലും എല്ലാ സ്മാർട്ട് ഫോണുകളിലും ചില മൊബൈൽ ഫോണുകളിലും ഇ–ബുക്കുകൾ വായിക്കാൻ കഴിയും.

ഇൻഡക്സ് തോമസ്റ്റിക്കസ്' ആണ് ആദ്യത്തെ ഇ–ബുക്ക്. തോമസ് അക്വിനാസിന്റെ തത്വചിന്താസമാഹാരമായ ഇൻഡക്സ് തോമസിസ്റ്റിക്കസ് 1940 കളുടെ അവസാനത്തിൽ റോബർട്ടോ ബുഡയാണ് ഇ–വെർഷനിലേ (ഇ–പതിപ്പ്)ക്ക് മാറ്റിയത്. 1949ൽ സ്പെയ്നിലെ ഗലീസിയയിൽ നിന്നുള്ള അധ്യാപികയായ എയ്ഞ്ചല റ്യൂസ് ആണ് ഇ–ബുക്കിന്റെ പേറ്റന്റ് ആദ്യമായി നേടിയത്. തന്റെ വിദ്യാർഥികളുടെ പുസ്തക സഞ്ചിയുടെ ഭാരം കുറയ്ക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അവർ ഇ– രംഗത്തെത്തിയത്. പ്രോജക്ട് ഗുട്ടൻബർഗിന്റെ ഉപജ്ഞാതാവായ മൈക്കിൾ.എസ്. ഹാർട്ട് ആണ് ഇ ബുക്കുകളുടെ പിതാവ് എന്ന് അറിയപ്പെടുന്നത്. 1970 ൽ കോളേജുവിദ്യാർത്ഥിയായിരിക്കുമ്പോൾ ലൈബ്രറിയിലെ കമ്പ്യൂട്ടർ

ഉപയോഗിക്കാൻ അനുവാദം ലഭിച്ച ഹാർട്ട്, തന്റെ കമ്പ്യൂട്ടർ മറ്റ് പല കമ്പ്യൂട്ടറിലും ബന്ധപ്പെടുത്തിയിട്ടുണ്ടെന്നു മനസ്സിലാക്കിയിരുന്നു. ഇന്റർനെറ്റ് എന്ന ആശയം നിലവിൽ വന്നിട്ടില്ലാത്ത കാലമായിരുന്നു അത്. അമേരിക്കയുടെ 'സ്വാതന്ത്ര്യ പ്രഖ്യാപനം "(declaration of Independece) എന്ന വിശ്രുത ലേഖനത്തിന്റെ ഒരു പ്രതി സ്വന്തമായി ടൈപ്പ് ചെയ്തു ലഭ്യമാക്കിയതിലൂടെ ഇ പ്രസാധന യുഗം പിറക്കുകയായിരുന്നു. തുടർന്ന് ബൈബിൾ, ഹോമർ, മാർക്ക് ട്വയ്ൻ, ഷേക്സ്പിയർ എന്നീ വിഖ്യാത കൃതികൾ ഹാർട്ട് തന്നെ ടൈപ്പ് ചെയ്തു ലഭ്യമാക്കുകയുണ്ടായി. ഒറ്റയാൾ പട്ടാളമായി 313 കൃതികൾ 1987 ആയപ്പോഴേക്കും ഹാർട്ട് തനിയെ ടൈപ്പ് ചെയ്തു ലോകത്തിനു ലഭ്യമാക്കിയിരുന്നു. ഇന്റർനെറ്റിന്റെ പ്രചാരവും, സാങ്കേതിക വിദ്യയിലുണ്ടായ പുരോഗതിയും ഇ പ്രസാധന രംഗത്തെ മാറ്റിമറിച്ചു. വെറും ടെക്സ്റ്റ് ഫയലായി മാത്രം ജന്മമെടുത്ത ഇ ബുക്ക് ഇപ്പോൾ അനേകതരം ഫോർമാറ്റുകളിൽ ആയി കഴിഞ്ഞിരിക്കുന്നു പി.ഡി.എഫ്, എച്ച്.ടി.എം.എൽ. എന്നിവയാണ് വ്യാപകമായി അറിയപ്പെടുന്ന ഫോർമാറ്റുകൾ. സൗജന്യവും സ്വതന്ത്രവുമായി ലഭിക്കുന്ന (free/open source) കൃതികളാണ് ഈ ഫോർമാറ്റുകളിൽ ലഭ്യമാവുന്നതിൽ അധികവും. എന്നാൽ പ്രത്യേകതരം ഉപകരണങ്ങളിൽ മാത്രം വായിക്കാൻ സജ്ജമാക്കിയ ഇബുക്കുകളും ഇന്ന് വിപണനം ചെയ്യപ്പെടുന്നു. ഇന്ന് വികസിത രാഷ്ട്രങ്ങളിൽ ഇ–ലൈബ്രറികൾ സാധാരണമാണ്. ഇ ബുക്കുകളുടെ പ്രസാധനത്തെ ഇ പബ്ലിഷിംഗ് എന്നു വിളിക്കുന്നു.

ഇ–റീഡർ അഥവാ ഇ–ബുക്ക് റീഡർ (ഇ–ബുക്കുകൾ വായിക്കാനുള്ള ഉപകരണം) ഒരു ടാബ്ലെറ്റ് കംപ്യൂട്ടറിന് സമാനമാണ്. രാത്രി–പകൽ വ്യത്യാസമില്ലാതെ വായിക്കാൻ കഴിയുന്ന തരത്തിലാണ് ഇതിലെ അക്ഷരങ്ങളുടെ ക്രമീകരണവും ബാക്ക്ലൈറ്റിങ്ങും ഒരുക്കിയിരിക്കുന്നത്. അക്ഷരങ്ങളുടെ വലിപ്പം വ്യത്യാസപ്പെടുത്താനും കഴിയും. ഏറ്റവും പുതിയ ഇ–റീഡറുകൾക്ക് പ്രിന്റഡ് ബുക്കുകളിലെ പേജുകൾ മറിക്കുന്നതുപോലെയുള്ള 'ഫീൽ' നൽകാനും കഴിയുന്നു. ഇലക്ട്രോണിക് പേപ്പർ ടെക്നോളജി ഉപയോഗിച്ച് ആദ്യത്തെ ഇ–റീഡർ നിർമിച്ചത് ജപ്പാനിലെ സോണി കമ്പനിയാണ്. 2004ലായിരുന്നു ഇത്. ബ്ളാക്ക് ആൻഡ് വൈറ്റിലായിരുന്നു ആദ്യകാല ഇ–റീഡറുകളിൽ വായിച്ചിരുന്നത്. എക്റ്റാകോ ജെറ്റ്ബുക്ക് റീഡറാണ് ആദ്യത്തെ കളർ ഇ–റീഡർ. പിഡിഎഫ് ഫോർമാറ്റിലാണ് പൊതുവെ ഇ–റീഡറിൽ പുസ്തകങ്ങൾ വിന്യസിക്കുന്നത്. നൂറുകണക്കിനു പുസ്തകങ്ങൾ പോക്കറ്റിൽ കൊണ്ടുനടക്കാം, എല്ലാകാലവും കേടുവരാതെ നിൽക്കും, ഉപഭോക്താവിന്റെ ആവശ്യാനുസരണം അക്ഷരങ്ങളുടെ വലിപ്പം, ലിപികളുടെ തരം എന്നിവ ക്രമപ്പെടുത്താം, ഇരുട്ടത്തും പുസ്തകവായന നടത്താം എന്നതൊക്കെയാണ് ഇ റീഡറുകളുടെ ആകർഷണീയത. പാട്ടുകൾ കേൾക്കാനും ഇന്റർനെറ്റ് ബ്രൗസ് ചെയ്യാനും ചില ഇ റീഡറുകളിൽ സാധിക്കും.

ഇ ബുക്കും പ്രിന്റഡ് പുസ്തകങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ:

ഇ– ബുക്കുകൾ ഇ ലിങ്ക്, എൽസിഡി, എൽഇഡി സ്ക്രീനുകളിലും സാധാരണ കംപ്യൂട്ടർ മോണിറ്ററുകളിലും വായിക്കാൻ കഴിയും. അക്ഷരങ്ങളുടെ വലിപ്പം കൂട്ടുന്നതിനും കുറയ്ക്കുന്നതിനും കഴിയുന്നതിനൊപ്പം സ്ക്രീനിലെ ബാക്ക്ലൈറ്റ് ക്രമീകരിക്കുന്നതിനും കഴിയും. പ്രിന്റഡ് ബുക്കുകൾക്ക് ഈ സൌകര്യങ്ങളൊന്നുമില്ല.

ഇ–ബുക്കുകളുടെ രൂപകൽപന പുതുമയുള്ളതാണ്. വ്യത്യസ്ത രീതികളിൽ ഇ–ബുക്കുകൾ അവതരിപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയറുകൾ ഇന്ന് ലഭ്യമാണ്. പ്രിന്റഡ് ബുക്കുകളും പരമ്പരാഗത രീതിയിൽനിന്ന് മാറാൻ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. വ്യത്യസ്ത ആകൃതിയിലുള്ള ബുക്കുകൾ വിപണിയിൽ ലഭ്യമാണ്. സിൽക്കി പേജുകളും ത്രിമാന ചിത്രങ്ങളും ഇന്ന് പ്രിന്റഡ് ബുക്കുകളിലുമുണ്ട്.

ഇ–ബുക്കുകൾക്ക് പ്രിന്റഡ് ബുക്കുകളുടെ ഒരു 'ഫീൽ' ഉണ്ടാക്കാൻ കഴിയില്ല. ഇ–റീഡറാകട്ടെ, ലോഹങ്ങൾകൊണ്ടോ പ്ലാസ്റ്റിക് കൊണ്ടോ ആയിരിക്കും നിർമിച്ചിരിക്കുന്നത്. പ്രിന്റഡ് ബുക്കുകൾ വിവിധ വലിപ്പത്തിലും ഭാരത്തിലുമാണുള്ളത്. ഓരോ ബുക്കും വ്യത്യസ്ത അനുഭവം നൽകും.

ഇ–ബുക്കുകൾ ലഭിക്കാൻ കാലതാമസം ഉണ്ടാകില്ല. 'ഔട്ട്ഓഫ് സ്റ്റോക്ക്' ബോർഡ് ഇ–ബുക്കുകളോടൊപ്പം ഉണ്ടാകാറില്ല. പ്രിന്റഡ് ബുക്കുകൾ പുതിയതും വായനക്കാർ ഏറെയുള്ളതുമാണെങ്കിൽ കാത്തിരിപ്പ് അനിവാര്യമാണ്.

എല്ലാ ഇ–ബുക്കുകളും എല്ലാ ഇ– റീഡറുകളിലും വായിക്കാൻ കഴിയില്ല. 'ഡിജിറ്റൽറൈറ്റ്' പ്രശ്നമാണ് ഇതിന് കാരണം. വ്യത്യസ്ത ഇ–റീഡറുകളുടെ പ്രവർത്തനം വ്യത്യസ്ത തരത്തിലാകും. എന്നാൽ പ്രിന്റഡ് ബുക്കുകൾക്ക് ഈ പരിമിതിയില്ല. പുസ്തകം തുറന്നുവായിക്കുന്നതിന് മറ്റ് തടസങ്ങളൊന്നുമില്ല.

വിലനിലവാരമാണ് മറ്റൊരു സംഗതി. ചില ഇ–ബുക്കുകൾ സൌജന്യമാണ്. ചിലതിന് ചെറിയ വില നൽകിയാൽ മതിയാകും. എന്നാൽ വലിയ വില നൽകേണ്ടിവരുന്ന ഈ ബുക്കുകളുമുണ്ട്. എന്നാൽ ഇവ വായിക്കാനുള്ള ഇ–റീഡറുകൾക്ക് വിലയുണ്ട്. ഇ–റീഡർ ഇല്ലാതെ തന്നെ ഇ–ബുക്കുകൾ കംപ്യൂട്ടറിലും ഫോണിലും വായിക്കാം. ഇ–ബുക്കുകൾ ലൈബ്രറികളിൽ ലഭിക്കുമെങ്കിലും നാട്ടിൻ പുറങ്ങളിലെയും കൊച്ചുപട്ടണങ്ങളിലെയും വായനശാലകൾക്ക് ഇ–ബുക്കുകൾ ഇന്നും അന്യമാണ്.

ഈർപ്പം തട്ടിയാലും താഴെ വീണാലും മിക്കവാറും ഈ റീഡറുകളെല്ലാം നാശമാകും. കംപ്യൂട്ടർ വൈറസുകളും ഇ–റീഡറുകളെ പ്രതികൂലമായി ബാധിക്കും. ഈർപ്പവും മഴയും മഞ്ഞും ചിതലുമെല്ലാം പ്രിന്റഡ് ബുക്കുകളെയും തകരാറിലാക്കും. എന്നാൽ നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറികൾക്ക് ഇത് ബാധകമാവില്ല. നൂറ്റാണ്ടുകൾ പഴക്കമുള്ള പ്രിന്റഡ് ബുക്കുകൾ വരെ നല്ല ലൈബ്രറികളിൽ കേടുകൂടാതെ നിലനിൽക്കുന്നുണ്ട്.

കോപ്പിറൈറ്റ് നിയമങ്ങളും മറ്റ് നിബന്ധനകളും കാരണം എല്ലാ പ്രിന്റഡ് ബുക്കുകളുടെയും ഇ–രൂപം ലഭ്യമാകില്ല. ഇ–ബുക്ക് എഡിഷന് മുമ്പുതന്നെ പ്രിന്റഡ് എഡിഷൻ പ്രസിദ്ധീകരിക്കുന്നതും പതിവാണ്.

ഇ–ബുക്ക് നിർമാണത്തിന് കടലാസ് ആവശ്യമില്ല. അങ്ങനെ നോക്കുമ്പോൾ അവ പരിസ്ഥിതി സൌഹൃദപരമാണ്. എന്നാൽ അവയുടെ പ്രവർത്തനത്തിന് വൈദ്യുതി ആവശ്യമാണ്. ഇ–റീഡർ നിർമാണത്തിനുപയോഗിക്കുന്ന സാമഗ്രികൾ റീ –സൈക്കിൾ ചെയ്യാൻ കഴിയില്ല. പ്രിന്റഡ് ബുക്കുകൾ വായിക്കുന്നതിന് വൈദ്യുതി ആവശ്യമില്ല. എന്നാൽ അവയുടെ നിർമാണത്തിന് മരങ്ങൾ മുറിക്കേണ്ടിവരും.

ഇപ്പോൾ ഇബുക്ക് വാങ്ങാൻ തിരിച്ചറിയൽരേഖകൾ ചില കമ്പനികൾ ആവശ്യപ്പെടുന്നുണ്ട്. ഉപഭോക്താവിന് പുസ്തകത്തിനുമേൽ ഒരവകാശവും ഇല്ലെന്നു മാത്രമല്ല അത് മറ്റൊരാൾക്ക് വായിക്കാൻ കൈമാറുന്നതുപോലും കുറ്റകൃത്യമാവുകയും ചെയ്യും. പല ഈ പുസ്തകങ്ങളു ടെയും ഫോർമാറ്റ് രഹസ്യമാണ്, പ്രത്യേകം സോഫ്റ്റ്വെയറിനു മാത്രമേ അതു വായിയ്ക്കാനാവൂ. പ്രത്യേക സാങ്കേതിക നിയന്ത്രണത്തിലൂടെ ദൂരത്തിരുന്നുതന്നെ പ്രസാധകന് നമ്മുടെ കൈവശ മുള്ള ഇബുക്ക് ഡിലീറ്റ് ചെയ്യാനും കഴിയും. ജോർജ്ജ് ഓർവെല്ലിന്റെ 1984 ന്റെ ആയിരക്കണക്കിന് പകർപ്പുകൾ ആമസോൺ കമ്പനി ഡിലീറ്റ് ചെയ്തത് ഇതിനുദാഹരണമാണ്. ഇത്തരം അസ്വാത ന്ത്ര്യങ്ങളൊന്നും അച്ചടിപുസ്തകങ്ങൾക്കില്ല. സ്ഥല പരിമിതികൾക്കതീതമായി നൂറുകണക്കിനു പുസ്തകങ്ങൾ എല്ലാ കാലത്തേക്കും സുരക്ഷിതമായി സൂക്ഷിക്കാം എന്നിവ ഇ ബുക്കിന്റെ ഗുണങ്ങളായി എണ്ണാം. സാങ്കേതിക വിദ്യയിൽ അനുനിമിഷം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഇ ബുക്കിന്റെ സാർവത്രിക പ്രചാരണത്തിനു ക്ഷീണമേൽപ്പിക്കുന്നു

## ബ്ലോഗ്

കുറിപ്പുകളോ ചെറുലേഖനങ്ങളോ ഉൾക്കൊള്ളുന്ന, മുഖ്യമായും വ്യക്തിഗതമായ വെബ് പേജുകളാണ് ബ്ലോഗ്. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള വാർത്തകളും അപഗ്രഥനങ്ങളും വ്യക്തിഗതമായ നിരീക്ഷണങ്ങളുമാണ് മുഖ്യമായും ബ്ലോഗുകളിൽ ഉണ്ടാകുക. ഉദാഹരണമായി ഭക്ഷണം, രാഷ്ട്രീയം, പ്രാദേശിക വാർത്തകൾ, ചടങ്ങുകൾ എന്നിവ വ്യക്തിപരമായ ഡയറിക്കുറിപ്പുകൾ പോലെ ബ്ലോഗുകളിൽ കാണപ്പെടുന്നു. ചിത്രബ്ലോഗുകൾ, വീഡിയോബ്ലോഗുകൾ, ശബ്ദബ്ലോഗുകൾ (podcasting) എന്നിവയും ഉണ്ട്.

'വെബ്, ലോഗ്'എന്നീ രണ്ട് പദങ്ങളുടെ ചുരുക്കെഴുത്താണ് ബ്ലോഗ് എന്ന പദം. ബ്ലോഗ് ചെയ്യുക/ബ്ലോഗുക എന്നത് ഒരു ക്രിയ ആയും ഉപയോഗിക്കാറുണ്ട്. 1994 ൽ വിദ്യാർത്ഥിയായിരിക്കേ പതിനൊന്നുവർഷക്കാലം ബ്ലോഗിങ് നടത്തിയ ജസ്റ്റിൻ ഹോൾ ആണ് ആദ്യത്തെ ബ്ലോഗറായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

യൂനിക്കോഡ് ഫോണ്ടുകൾ ലഭ്യമായതോടെയാണ് മലയാളത്തിൽ ബ്ലോഗിംഗ് വ്യാപകമായത്. 2003 ജനവരിയിൽ ആരംഭിച്ച ജാലകം ആണ് മലയാളത്തിലെ ആദ്യത്തെ ബ്ലോഗ് എന്ന് വാദിക്കപ്പെടുന്നു. മലയാളം ബ്ലോഗിംഗ് പ്രചാരത്തിലായതോടെ വിദ്യാഭ്യാസ കാര്യങ്ങൾക്കു വേണ്ടിയും ഇന്നു ബ്ലോഗുകൾ ഉപയോഗിക്കുന്നു. കേരളത്തിലെ ഹൈസ്ക്കൂൾ ഗണിതശാസ്ത്ര അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുള്ള മാത്സ്ബ്ലോഗ്, അൽ റഹിമാൻ എന്നിവ ഉദാഹരണമാണ്. ഒരുകാലത്ത് ബ്ലോഗുകൾക്കുണ്ടായിരുന്ന പ്രചാരണം ഫെയ്സ്ബുക്കിന്റെ പ്രചാരത്തോടെ ഇപ്പോൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 2006 ഒക്ടോബറിലെ കണക്കനുസരിച്ച് ദിവസവും ഒരുലക്ഷം ബ്ലോഗു വീതമാണ് സൃഷ്ടിക്കപ്പെട്ടിരുന്നത്. ഈ അമിതാവേശം കെട്ടടങ്ങിത്തുടങ്ങിയതിന്റെ സൂചനയാണ്, ഉപേക്ഷിക്കപ്പെടുന്ന ബ്ലോഗുകളുടെ എണ്ണപ്പെരുക്കമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇപ്പോൾ 20 കോടി ബ്ലോഗുകൾ ശവസംസ്കാരം കാത്തുകിടക്കുകയാണത്രെ.

## വെബ് പ്രസാധനം

ഇന്റർനെറ്റ് വഴിയുള്ള പുസ്തകപ്രസാധനത്തെയാണ് വെബ് പ്രസാധനം എന്നു വിളിക്കുന്നത്. പുസ്തകശാലകളും വ്യക്തികളും ഇങ്ങനെ തങ്ങളുടെ പുസ്തകങ്ങൾ പുറത്തിറക്കുന്നുണ്ട്. സ്വന്തം ബ്ലോഗുകൾ, ഫെയ്സ്ബുക് അകൗണ്ടുകൾ എന്നിവയിലൂടെയുള്ള ആശയപ്രകാശനങ്ങൾക്കു പുറമെ തങ്ങൾ രചിച്ച പുസ്തകങ്ങളും മറ്റു രചനകളും ആവശ്യക്കാർക്ക് പി ഡി എഫ് പോലുള്ള ഫോർമാറ്റുകളിൽ ഈ പുസ്തപ്രസാധനത്തിലൂടെ ലഭിക്കും. ചിലപ്പോഴൊക്കെ കടലാസുരൂപത്തിലുള്ള പുസ്തകങ്ങളെക്കാൾ പ്രചാരം നേടാനും വിറ്റഴിക്കാനും ഇന്റർനെറ്റ് വഴിയുള്ള പുസ്തകപ്രസാധനത്തിന് സാധ്യമാകാറുണ്ട്. വായനക്കാരും എഴുത്തുകാരും തമ്മിലുള്ള ഇടപാടുകൾക്ക് ഇടനിലയായി പ്രസാധകർ വരുന്ന നിലവിലെ സാഹചര്യത്തെ ഈ മേഖല തകർക്കുന്നു. എഡിറ്റർമാരുടെയും തെരെഞ്ഞെടുപ്പുകാരുടെയും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ പുസ്തകപ്രസാധനത്തിൽ വിലങ്ങുതടിയാകുന്നതിന് വെബ് പ്രസാധനം വെല്ലുവിളിയാണ്.

## ഫേസ്ബുക്

സ്വകാര്യ ഉടമസ്ഥതയിൽ ഉള്ള സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റാണ് ഫേസ്ബുക്ക്. 2004 ൽ ആരംഭിച്ച ഫേസ്ബുക്ക് 2015 ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച 118 കോടി ഉപയോക്താക്കളുള്ള സൈറ്റാണ്. ഹാർവാർഡ് സർവ്വകലാശാല വിദ്യാർത്ഥികളായിരുന്നു മാർക്ക് സൂക്കർബർഗും, ദസ്ടിൻ മോസ്കൊവിത്സും, ക്രിസ് ഹ്യൂസും ചേർന്നാണ് ഈ വെബ്സൈറ്റ് ആരംഭിച്ചത്. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ധനികരിൽ ഒരാൾ കൂടിയാണ് മാർക്ക് സൂക്കർബർഗ്. ഗൂഗിൾ കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ ആൾക്കാർ ഉപയോഗിക്കുന്ന

സൈറ്റ് ആണ് ഫേസ്ബുക്ക്. സ്വന്തം ഭാഷയിൽ തന്നെ ആശയവിനിമയം നടത്താനുള്ള സംവിധാനവുമായാണ് ഫേസ് ബുക്ക് ഇന്ത്യയിൽ പ്രചാരംനേടിയത്. ഫേസ്ബുക്ക് അടക്കമുള്ള സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റുകൾ വ്യക്തികളുടെ സാമൂഹികജീവിതത്തെ പല രീതിയിലും സ്വാധീനിച്ചിട്ടുണ്ട്. മുറിഞ്ഞു പോയ സൗഹൃദങ്ങളെയും ബന്ധങ്ങളെയും കൂട്ടി യോജിപ്പിക്കുവാൻ ഫേസ്ബുക്കിന് സാധിക്കാറുണ്ട്. അതേസമയം, ചില പഠനങ്ങൾ കുടുംബബന്ധങ്ങളിലുണ്ടാകുന്ന വിള്ളലുകൾക്ക് ഫേസ്ബുക്കിനെ കുറ്റപ്പെടുത്തുന്നുമുണ്ട്. അടുത്ത കാലത്ത് വിവിധ രാജ്യങ്ങളിൽ ഏകാധിപത്യ ഭരണകൂടങ്ങൾക്കെതിരെ യുവജനതയുടെ വൻപങ്കാളിത്തത്തോടെ നടന്ന വിപ്ലവങ്ങളുടെ മുഖ്യ ചാലകങ്ങളായി വർത്തിച്ചത് ഫേസ്ബുക്ക് അടക്കമുള്ള ഇന്റർനെറ്റ് മാധ്യമങ്ങളായിരുന്നു.

### വാട്സാപ്

വിവിധ പ്ലാറ്റുഫോമുകളിൽ പ്രവർത്തിക്കുന്ന സ്മാർട്ട്ഫോണുകളിൽ ഉപയോഗിക്കാവുന്ന ആശയ വിനിമയ സംവിധാനമാണ് വാട്സ്ആപ്പ്. ഇന്റർനെറ്റ് ബന്ധം ഉപയോഗിച്ചാണ് വാട്സ്ആപ്പ് പ്രവർത്തിക്കുന്നത്. ലേഖനസന്ദേശം കൂടാതെ ഉപയോക്താവിന്റെ ചിത്രങ്ങളും വീഡിയോകളും ശബ്ദ സന്ദേശങ്ങളും മറ്റു ഡോക്യുമെന്റുകളും അവർ നിൽക്കുന്ന സ്ഥാനമടക്കം അയയ്ക്കാനവും എന്നതാണ് വാട്സാപ്പിന്റെ പ്രധാന സവിശേഷത. ഗൂഗിൾ ആൻഡ്രോയ്ഡ്, ബ്ലാക്ക്ബറി, ആപ്പിൾ, വിൻഡോസ് ഫോൺ തുടങ്ങിയവയിൽ ഇതു പ്രവർത്തിക്കും. 2009ൽ അമേരിക്കക്കാരായ ബ്രയാൻ ആക്റ്റൺ, ജാൻ കൂം (യുക്രൈൻ) എന്നിവർ ചേർന്നാണ് വാട്സ്ആപ്പ് വികസിപ്പിച്ചത്. ഇവർ യാഹൂ കമ്പനിയിലെ തൊഴിലാളികളായിരുന്നു. 2014 ഫെബ്രുവരി 19 നു ഫേസ്ബുക്ക് നടത്തിയ ഔദ്യോഗിക പ്രഖ്യാപനത്തിലൂടെ, കോടിക്കണക്കിന് രൂപ വിലനല്കി അവർ വാട്സ്ആപ്പിനെ ഏറ്റെടുത്തതായി അറിയിച്ചു. വാട്സാപ് സേവനം ഇന്ന് പൂർണമായും സൗജന്യമാണ്. ഉപയോക്താക്കളുടെ എണ്ണം 150 കോടി കവിഞ്ഞു. ഇന്ത്യയിൽ 6 കോടിയിലധികം ഉപയോക്താക്കളുണ്ട്. ഇപ്പോൾ വാട്സാപ്പ് ഫ്രീ ഓഡിയോ/വീഡിയോ കാൾ കൂടി ആരംഭിച്ചിരിക്കുന്നു.

**ഹൈപ്പർ ടെക്സ്റ്റും മൾടിമീഡിയയും**

**(കെ രവീന്ദ്രൻ, ബി. ഇഖ്ബാൽ)**

ആശയവിനിമയരംഗത്ത് മനുഷ്യൻ കൈവരിച്ച പുരോഗതികളിൽ അതിനൂതനമായ ഒന്നാണ് മൾടിമീഡിയ. ലിഖിതം, ശബ്ദം, ചിത്രം, ചലച്ചിത്രം, ശബ്ദത്തോടുകൂടിയ ചലച്ചിത്രം എന്നിങ്ങനെ വിവിധ രൂപങ്ങളിൽ മൾടി മീഡിയ വഴി ആശയസംവേദനം സാധ്യമാകുന്നു. കമ്പ്യൂട്ടറിന്റെ പ്രചാരണം മൾടിമീഡിയയെ കൂടുതൽ സാധ്യമാക്കി. വിവരഗ്രാഹ്യശേഷി വർധിപ്പിക്കാൻ മൾടിമീഡിയക്ക് കഴിയും. പ്രതിപ്രവർത്തനം (ഇന്ററാക്ടിവിറ്റി) കൂട്ടുമെന്നതാണ് മൾടിമീഡിയയുടെ പ്രധാന കഴിവ്. ലിഖിതം, ചിത്രം എന്നിവ തെരെഞ്ഞെടുക്കാനും ഇതിൽ സ്വാതന്ത്ര്യമുണ്ട്. അച്ചടിമാധ്യമത്തെക്കാൾ ആകർഷണീയവുമാണ് അത്. പരിശീലനം, ക്ലാസ്സ്, കച്ചവടം, പരസ്യം എന്നിവയ്ക്കെല്ലാം മൾടിമീഡിയ ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നു. നെറ്റ് വർക് സംവിധാനമുപയോഗിച്ച് വിദൂരസ്ഥലങ്ങളിലുള്ള വ്യക്തികളുമായി ആശയവിനിമയം നടത്താനും കഴിയും.

വിദ്യാലയങ്ങളിലാണ് മൾടിമീഡിയ ഏറ്റവുമധികം ഉപകരിക്കുക. പഠിപ്പിക്കുന്ന രീതിയിൽ ഏറെ മാറ്റങ്ങൾ വരുത്താൻ ഇതുകൊണ്ട് കഴിയും. ശാസ്ത്രത്തിന്റെ ക്ലാസ്സുകളിൽ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്താൻ മൾടിമീഡിയ ഉപയോഗിക്കാം. സാഹിത്യ – കലാ

പഠനത്തിനും മൾട്ടിമീഡിയ ഉപയോഗപ്പെടുത്തുന്നുണ്ട്. വിനോദത്തോടൊപ്പം വിജ്ഞാനം നൽകുന്ന രീതി (എജ്യൂടൈൻമെന്റ്) ആണ് മൾട്ടിമീഡിയ വിഭാവനചെയ്യുന്നത്. 1980 ലാണ് സി ഡി റോം രംഗപ്രവേശനം ചെയ്യുന്നത്. അതിനുമുമ്പ് ഫ്ളോപി ഡിസ്കുകളാണ് ഉപയോഗപ്പെടുത്തിയിരുന്നത്. ഇന്റർനെറ്റ് വ്യാപകമാകുന്നതോടെ മൾട്ടിമീഡിയയുടെ ഉപയോഗം പതിന്മടങ്ങ് വർധിക്കും. നേരിട്ട് ഇന്റർനെറ്റ് ഉപയോഗിക്കാവുന്ന സ്ട്രീമിംഗ് സംവിധാനം ഇന്ന് ഏറക്കുറെ സാധാരണമായിക്കഴിഞ്ഞു. ചെമ്പുകമ്പിയിൽ നിന്ന ഫൈബർ ഒപ്ടിക് ചാലകങ്ങളിലേക്ക് മാറിയതോടെയാണ് ഈ വിപ്ലവം സാധ്യമായത്. നാനോ ടെകനോളജി എന്നാണ് ഇത് അറിയപ്പെടുന്നത്.

ലീനിയർ ആയ അച്ചടി വായനക്കു പകരം നോൺ ലീനിയർ ആയ ഡിജിറ്റൽ വായനയുടെ കാലമാണിത്. ഒരറ്റത്തുനിന്ന് തുടങ്ങി മറ്റേ അറ്റത്തേക്ക് നീങ്ങുന്ന വായനയാണ് ലീനിയർ വായന (രേഖീയവായന). ഹൈപ്പർ ലിങ്കുകളിലൂടെയും ഇന്റർലിങ്കുകളിലൂടെയും ഇഷ്ടമുള്ള ഇടത്തുനിന്ന് വായന ആരംഭിക്കാനും ഏതു കണ്ണികളിലേക്കും തുടർന്നുപോകാനും നോൺലീനിയർ വായന സഹായിക്കും. ലേഖനത്തോടൊപ്പംതന്നെ ചിത്രം, ചലച്ചിത്രം, ശബ്ദം എന്നിവയും വായനക്കാരന് ലഭ്യമാകും. ഇതിന് ഹൈപ്പർ ടെക്സ്റ്റ് എന്നു പറയുന്നു. അതുകൊണ്ടുതന്നെ ഇന്റർനെറ്റിലൂടെയുള്ള വിവരശേഖരണത്തിനെ ജീവനുള്ള പുസ്തകങ്ങൾ എന്നാണ് വിളിക്കുന്നത്. ആദ്യകാല അച്ചടിക്കു പകരമായി പൂജ്യം, ഒന്ന് എന്നീ സംഖ്യകൾ മാത്രം ഉൾപെടുത്തിയ ദ്വിസംഖ്യാശ്രേണികൾ സംവിധാനിച്ചാണ് മൾട്ടിമീഡിയ സാധ്യമാക്കുന്നത്. ബൈനറി കോഡ്സ് എന്നാണ് ഇവയ്ക്ക് പേര്. ക്ലാഡ് ഷെന്നൻ എന്ന ഗണിതശാസ്ത്രജ്ഞനാണ് ഇത് കണ്ടെത്തിയത്.

സി ഡി റോമിന്റെ വരവോടെ നിരവധി ഗ്രന്ഥങ്ങൾ ഡിസ്കിലേക്ക് പകർത്തപ്പെട്ടു. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക 32 വാല്യങ്ങളായി അച്ചടിരൂപത്തിലുണ്ടായിരുന്നത് ഇന്ന് മൾട്ടിമീഡിയ രൂപത്തിൽ ഏതാനും സി ഡി കളിൽ ലഭ്യമാണ്. മലയാളത്തിൽ ആദ്യമിറങ്ങിയ സി ഡി റോം പതിപ്പ് ഡി സി ബുക്സിന്റെ അഖില വിജ്ഞാനകോശമാണ്. എത്രവലിയ പുസ്തകമാണെങ്കിലും പുസ്തകശേഖരണമാണെങ്കിലും ആവശ്യമായ ഒരു വാക്കുപോലും അനായാസം കണ്ടെത്താമെന്നതാണ് ഡിജിറ്റൽ പുസ്തകങ്ങളുടെ പ്രധാന പ്രത്യേകത.

# മൊഡ്യൂൾ 4

## മാധ്യമ വിമർശനം

പത്ര ദൃശ്യമാധ്യമ മേഖലകളിൽ വൻ സാങ്കേതിക മുന്നേറ്റമുണ്ടായ നൂറ്റാണ്ടാണിത്. സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ, മൾട്ടിമീഡിയ, ന്യൂസ് റൂം തുടങ്ങിയ അത്യാധുനിക സംവിധാനങ്ങളാണ് ഇക്കാലത്തെ മാധ്യമങ്ങളുടെ മുഖമുദ്ര. സിറ്റിസൺ ജേർണലിസ്റ്റുകളുടെയും സോഷ്യൽ മീഡിയയുടെയും കാലമാണിത്. ദ്രുതപ്രതികരണശേഷിയുള്ള മാധ്യമമെന്ന നിലയിൽ ടെലിവിഷന്റെ സാന്നിദ്ധ്യവും പ്രസക്തിയും വലുതാണ്. ലോകം മുഴുവൻ തലമുറകളോളം മേല്ക്കോയ്മയുണ്ടായിരുന്ന അച്ചടി മാധ്യമത്തെ തള്ളിമാറ്റിക്കൊണ്ടാണ് ടെലിവിഷൻ സാർവത്രികമായത്. ലോകത്തെ ആഗോളഗ്രാമമായി മാറ്റിമറിച്ച പ്രക്രിയയിൽ ടെലിവിഷനും പങ്ക് വഹിച്ചിട്ടുണ്ട്. ഇന്റർനെറ്റ് യുഗത്തിലെത്തിനില്ക്കുന്ന മാധ്യമവിപ്ലവത്തിനിടയിൽ സാങ്കേതികമായി കുതിച്ചുചാട്ടങ്ങൾക്ക് തയ്യാറെടുക്കുന്ന ടെലിവിഷൻ വിലയിരുത്തപ്പെടേണ്ട സമയംകൂടിയാണ് ഇത്. വാർത്താ മാധ്യമങ്ങളെക്കുറിച്ച് വിശിഷ്യാ ദൃശ്യമാധ്യമങ്ങളുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിൽ നടക്കുന്ന ഗൗരവ ചർച്ചകളെയാണ് മാധ്യമവിമർശനം എന്നു പറയുന്നത്. ജനങ്ങളുടെ പ്രതീക്ഷക്കും വിശ്വാസത്തിനുമൊത്ത് പ്രവർത്തിക്കാൻ മാധ്യമങ്ങൾക്ക് ഇനിയും സാധിച്ചിട്ടില്ലെന്നത് സത്യമാണ്. ആരോഗ്യപരമായ ഒരു മാധ്യമ സംസ്കാരം വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല. പത്രപ്രവർത്തന മേഖലയിലെ അപചയം ദൃശ്യമാധ്യമ മണ്ഡലത്തിലേക്കും വ്യാപിച്ചിരിക്കുന്നു.

അറിവ് പകരുക (Educate), വിവരങ്ങൾ നല്കുക (Inform), രസിപ്പിക്കുക (Entertain) എന്നീ മൂന്നു പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഊന്നിനില്ക്കുന്ന മാധ്യമങ്ങൾ ഉപഭോക്തൃ സംസ് കാരത്തിന്റെയും കമ്പോള നിയമങ്ങളുടെയും കൈപ്പിടിയിൽ ഒതുങ്ങിപ്പോയതിന്റെ ദൂഷ്യഫലങ്ങൾ സമൂഹം അനുഭവിക്കേണ്ടിവരുന്നു. ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിലെ 'ഫോര്ത്ത് എസ്റ്റേറ്റ്' ആയി വർത്തിക്കുന്ന മാധ്യമങ്ങൾ സ്വതന്ത്രവും നീതിപൂർവകവും നിഷ്പക്ഷവുമായ രീതിയിൽ ചുമതല നിർവഹിക്കേണ്ടതുണ്ട്. ചാനലുകൾ തമ്മിലുള്ള കിടമത്സരം അനാരോഗ്യകരമായ സ്ഥിതിഗതികൾ സൃഷ്ടിക്കുന്നു. പ്രേതപരമ്പരകളും കാമ്പില്ലാത്ത മെഗാസീരിയലുകളും നിലവാരംകുറഞ്ഞ തട്ടുപൊളിപ്പൻ പരിപാടികളും പ്രേക്ഷകർക്ക് നല്ല സന്ദേശമല്ല നൽകുന്നത്. വാർത്താ റിപ്പോർട്ടിങ്ങിലും അവതരണത്തിലുമെല്ലാം സംഭവിച്ചിട്ടുണ്ട് ഈ മൂല്യശോഷണം.

### മാധ്യമങ്ങളുടെ ധാർമികത

മാധ്യമപ്രവർത്തനം ജനാധിപത്യത്തിന്റെ നിർണായക ശക്തിയാണ്. അതുകൊണ്ടുതന്നെ മാധ്യമധാർമികത എന്ന ആശയത്തിന് ഏറെ പ്രസക്തിയുണ്ട്. മീഡിയ എതിക്സ് എന്നാണ് ഈ ധാർമികത അറിയപ്പെടുന്നത്. കേവലമായ തൊഴിൽ, കച്ചവടം, വ്യവസായം എന്നിവയ്ക്കു പകരം ജനങ്ങളുടെ അഭിപ്രായ സ്വരൂപണത്തിന്റെയും നിർമിതിയുടെയും ചാലകശക്തിയാണ് മാധ്യമങ്ങൾ. അതുകൊണ്ടുതന്നെ ചില ചട്ടക്കൂടുകളും മൂല്യങ്ങളും അവർ പാലിക്കേണ്ടിയിരിക്കുന്നു. സർക്കാർ സെൻസർ നിയമങ്ങൾ, മാധ്യമ നിയന്ത്രണനിയമങ്ങൾ എന്നിവയിലൂടെ ചില പെരുമാറ്റച്ചട്ടങ്ങൾ ഇക്കാര്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. വർഗീയ കലാപം, സത്രീപീഡനം, അപകടം തുടങ്ങിയ വാർത്തകൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട ചില വ്യവസ്ഥകളാണ് ഈ നിയമങ്ങളിലടങ്ങിയിരിക്കുന്നത്.

ചുമതല നിർവഹിക്കുന്ന മാധ്യമപ്രവർത്തകൻ നേരിടുന്ന ചില ധാർമിക പ്രതിസന്ധികളുണ്ട്. വാർത്ത ജനങ്ങളിലേക്കെത്തിക്കുക എന്ന ഉത്തരവാദിത്വമാണോ പൗരൻ

എന്ന നിലയ്ക്കുള്ള ഉത്തരവാദിത്വമാണോ മുൻഗണന ആവശ്യപ്പെടുന്നത് എന്ന ചോദ്യം പ്രസക്തമാണ്. പട്ടിണിമരണത്തിന്റെ ചിത്രവും വാർത്തയും പകർത്തുന്ന പല മാധ്യമപ്രവർത്തകരും ഈ ചോദ്യം നേരിട്ടിട്ടുണ്ട്. യുദ്ധം, കലാപം, സ്ത്രീകൾക്കെതിരെയുള്ള കൈയേറ്റങ്ങൾ, അപകടം തുടങ്ങി മാനുഷികമായി ഒരാൾ ഇടപെടേണ്ട ഘട്ടത്തിൽപോലും പത്രപ്രവർത്തകരെ സംബന്ധിച്ചടത്തോളം അതിന്റെ ചിത്രം പകർത്തുക എന്നതാണ് പ്രധാനപ്പെട്ട ദൗത്യം എന്നു കരുതുന്നവരുണ്ട്.

മാധ്യമ ധാർമികതയുമായി ബന്ധപ്പെട്ട് ഉയരുന്ന രണ്ടാമത്തെ പ്രശ്നം ജനകീയ പ്രശ്നങ്ങളിൽ ഇടപെടുമ്പോഴുണ്ടാകുന്ന താൽപര്യസംഘർഷങ്ങളാണ്. പത്രമാധ്യമങ്ങൾ മുതലാളിയുടെ വ്യവസായരംഗംകൂടിയാകയാൽ അഴിമതി, സ്വനജനപക്ഷപാതം, ജനവിരുദ്ധ ഇടപാടുകൾ എന്നിവ പൂർണമായും സത്യസന്ധമായും റിപ്പോർട്ടുചെയ്യുന്നതിൽ മാധ്യമപ്രവർത്തകർ പലതരത്തിലുള്ള സംഘർഷങ്ങളെയും നേരിടേണ്ടിവരുന്നു. ഏതെങ്കിലുമൊരു വ്യക്തിക്കോ സമൂഹത്തിനോ മതത്തിനോ പാർട്ടിക്കോ കോട്ടം തട്ടാതെ ഇത്തരം വാർത്തകൾ ജനങ്ങളിലേക്കെത്തിക്കാൻ കഴിയില്ല. ഇത്തരം ഘട്ടങ്ങളിൽ പത്രക്കാർ ആരുടെ കൂടെയാണ് നിൽക്കുന്നത് എന്ന കാര്യം പ്രസക്തമാണ്. മാത്രമല്ല ശത്രുക്കളുടെ ആക്രമണങ്ങൾക്കും എതിർപ്പുകൾക്കും മാധ്യമപ്രവർത്തകർ ഇരയായി മാറുകയും ചെയ്യുന്നു. രാഷ്ട്രീയ, സാമ്പത്തിക, സ്വാധീനങ്ങളുടെ ബലത്തിൽ ചില കാര്യങ്ങൾക്കും പ്രശ്നങ്ങൾക്കും നേരെ കണ്ണടയ്ക്കുന്ന മാധ്യമങ്ങൾ തങ്ങളുടെ യഥാർഥ ഉത്തരവാദിത്വം മറയ്ക്കുകയാണ് ചെയ്യുന്നത്. പരസ്യങ്ങൾ ഇക്കാര്യത്തിൽ വലിയൊരു തടസ്സമാണ്.

വ്യക്തികളുടെ സ്വകാര്യത, സ്വാതന്ത്ര്യം എന്നിവ മാനിക്കുക എന്നതും മാധ്യമധാർമികതയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഒരു കാര്യം കുറ്റകൃത്യമാകുന്നതുവരെ അത് വ്യക്തിസ്വാതന്ത്ര്യമാണ്. എന്നാൽ ചില മാധ്യമങ്ങൾ വായനക്കാരുടെ താൽപര്യങ്ങൾ മാത്രം ശ്രദ്ധിച്ച് വ്യക്തികളുടെ സ്വകാര്യജീവിതത്തിലേക്ക് ഒളിഞ്ഞുനോക്കുകയും അത് ജനമധ്യത്തിലെത്തിച്ച് കൂടുതൽ വായനക്കാരെ സമ്പാദിക്കുകയും ചെയ്യുന്നു. മറ്റുള്ളവരുടെ സ്വകാര്യതയിൽ ഇടപെടാനുള്ള മനുഷ്യവാസനയെ വിലയ്ക്കെടുക്കുകയാണ് ഈ പ്രവണത. അതേ സമയം സദാചാരം, വ്യക്തിസ്വാതന്ത്ര്യം, മൂല്യം എന്നിവയിൽ വ്യക്തകളുടെ തിരഞ്ഞെടുപ്പിനെ ഈ മാധ്യമനിലപാട് അവഗണിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ സർക്കാർ ചില നിയന്ത്രണങ്ങൾ ഈയിടെ നടപ്പിലാക്കിയിട്ടുണ്ട്. പീഡനത്തിനിരയാകുന്ന പെൺകുട്ടിയെക്കുറിച്ചുള്ള വ്യക്തിപരമായ വിവരങ്ങൾ പരസ്യപ്പെടുത്തരുത് എന്ന നിയമം അതിലൊന്നാണ്.

## അധിനിവേശവും മാധ്യമങ്ങളും

തൊണ്ണൂറുകൾ മുതൽ ലോകത്ത് അനുഭവപ്പെട്ട പുതിയ സാമ്പത്തിക സാമൂഹിക സാഹചര്യത്തെയാണ് ആഗോളവൽക്കരണം എന്നു വിളിക്കുന്നത്. ഉൽപാദനപ്രക്രിയയിലും വിപണനബന്ധങ്ങളിലും കാര്യമായ മാറ്റങ്ങളുണ്ടായി. ഇത് വിവരാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ ഉദയത്തിനും, വ്യവസായ സമൂഹത്തിൽ നിന്നു വിവരസമൂഹത്തിലേക്കുള്ള കുതിച്ചു ചാട്ടത്തിനും തുടക്കം കുറിച്ചു. വിവരവിപ്ലവം (ഇൻഫർമേഷൻ റെവല്യൂഷൻ) അല്ലെങ്കിൽ വാർത്താ വിനിമയ വിപ്ലവം അതിന്റെ ഫലമാണ്. ഈ വിപ്ലവത്തിന്റെ ആദ്യ പ്രതീക്ഷ ഇന്ത്യയെപ്പോലുള്ള വികസ്വര സമ്പദ് വ്യവസ്ഥകളിലെ അത്ഭുതാവഹമായ അവസരങ്ങളെക്കുറിച്ചുള്ള ഭാവനയായിരുന്നു.

വിവര സാങ്കേതിക വിദ്യയുടെ രണ്ടു പ്രധാനഘടകങ്ങൾ അനലോഗിൽ നിന്ന് ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്കുള്ള മാറ്റവും അതിന്റെ ഒരിടത്തേക്കുള്ള കേന്ദ്രീകരണവുമാണ്. ഈ രണ്ടു സവിശേഷതകൾക്കും വലിയ ജനാധിപത്യസാധ്യതകളുണ്ടെങ്കിലും ഇവ രണ്ടും

ആഗോള മുതലാളിത്തത്താൽ ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞു. മാധ്യമരംഗത്തെ കൂറ്റൻ കുത്തകകളുടെ വളർച്ചയ്ക്ക് ഇത് വഴിയൊരുക്കി. ആഗോളവല്ക്കകരണവും ഉദാരവൽക്കരണവും മാധ്യമരം ഗത്തെ മുമ്പേയുള്ള പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കി. സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ വിപണി കണ്ടെത്തിയ മാധ്യമങ്ങൾ സാമൂഹിക മൂല്യങ്ങളും മാധ്യമപ്രവർത്തനത്തിന്റെ മൌലികതത്വങ്ങളും ലാഭമുണ്ടാക്കുന്നതിന് തടസ്സമാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. വൻലാഭം കൊയ്യുന്ന ഇന്ത്യയിലെയും കേരളത്തിലെയും മുഖ്യധാരാമാധ്യമങ്ങൾ തങ്ങളുടെ പത്രത്തിന്റെ നിലവാരത്തകർച്ച ലാഭത്തെ ബാധിക്കുന്നില്ലെന്ന് ഒരു പതിറ്റാണ്ടിലേറെയായി മനസ്സിലാക്കിയിരിക്കുന്നു. ലാഭം കൊയ്യുന്ന മാധ്യമമുതലാളികളും വിഭവദാരിദ്ര്യം അനുഭവിക്കുന്ന മാധ്യമപ്രവർത്തകരും തമ്മിലുള്ള ധ്രുവീകരണമാണ് ഇപ്പോൾ മാധ്യമരംഗത്ത് നടക്കുന്നത്.

കടലാസുപത്രങ്ങൾ വരുമാനത്തിനായി പരസ്പരം മത്സരിക്കുന്നതിനൊപ്പം തന്നെ അവയ്ക്ക് വാർത്താ ചാനലുകളുമായും മത്സരിക്കേണ്ടിവരുന്നു. ടി വി ചാനലുകൾക്ക് പരസ്യം മാത്രമാണ് വരുമാന മാർഗം. ശരാശരി വീടുകളുടെ പ്രധാന വാർത്താ ഉറവിടം ടെലിവിഷൻ ചാനലുകളായി മാറിക്കഴിഞ്ഞു. പരസ്യങ്ങൾ പത്രങ്ങളിൽനിന്ന് ചാനലുകളിലേക്ക് മാറുന്നതോടെ ടി വി ചാനലുകളുടെ വിജയം അനുകരിക്കാൻ പത്രങ്ങൾ നിർബന്ധിതരാവുകയാണ്. ഇതോടെ പത്രങ്ങളും വിപണിയിൽ കേന്ദ്രീകരിക്കേണ്ടിവരും. വിപണിയുടെ കൈയിലകപ്പെട്ട ഒരു വാർത്താ മാധ്യമത്തിന് സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനും വായനക്കാരുടെയോ കാഴ്ചക്കാരുടെയോ ജീവിതത്തിൽ വ്യത്യസ്തത സൃഷ്ടിക്കുവാനും പരിമിതമായ സാധ്യതമാത്രമേ ഉണ്ടായിരിക്കൂ. മുമ്പ് എഡിറ്റോറിയൽ വിഭാഗത്തിനും മാർക്കറ്റിങ്ങ് വിഭാഗത്തിനുമിടയ്ക്ക് ഒരു മതിൽ ഉണ്ടായിരുന്നു. ആ മതിലാണ് വിപണിവൽക്കരണത്തിന്റെ സ്ഥാപനത്തോടെ തകർന്നത്. പത്രത്തിന്റെ ലാഭവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇതോടെ എഡിറ്ററുടെ ഉത്തരവാദിത്തമായി മാറും. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാവുകയും നമ്മുടെ പൊതുമണ്ഡലത്തിൽ ഒരു സാമൂഹ്യസ്ഥാപനമെന്ന പദവി അലങ്കരിക്കുകയും ചെയ്ത മാധ്യമങ്ങൾക്കു ണ്ടായ പ്രധാന മാറ്റമാണിത്. കമ്പോളത്തിലെ മറ്റു ഉൽപ്പന്നങ്ങൾ പോലെയാണ് മാധ്യമങ്ങളും എങ്കിൽ അവ എങ്ങനെ നമ്മുടെ ഭരണഘടനയുടെ 19 ാം അനുഛേദം ഉറപ്പുനല്കുന്ന അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യം സംരക്ഷിക്കും എന്ന ചോദ്യം ഉന്നയിക്കപ്പെട്ടു കഴിഞ്ഞു.

## ജനപ്രിയ സംസ്കാരവും മാധ്യമങ്ങളും

മാധ്യമങ്ങൾ സമൂഹത്തെയും സമൂഹം മാധ്യമങ്ങളെയും സ്വാധീനിക്കുന്നു. സമൂഹത്തിൽ ഒരു വിഷയം സജീവമായി നിലനിറുത്തുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക് തർക്കമറ്റതാണ്. സമൂഹബോധത്തിൽ തെറ്റ്, ശരി നിർണയിക്കുന്നതിലും മാധ്യമങ്ങൾ ഇടപെടുന്നുണ്ട്. ഈ വശത്തെ ഗുണാത്മകമായി തിരിച്ചുവിടാൻ മാധ്യമങ്ങൾക്ക് കഴിയേണ്ടതുണ്ട്. പരിസ്ഥിതി, മാലിന്യം, മാതൃഭാഷ, മതസൗഹാർദ്ദം, സ്ത്രീപദവി തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങളെ സർഗാത്മകമായി പരിവർത്തിപ്പിക്കാനും അഭിപ്രായം രൂപീകരിക്കാനും മാധ്യമങ്ങൾ ശ്രമിക്കേണ്ടതുണ്ട്. വാർത്തകൾ ഏതർഥത്തിൽ നൽകണം എന്നത് സമൂഹത്തിന്റെ മനസ്സിലിരിപ്പ് നോക്കിയാവരുതെന്ന് പറയുന്നുവെങ്കിലും വിപണിയുടെ ആവശ്യകത അവയെ സ്വാധീനിക്കുന്നു ണ്ട്. ജനങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്ന വാർത്തകൾ നൽകാൻ മാധ്യമങ്ങൾ മത്സരിക്കുന്നു.

ജനകീയ സംസ്കാരത്തെ നിർണയിക്കാനും നിയന്ത്രിക്കാനും മാധ്യമങ്ങൾക്ക് കഴിയും. ജനക്കൂട്ടത്തെ ഇളക്കിവിടാനും അടക്കിനിർത്താനും അവയ്ക്കുള്ള കഴിവ് അപാരമാണ്. ഡൽഹിയിലെ സ്ത്രീപീഡന സംഭവങ്ങളിലും അണ്ണാ ഹസാരെ സമരത്തിലുമടക്കം മാധ്യമങ്ങൾ ഒപ്പീനിയൻ ലീഡർ എന്ന സ്ഥാനത്തേക്കുയരുകയുണ്ടായി. സിനിമ പോലുള്ള ജനപ്രിയ സംസ്കാര വ്യവസായങ്ങളുടെ മുതൽമുടക്കുരംഗത്തുപോലും മാധ്യമങ്ങൾ എത്തിക്കഴിഞ്ഞത്

ഈ മേഖലയിലെ പല വിവാദങ്ങൾക്കും കാരണമായിട്ടുണ്ട്. പരസ്യങ്ങൾ വാർത്തകളാകുന്നതും വാർത്തകൾ പരസ്യങ്ങളാകുന്നതും അതിന്റെ ഫലമാണ്. വിവാദ വ്യവസായം എന്ന പുതിയ പദംപോലും ഇന്ന് ഉണ്ടായിരിക്കുന്നു. വിവാദമുണ്ടാക്കി ലാഭം കൊയ്യുന്ന പ്രവണതയ്ക്ക് വളംവെച്ചതും വളർത്തിയതും മാധ്യമങ്ങളാണ്.

## സംസ്കാരത്തിന്റെ ബഹുസ്വരതയും മാധ്യമങ്ങളും

മതനിരപേക്ഷ, ജനാധിപത്യ, സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്ന് നിർവചിക്കുകയും ഏതു മതവും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുന്ന ഇന്ത്യൻ ഭരണഘടന ബഹുസ്വരതയിലൂന്നിയ സമൂഹത്തെയാണ് വിഭാവന ചെയ്യുന്നത്. എന്നാൽ ഇന്ന് മാധ്യമങ്ങളിൽ ഒരു നല്ല പങ്കും വർഗീയവല്ക്കിരിക്കപ്പെട്ടുകഴിഞ്ഞു എന്ന ആരോപണം ശക്ത മാണ്. തന്ത്രപരമായി മാധ്യമങ്ങളിൽ നുഴഞ്ഞുകയറാൻ മത വർഗീയ ശക്തികൾ നടത്തിയ കൂട്ടായ ശ്രമങ്ങൾ അപകടകരമായ വിജയത്തിലെത്തിയിരിക്കയാണ്. മറ്റു മാധ്യമങ്ങൾ ഇത് പുറ ത്തുകൊണ്ടുവരുന്നതുപോലും പുറത്തുള്ള വർഗീയ ശക്തികളുടെ എതിർപ്പുകൾക്കും അക്രമണ ത്തിനും കാരണമാകുന്നു എന്ന് പത്രപ്രവർത്തക ലോകം കുറ്റപ്പെടുത്തുന്നു. ഇത് ഭയപ്പാടു നിറഞ്ഞ അന്തരീക്ഷം മാധ്യമരംഗത്ത് സൃഷ്ടിച്ചിട്ടുണ്ട്. ശക്തവും പരുഷവുമായ സമ്മർദ ഗ്രൂപ്പായാണ് അവർ പ്രവർത്തിക്കുന്നത്. വർഗീയ സംഘർഷങ്ങൾ റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിൽ പ്രാദേശികപത്രങ്ങളെക്കാൾ മെച്ചമാണ് ഇംഗ്ലീഷ് മാധ്യമങ്ങൾ എന്നതാണ് ചരിത്രം. വിദ്വേഷം പ്രചരിപ്പിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും ലേഖനങ്ങളും സാമൂഹിക മാധ്യമങ്ങളിലടക്കം ഏറെ പ്രചാരണം നേടുന്നു. പല ചാനലുകളും മതസംവാദങ്ങൾക്കായി മാത്രമുള്ളതാണ്. ഇവയിൽ ഏറിയപങ്കും അന്യമതങ്ങളോടും ആചാരങ്ങളോടും അസഹിഷ്ണുത പുലർത്തുന്നവയാണ്. പ്രത്യേക സമുദായത്തെയും പക്ഷങ്ങളെയും ശത്രുക്കളായി കാണാനുള്ള ആശയപ്രചാരണം മതേതരമുദ്രയുള്ള മാധ്യമങ്ങളിൽ പോലും നടക്കുന്നത് ഇന്ത്യയുടെ ബഹുസ്വര സംസ്കാരത്തെ ബാധിക്കുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ദൂരദർശൻ കാലത്ത് മതനിരപേക്ഷ ഇടം ടെലിവിഷനിൽ ഫലപ്രദമായി ഉപയോഗിച്ചിരുന്നു.

സംസ്കാരത്തിന്റെ സംരക്ഷകരും വിതരണക്കാരും ഇന്ന് മാധ്യമങ്ങളാണ്. അല്ലെങ്കിൽ അവ നിയന്ത്രിക്കപ്പെടുന്നത് മാധഅയമങ്ങളിലൂടെയാണ്. സാംസ്കാരിക മേഖലയിൽ അനുഗുണമായ വ്യതിയാനങ്ങളെ മാധ്യമങ്ങൾ സൃഷ്ടിക്കുന്നു. സാംസ്കാരികമായ വ്യത്യസ്തതകളാണ് ഇന്ത്യയുടെ പ്രത്യേകത. ഇന്ത്യപോലുള്ള രാജ്യങ്ങളിൽ ചില സംസ്കാര സവിശേഷതകളെ അടിച്ചേൽപിക്കാനുള്ള ശ്രമങ്ങൾ മാധ്യമങ്ങളിലൂടെയാണ് നടത്തുന്നത്. അധീശത്വ സംസ്കാരത്തിന്റെ പൊതുവൽക്കരണത്തിന് മാധ്യമങ്ങൾ കൂട്ടുനിൽക്കരുത്. മാധ്യമശ്രദ്ധ ലഭിക്കാത്ത ആദിവാസികളടക്കമുള്ള ചെറുസംസ്കാരങ്ങളെ മുഖ്യധാരയിലേക്കെത്തിക്കാനും അവയ്ക്ക് അർഹമായ പരിഗണനകൾ നൽകാനും മാധ്യമങ്ങൾക്ക് കഴിയണം. ആദിവാസികൾക്കു പുറമെ, ദലിത് പിന്നോക്ക വിഭാഗങ്ങളുടെ സംസ്കാരത്തെ സംരക്ഷിക്കാനുള്ള ചുമതലയും മാധ്യമങ്ങളുടേതായിത്തീരുന്നു. ഇത്തരം വിഭാഗങ്ങളുടെ സംസ്കാരത്തെ അപരസ്ഥാനത്തും അത്ഭുതസ്ഥാനത്തും നിറുത്തിയാണ് പലപ്പോഴും മാധ്യമങ്ങൾ കൈകാര്യംചെയ്യാറുള്ളത്. നഗരകേന്ദ്രിതമായ മാധ്യമബോധം ഗ്രാമജീവിതത്തിൽ അടിച്ചേൽപ്പിക്കുന്നതും ബഹുസ്വരസംസ്കാരത്തിനെതിരെയുള്ള മാധ്യമപ്രവർത്തനമാണ്.

## പൊതുമണ്ഡലവും മാധ്യമങ്ങളും

പത്രങ്ങൾ സമൂഹത്തിൽ സൃഷ്ടിച്ചിരുന്ന പൊതു ഇടങ്ങൾ ടി വിയുടെ വരവോടെ ഒരളവുവരെ തകർന്നു. വാർത്തകളും വിവരങ്ങളും ശേഖരിക്കാനുള്ള ഇടം ചായക്കടകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവിടങ്ങളിൽ നിന്ന് സ്വന്തം വീട്ടകങ്ങളിലേക്ക് മാറി. പുതിയ മാധ്യമസംസ്കാരത്തിന്റെ പ്രചാരത്തോടെ ഒരു വീട്ടിൽതന്നെ ഓരോ വ്യക്തിയും സ്വന്തം മാധ്യമഇടം കണ്ടെത്തിയിരിക്കുകയാണ്. സ്വന്തം മൊബൈലിൽ വാർത്ത വായിക്കുന്ന പുതിയ കാലത്ത് മാധ്യമങ്ങൾ കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട്. ഒട്ടധികം ചാനലുകളുടെ സാന്നിധ്യം മത്സരക്ഷമതയും ഉപഭോക്താവിന് തെരഞ്ഞെടുക്കാനുള്ള അവസരങ്ങളും വ്യത്യസ്തകളും സൃഷ്ടിക്കുമെന്നാണ് സ്വതന്ത്ര വിപണിയിലെ ടെലിവിഷന്റെ ലോകം മുന്നോട്ടുവയ്ക്കുന്ന ആശയം. പക്ഷേ, എല്ലാ ചാനലുകളിലെയും പരിപാടികൾ ഏകതാനവും വാർപ്പു മാതൃകയിലുള്ളതുമാവുന്നു. ചാനലുകൾ തമ്മിലുള്ള വ്യത്യാസം പരിമിതവും സാങ്കല്പികവുമാണ്. സീരിയലായാലും റിയാലിറ്റി ഷോ ആയാലും ന്യൂസ് ഷോ അയാലും എല്ലാ ചാനലിലും ഒരുപോലെ തന്നെ.

## ആഗോളീകരണകാലത്തെ മാധ്യമ ധാർമികത : ചില അപ്രിയ സത്യങ്ങൾ.

## കമൽ റാം സജീവ്

അറിയപ്പെടുന്ന പത്രാധിപരും ജേർണലിസ്റ്റുമാണ് കമൽ റാം സജീവ്. മാധ്യമരംഗത്തെ പ്രവണതകളെ വിശകലനം ചെയ്യുന്ന ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. ചിത്രകാരനും കവിയുമാണ്. മാധ്യമം വാരിക, മലയാള മനോരമ എന്നിവയിൽ പത്രാധിപരായിരുന്നു. ഇപ്പോൾ മാതൃഭൂമി വാരികയുടെ പത്രാധിപരാണ്. മാർക്ടൺഗെയ്റ്റിന്റെ മീഡിയ മോണോലിത്ത്സ് എന്ന ഗ്രന്ഥത്തിലെ വസ്തുകളെ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു ലേഖനമാണ് ഇത്.

ഇംഗ്ലണ്ടിലെ ഏറ്റവും പ്രചാരമുള്ള പത്രമായ സൺ ദിനപത്രത്തിന്റെ പത്രാധിപർ റെബേക്കാ വെയ്ദ് ശംബളം കൂട്ടിക്കൊടുക്കാനുള്ള ഉത്തരവിനോടൊപ്പം പത്രത്തിന്റെ കൂടെ ഒരു സി ഡി കൂടി വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചു. ഉൽപന്നങ്ങൾ സൗജന്യമായി നൽകി വിപണനം കൂട്ടുന്ന തന്ത്രം ഏറെ മാധ്യമവിമർശനം ഉയർത്തിയെങ്കിലും ഗാർഡിയൻ പത്രത്തിനുപോലും ഒടുവിൽ ഇത് അനുകരിക്കേണ്ടിവന്നു. ഫ്രീബീസ് വിപ്ലവം എന്നറിയപ്പെട്ട ഈ പ്രവണത ആഗോളതലത്തിൽ പത്രവായനക്കാരുടെ എണ്ണം കുറയുന്ന കണക്കുകളുമായി ബന്ധപ്പെടുത്തിയാണ് മനസ്സിലാക്കേണ്ടത്. ഇന്റർനെറ്റിന്റെ അതിപ്രസരം പക്ഷേ മാഗസിൻ വിൽപനകളെ ബാധിച്ചിട്ടില്ല. എന്നാൽ അവ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ഏറെ വ്യത്യസ്തമായി. സെക്സ്, ഫാഷൻ, ഫുഡ് തുടങ്ങി സ്വവർഗരതി, ടൂറിസം, സ്പോർട്സ്, ബിസിനസ്, ആരോഗ്യം, പ്രണയം തുടങ്ങി സുരക്ഷിതമായി വിവാഹമോചനം ചെയ്യേണ്ടതിനു വരെയുള്ള മാഗസിനുകൾ ന്യൂസ് സ്റ്റാന്റുകളിൽ നന്നായി വിൽക്കപ്പെട്ടു. കാലിഡോസ്കോപ്പിലെ പ്രിസത്തിനുമുമ്പിൽ പകച്ചുപോയ കണ്ണുകൾ എന്നാണ് ഈ വിഷയവൈവിധ്യം കണ്ട് ടൺഗെയിറ്റ് എന്ന എഴുത്തുകാരൻ വിശേഷിപ്പിച്ചത്. ഇതിൽ നിന്ന് ഇഷ്ടമായത് തെരെഞ്ഞെടുക്കാൻ വായനക്കാർക്ക് സ്വാതന്ത്ര്യമുണ്ട്. ചാനലുകളും ഈ സ്വാതന്ത്ര്യം നമുക്ക് നൽകുന്നു. ജനപക്ഷത്ത് അല്ലെങ്കിലും ആണെന്ന തോന്നലുണ്ടാക്കാൻ മുമ്പ് പത്രമാധ്യമങ്ങൾക്ക് കഴിഞ്ഞിരുന്നു. എന്നാൽ ആ തോന്നലുകളെപ്പോലും മറികടന്ന് ഇഷ്ടമുള്ളത് തെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ആഘോഷിക്കുകയാണ് വായനക്കാർ.

ജെയിംസ് വിൽസൺ എന്ന തൊപ്പിക്കച്ചവടക്കാരൻ 1843 ൽ തുടങ്ങിയ ഇകണോമിസ്റ്റ് വാരിക ഇന്ന് ഒമ്പത് ലക്ഷത്തിലേറെ കോപ്പികൾ വിറ്റുപോകുന്ന ഒന്നാണ്. ഇതിൽ ലേഖകരുടെ പേര് (ബൈലൈൻ) പ്രസിദ്ധപ്പെടുത്തുകയില്ല നൽകുകയില്ല. കാരണം പ്രസിദ്ധീകരിക്കുന്ന ലേഖനമെല്ലാം വാരികയുടെ നിലപാടാണ് പത്രത്തിനുള്ളത്. ആഴ്ചതോറും ചേരുന്ന പത്രാധിപസമിതി ഏറെ ചർച്ചകൾക്കുശേഷം എടുക്കുന്ന തീരുമാനം ഓരോ ആഴ്ചയും പ്രസിദ്ധീകരിക്കപ്പെടുന്നു. ആഗോളവൽക്കരണത്തിനും വിപണിക്കും അനുകൂലമായ പ്രഖ്യാപിതനിലപാടാണ് എകണോമിസ്റ്റ് വാരികക്കുള്ളത്. അത് ഒരു രഹസ്യതന്ത്രമല്ല. വ്യവസായം, രാഷ്ട്രീയം, സാമ്പത്തികം, കല, ശാസ്ത്രം, സംസ്കാരം, ടെകനോളജി എന്നിവയെല്ലാം കൈകാര്യം ചെയ്യുന്ന ഈ വാരിക അതിന്റെ പത്രാധിപർക്ക് അങ്ങേയറ്റത്തെ സ്വാതന്ത്ര്യവും നൽകുന്നു. ഈ സ്വാതന്ത്ര്യം ഭരണഘടയിൽ തന്നെ എഴുതിച്ചേർത്തിരിക്കുന്നു. ഇകണോമിസ്റ്റ് വാരികയുടെ അമ്പതുശതമാനം ഓഹരിയുടെയും ഉടമകളായ ഫൈനാൻഷ്യൽ ടൈംസിനെപ്പോലും വിമർശിക്കുന്ന ലേഖനങ്ങൾ ഇകണോമിസ്റ്റ് പ്രസിദ്ധപ്പെടുത്താറുണ്ട്. ഈ സമീപനം മാധ്യമത്തിന്റെ വിശ്വാസ്യത വർധിപ്പിക്കുന്നു എന്ന് മാർക് ടൺഗെയിറ്റ് പറയുന്നു. എഡിറ്റോറിയൽ ഇന്റിപ്പന്റൻസിനെ കൂടുതൽ ജനാധിപത്യവൽക്കരിക്കാൻ ലോകത്ത് ആദ്യമായി പദ്ധതികൾ ആവിഷ്കരിച്ചത് ന്യൂയോർക് ടൈംസ് ആണ്. മുതലാളിത്ത നിലപാടുകളുള്ള കുത്തക പത്രമാണ് ഇത്. പത്രത്തെ നാലായി വിഭജിച്ച് അഭിപ്രായങ്ങളെക്കാളേറെ എതിരഭിപ്രായങ്ങൾക്ക് ഇടം നൽകിയ പത്രവും ന്യൂയോർക് ടൈംസ് തന്നെ. പത്രാധിപരെ വിമർശിക്കുന്ന ലേഖനങ്ങൾ വരെ ന്യൂയോർക് ടൈംസ് പ്രസിദ്ധീകരിക്കാറുണ്ട്. ഈ ലേഖനങ്ങൾ കൈകാര്യം ചെയ്യുന്ന പബ്ലിക് എഡിറ്റർ എന്ന തസ്തികപോലും പത്രത്തിലുണ്ട്. പ്രധാന പത്രാധിപർ തനിക്ക് സ്വാതന്ത്ര്യം നല്കുന്നില്ല എന്നു പരാതിപ്പെട്ടുപോലും ഒരിക്കൽ ഈ പത്രാധിപർ ന്യൂയോർക് ടൈംസിൽ ലേഖനമെഴുതി. അതും അവർ പ്രസിദ്ധീകരിച്ചു.

ഡിജിറ്റൽ മീഡിയയുടെ കുത്തൊഴുക്കിൽ വിശ്വാസ്യതപോലെ അനിവാര്യമായ ഒന്നാണ് വേഗം. ടെലിവിഷൻ പത്രങ്ങളെക്കാൾ ഇതിന് സാധ്യത നൽകുന്നു. ഈ സാധ്യത ഏറ്റവുമധികം ഉപയോഗിച്ചത് ബി ബി സി യാണ്. രണ്ടാം ലോകമഹായുദ്ധ കാലത്ത് 40 വിദേശഭാഷകളിൽ ബ്രോഡ്കാസ്റ്റിംഗ് നടത്തി അവർ ബ്രാന്റ് നേടി. ബി ബി സിയുടെ യൂറോപ്പിലെ ബൗദ്ധിക അധിനിവേശം വിജയിച്ചിരിക്കുന്നു എന്ന ഹിറ്റ്ലറുടെ കുപ്രസിദ്ധ ഉപദേഷ്ടാവായ ഗീബൽസ്പോലും സമ്മതിച്ചു. സൂക്ഷ്മതയും നിഷ്പക്ഷതയും പ്രൊഫഷണലിസവും കൂടിച്ചേരുമ്പോൾ വിശ്വാസ്യത എന്ന നാലാം ഭാവം ഉടലെടുക്കുന്നു എന്നാണ് ബി ബി സിയുടെ തിയറി. ഉപഭോക്താക്കളെ ആകർഷിക്കാൻ വാർത്ത ഉൽപന്നമാണെന്ന് തിരിച്ചറിഞ്ഞ ചാനൽ സി എൻ എൻ ആണ്. അമേരിക്കൻ അഭിപ്രായങ്ങളോടൊപ്പം അറബ്, ക്യൂബൻ അഭിപ്രായങ്ങളും അമേരിക്കക്കാരുടെ മുന്നിൽ അവതരിപ്പിച്ചാണ് സി എൻ എൻ മാധ്യമരംഗം കൈയടക്കുന്നത്. 1991 ലെ ഗൾഫ് യുദ്ധം ഇതിനവർക്ക് സാധ്യതകൾ നൽകി. അതിവേഗ എഡിറ്റിംഗും വാർത്താ അവതാരകരിലെ ബഹുസ്വരതയും നിരവധി വാർത്തകൾ ഒരേ സമയം പ്രത്യക്ഷപ്പെടുന്ന സ്ക്രീനും കൊണ്ട് ടെലിവിഷൻ രംഗത്ത് സി എൻ എൻ വളരെ പെട്ടെന്ന് മുന്നേറി.

ലോകത്തിലെ ഏറ്റവും വിശ്വസനീയമായ വാർത്താ ഏജൻസികളിലൊന്നായ റോയിട്ടേഴ്സ് പത്രാധിപർക്കു നൽകുന്ന സ്വാതന്ത്ര്യവും മാർക്ക് ടൺഗേയ്റ്റ് പരിശോധിക്കുന്നു. ബ്രിട്ടീഷ് അധികാരികളുടെ ഭാഗത്തുനിന്ന് പുറത്തിറക്കേണ്ട ഗതികേട് ഒഴിവാക്കുന്നതിനായി 1941 ൽ അവർ സ്വതന്ത്ര്യ കമ്പനിയായി മാറി. കൃത്യമായ വാർത്തകൾ പത്രാധിപരുടെ കുറിപ്പില്ലാതെ നൽകുക എന്നതാണ് ഇപ്പോഴും അവർ സ്വീകരിക്കുന്ന രീതി. അമേരിക്കയിലെ വേൾഡ് ട്രെയ്ഡ് സെന്റർ ആക്രമണകാലത്ത് അവർ സ്വീകരിച്ച നിഷ്പക്ഷനയം ഇന്നും ശ്രദ്ധേയമാണ്. ഭീകരർ എന്ന വാക്ക്

ഒരിടത്തും അവർ വാർത്തകളിൽ ഉപയോഗിച്ചില്ല. ഒരിടത്തെ ഭീകരർ മറ്റൊരിടത്തെ വിമോചകരാണ് എന്ന ന്യായമാണ് പത്രാധിപർ പറഞ്ഞത്. ആഫ്രിക്കയിലെയും പിന്നാക്ക രാജ്യങ്ങളിലെയും ദുരിതങ്ങളും അവർ അമേരിക്കൻ വായനക്കാരിലെത്തിച്ചു.

ഒരു വാർത്ത ഒരു പത്രം പ്രസിദ്ധീകരിച്ചില്ലെങ്കിലും ജനം അത് അറിയും എന്നതാണ് ഏതൊരു മാധ്യമത്തെ സംബന്ധിച്ചുമുള്ള ദുരന്തം. ആഗോളീകരണ കാലത്തെ മാധ്യമ വിസ്ഫോടനം മാധ്യമരംഗത്തെ ക്രിയാത്മകതയിലേക്ക് വളർത്തുന്നുണ്ട്. മാധ്യമരംഗത്തെ ധാർമികതയുടെയും ഉദ്ദേശ്യശുദ്ധിയുടെയും സാധ്യതകൾ മാധ്യമക്കൂത്തകകളുടെ കൾചറൽ കാപ്പിറ്റൽ രൂപീകരണത്തിന് സഹായകമാകുന്നുണ്ടെന്ന് ടൺ ഗെയ്റ്റിന്റെ പുസ്തകം നമ്മോട് പറയുന്നു.

**അധികാരവും മാധ്യമങ്ങളും**

**ബി ആർ പി ഭാസ്കർ**

മുതിർന്ന മാധ്യമപ്രവർത്തകനും മനുഷ്യാവകാശ പ്രവർത്തകനുമാണ് ബി.ആർ.പി. ഭാസ്കർ. ബാബു രാജേന്ദ്ര പ്രസാദ് ഭാസ്കർ എന്ന് മുഴുവൻ പേര്. (ജനനം: മാർച്ച് 12 1932) ഇന്ത്യയിലെ പല ദേശീയപത്രങ്ങളിലും പത്രാധിപരായി. ഹിന്ദു, ദ സ്റ്റേറ്റ്മാൻ, പാട്രിയറ്റ്, ഡെക്കാൻ ഹെറാൾഡ്, ആൻഡ്രാപ്രദേശ് ടൈംസ് എന്നീ മാധ്യമങ്ങളിൽ പ്രവർത്തിച്ചു. ഇപ്പോൾ മലയാളത്തിലെയും ഇംഗ്ലീഷിലേയും വിവിധ പത്രങ്ങളിൽ എഴുതുന്നു. പത്രപ്രവർത്തനരംഗത്തെ സമഗ്രസംഭാവനയ്ക്ക് കേരള സർക്കാർ നൽകുന്ന സ്വദേശാഭിമാനി കേസരി മാധ്യമപുരസ്കാരം 2014 ൽ ബി.ആർ.പി. ഭാസ്കറിനു ലഭിച്ചു. ദൂരദർശന് വാർത്തകളും ഫീച്ചറുകളും നിർമ്മിച്ചു നൽകുന്ന ബാംഗ്ലൂരിലെ ഫോക്കസ് ഇന്ത്യ ഫീച്ചേഴ്സിന്റെ ഉപദേശകനായി 1989 മുതൽ 1992 വരെ സേവനമനുഷ്ഠിച്ചു. തകഴിയുടെ നോവലായ കയർ അതേപേരിൽ എം. എസ്. സത്യുവിന്റെ സംവിധാനത്തിൽ ഹിന്ദി സീരിയലായി ഇറക്കി. 1989 ൽ ഇതു ദേശീയശൃംഗലയിൽ പ്രക്ഷേപണം ചെയ്യപ്പെട്ടു. 1994 മുതൽ 1999 വരെ ഏഷ്യാനെറ്റിന്റെ എഡിറ്റോറിയൽ ഉപദേശകനായും മീഡിയ വാച്ച് എന്ന പരിപാടിയിൽ സക്കറിയയുമായി സഹഅവതാരകനായും പ്രവർത്തിച്ചു. മാധ്യമപഠനം എന്ന ഗ്രന്ഥത്തിൽ ചേർത്ത ലേഖനമാണ് അധികാരവും മാധ്യമങ്ങളും.

മാധ്യമങ്ങൾ നേടിയ വിശേഷണങ്ങളിൽ പ്രശസ്തമായതാണ് ഫോർത് എസ്റ്റേറ്റ്. മാധ്യമങ്ങൾ അധികാരവ്യവസ്ഥയുടെ ഭാഗമാണ് എന്നർഥത്തിലുള്ളതാകയാൽ അവർ ഏറെ ഇഷ്ടപ്പെടുന്ന വിശേഷണമാണത്. 1790 ൽ ബ്രിട്ടീഷ് പാർലമെന്റ് അംഗവും വാഗ്മിയുമായിരുന്ന എഡ്മണ്ട് ബർക് ആണ് പാർലമെന്റിലെ പ്രസ് ഗ്യാലറിയിലേക്ക് വിരൽചൂണ്ടി ആ വിശേഷണം ആദ്യമായി ഉപയോഗിച്ചത്. പ്രഭുസഭ, ബിഷപ്പുമാർ, കോമൺസ് എന്നിവരാണ് മറ്റു മൂന്നുപേർ. അവരെക്കാൾ പ്രാധാന്യമുണ്ട് പത്രക്കാർക്ക് എന്ന ബർക്ക് പറയുമ്പോൾ അച്ചടിമാധ്യമങ്ങളുടെ ചരിത്രം ആരംഭിച്ചിട്ടേ ഉണ്ടായിരുന്നുള്ളൂ. എക്സിക്യൂട്ടീവ്, ലെജിസ്ട്രേച്ചർ, ജുഡീഷ്യറി എന്നിവയ്ക്കു പുറമെയുള്ള നാലാം തൂണായി ജനാധിപത്യരാജ്യങ്ങളും പത്രമാധ്യമങ്ങളെ വിശേഷിപ്പിക്കുന്നു. സമൂഹത്തിന്റെ കണ്ണുകളും കാതുകളുമാണ് അവ എന്ന പൊതുസമ്മതിയാണ് ഇതിനു കാരണം.

ഇന്ത്യയിലെ ആദ്യത്തെ പത്രമായ ബംഗാൾ ഗസറ്റ് അധികാരികളുടെ ഭാഗമായിരുന്നു. ഒരു രാഷ്ട്രീയ വാണിജ്യ പത്രം എന്നാണ് സ്ഥാപകനായ ജെയിംസ് അഗസ്റ്റസ് ഹിക്കി അതിനെ വിശേഷിപ്പിച്ചത്. നാലു പതിറ്റാണ്ടു കാലം ഇന്ത്യയിലെ പത്രപ്രവർത്തനം മുഴുവൻ ബ്രിട്ടീഷുകാരുടെ കൈയിലായിരുന്നു. അതോടെ വെള്ളക്കാർ പത്രങ്ങളുടെ നേരെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. മലയാള മനോരമ ആരംഭിക്കാൻ തിരുവിതാംകൂർ രാജാവ് അനുവാദം നൽകിയത് പത്രം ഭരണത്തിന്റെ ഭാഗമാണ് എന്ന ബോധ്യത്തിൽ തന്നെയാണ്.

കാരണം അതേ രാജാവുതന്നെയാണ് ഭരണത്തെ വിമർശിച്ചതിന്റെ പേരിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതും. മറ്റൊരു രാജാവിന്റെ കാലത്ത് മനോരമയ്ക്കും പീഡനമേൽക്കേണ്ടിവന്നിട്ടുണ്ട്. റഷ്യയിൽ ലെനിന്റെ സഹപ്രവർത്തകനായ ട്രോഡ്സ്കിയും പത്രങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്. പട്ടാളത്തോടൊപ്പം പത്രങ്ങളെയും കൈയിലെടുക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം സൂചിപ്പിച്ചു. ബൂർഷ്വാ പത്രങ്ങളെ നേരിടാനുള്ള എളുപ്പവഴി തൊഴിലാളിപത്രങ്ങൾ സ്ഥാപിക്കുകയാണെന്ന് അദ്ദേഹം എഴുതി. അത്തരം സമാന്തര പത്രങ്ങളെ അഞ്ചാം എസ്റ്റേറ്റ് എന്നാണ് വിളിക്കേണ്ടത്. എന്നാൽ അത്തരം പത്രങ്ങൾപോലും കാലക്രമേണ നാലാം എസ്റ്റേറ്റ് ആയിപ്പോകുന്നതിന്റെ കാരണം പഠിക്കപ്പെടേണ്ടതാണ്.

അറിവിന്റെ വിതരണമാണ് പത്രങ്ങളുടെ ഉത്തരവാദിത്വം. അറിവ് അധികാരമാണ്. അതുകൊണ്ടുതന്നെ അറിവിനുമേൽ അധികാരം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ പ്രാചീന ഭാരതത്തിലേ കാണാം. അറിവിന്റെ കുത്തകയെ തകർക്കാനുള്ള മാധ്യമങ്ങൾ അധികാരത്തിന്റെ ഭാഗമായി മാറുന്നുവെന്നതാണ് ഇന്നത്തെ കാഴ്ച. ഏത് അറിവാണ് വിതരണം ചെയ്യേണ്ടത് എന്ന മാധ്യമ തീരുമാനം ജനാഭിപ്രായത്തെ രൂപപ്പെടുത്തുന്നുണ്ട്. ഈ യാഥാർഥ്യമാണ് ഭരണകൂടം പത്രങ്ങളുടെ മേൽ അധികാരം സ്ഥാപിക്കാൻ കാരണമായ വസ്തുതതയും. അറിയാനും അറിയിക്കാനുമുള്ള അധികാരം പത്രങ്ങൾക്ക് ലഭിക്കണമെങ്കിൽ അവ സ്വതന്ത്രമാകണം. അമേരിക്കൻ ഭരണഘടനയുടെ ആദ്യ തിരുത്തുതന്നെ പത്രസ്വാതന്ത്ര്യത്തിനുള്ളതായിരുന്നു. എന്നാൽ ഇന്ത്യയിലെ ഭരണഘടനയിൽ പത്രസ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു പരാമർശവുമുണ്ടായിരുന്നില്ല. പത്രസ്വാതന്ത്ര്യം അഭിപ്രായ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമായാണ് ഭരണഘടനാ ശിൽപികൾ കണ്ടത്. എന്നാൽ അടിയന്തിരാവസ്ഥക്കാലത്ത് ഇന്ത്യയിൽ ആവിഷ്കാരസ്വാതന്ത്ര്യം പോരെ പത്രസ്വാതന്ത്ര്യവും ഇല്ലാതായി. കോടതി അതിനെ ന്യായീകരിക്കുകയും ചെയ്തു. അടിയന്തിരാവസ്ഥയ്ക്കു ശേഷം ഇന്ദിരാഗാന്ധി അതിനെ ന്യായീകരിച്ചപ്പോൾതന്നെ പത്രസ്വാതന്ത്ര്യം എടുത്തുകളഞ്ഞത് തെറ്റായിപ്പോയെന്ന് കുറ്റസമ്മതം നടത്തിയെന്നത് ശ്രദ്ധേയമാണ്. രാജീവ്ഗാന്ധിയുടെ കാലത്തും പത്രങ്ങൾക്ക് നേരെ നിയന്ത്രണങ്ങളുണ്ടായപ്പോൾ അതിനെ എതിർത്തു തോൽപിക്കാൻ പത്രങ്ങൾക്ക് കഴിഞ്ഞു. ഇന്ത്യയിലെ മാധ്യമങ്ങളിന്ന് അധികാരകേന്ദ്രങ്ങളെന്ന നിലയിൽ ശക്തരാണ്. പത്രങ്ങൾക്കെതിരായ പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിന് പ്രസ്കൗൺസിൽ നിലവിലുണ്ടെങ്കിലും ഇപ്പോൾ അതിന് ആരും വലിയ വില കൽപ്പിക്കാറില്ല. മാത്രമല്ല പത്രങ്ങൾ അവയുടെ ഉമസ്ഥാവകാശം സംബന്ധിച്ച വിവരം വെളിപ്പെടുത്താൻ ആവശ്യപ്പെടുന്ന നിയമം രാജ്യത്തുണ്ട്. വായനക്കാരെ സഹായിക്കാനാണ് പാർലമെന്റ് അങ്ങനെയൊരു നിയമം പാസാക്കിയെടുത്തത്. കമ്പനിയുടെയോ ട്രസ്റ്റിന്റെയോ പേരുനൽകി ചില പത്രങ്ങൾ അതിനെയും പരാജയപ്പെടുത്തുകയായിരുന്നു.

അച്ചടിമാധ്യമങ്ങളെ പിന്നിലാക്കി ഇലക്ട്രോണിക് മാധ്യമങ്ങൾ വളരുന്ന സാഹചര്യത്തിൽ അവയെ നിയന്ത്രിക്കാൻ ഇന്ന് പേരിനുപോലും നിയമങ്ങളില്ല. (കേന്ദ്രസർക്കാർ ഈയിടെ ടെലിവിഷൻ സംപ്രേഷണത്തിന് ചില പെരുമാറ്റച്ചട്ടങ്ങൾ നിർദേശിച്ചിട്ടുണ്ട്) അമേരിക്കയിൽ അനുവദനീയമല്ലാത്ത കാര്യങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങൾ സംപ്രേഷണം ചെയ്യുന്നതിന് വിലക്കുണ്ട്. രണ്ടുനൂറ്റാണ്ട് പാരമ്പര്യമുള്ള ഇന്ത്യൻ അച്ചടി മാധ്യമരംഗത്ത് പണിയെടുക്കുന്നവർക്ക് തൊഴിൽമൂല്യങ്ങളെക്കുറിച്ച് വേണ്ടത്ര ധാരണയുണ്ട്. എന്നാൽ, രണ്ടു പതിറ്റാണ്ടിന്റെ മാത്രം പാരമ്പര്യമുള്ള ഇലക്ട്രോണിക് മാധ്യമങ്ങളിൽ തൊഴിൽ മൂല്യങ്ങളുടെ പ്രതിഫലനം പലപ്പോഴും കാണാതെ പോകുന്നുമുണ്ട്. അധികാരകേന്ദ്രങ്ങളെന്ന നിലയിൽ മാധ്യമങ്ങൾ നേടിയ സ്ഥാനം ഉടമകളും മാധ്യമപ്രവർത്തകരും അവരവരുടേതായ രീതികളിൽ ഉപയോഗിക്കുന്നുണ്ട്. അടിയന്തിരാവസ്ഥക്കാലത്തു മാത്രമല്ല മറ്റു പല ഘട്ടങ്ങളിലും സർക്കാറിനെതിരെ ധീരമായ നിലപാടെടുത്ത ഉടമെന്ന ഖ്യാതിയുള്ള ഇന്ത്യൻ എക്സപ്രസ്സിന്റെ രാംനാഥ് ഗോയങ്കതന്നെയാണ് പത്രം നൽകുന്ന

അധികാരം സ്വന്തം താൽപര്യങ്ങൾക്ക് വിനിയോഗിക്കുന്നതിൽ ഒരുപക്ഷേ ഏറ്റവുമധികം ആർജവം കാട്ടിയതും. അധികാരകേന്ദ്രങ്ങളായി മാറുന്ന മാധ്യമങ്ങൾ അവരുടെ ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് ജനങ്ങളാണ്. മാധ്യമങ്ങളുടെ നിലനിൽപ്പുതന്നെ പൊതുജനങ്ങളിലാണ്.

## മാധ്യമങ്ങളുടെ രാഷ്ട്രീയം

## കെ സച്ചിദാനന്ദൻ

ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന കവികളിൽ ഏറ്റവും പ്രശസ്തരായവരിലൊരാളാണ് സച്ചിദാനന്ദൻ. ജനനം മേയ് 28, 1946 തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ. ജനകീയ സാംസ്കാരിക വേദിയിലെ സജീവ പങ്കാളിയായിരുന്നു. 2010 ൽ കേരള സാഹിത്യ അക്കാദമി വിശിഷ്ട അംഗത്വം നൽകി ആദരിച്ചു. 2012 ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് 'മറന്നു വച്ച വസ്തുക്കൾ' എന്ന കവിതാ സമാഹാരത്തിനു ലഭിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പ്രസിദ്ധീകരണമായ Indian Literature ന്റെ എഡിറ്ററായിരുന്നു. തർജ്ജമകളടക്കം 50ഓളം പുസ്തകങ്ങൾ രചിച്ചു. തനതായ ശൈലിയിലൂടെ, വിശ്വ സാഹിത്യത്തിലെ പുരോഗമന ശബ്ദങ്ങളായ അന്റോണിയോ ഗ്രാംഷി, പാബ്ലോ നെരൂദ, മെഹ്മൂദ് ഡാർവിഷ്, യെഹൂദ അമിച്ചായി, യൂജിനിയോ മൊണ്ടേൽ തുടങ്ങിയവരുടെ രചനകൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി. 1989, 1998, 2000, 2009, 2012 വർഷങ്ങളിൽ കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹനായി. ഇതടക്കം 34 പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 1995 വരെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫെസർ ആയിരുന്നു. 1996 മുതൽ 2006 വരെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേർസിറ്റിയിൽ ട്രാൻസ്ലേഷൻ വകുപ്പിൽ പ്രൊഫസ്സറും വകുപ്പു മേധാവിയും. ഇന്ത്യയിൽ ഹൈന്ദവഫാഷിസം എഴുത്തുകാരെ ആക്രമിച്ചിട്ടും കേന്ദ്ര സർക്കാർ ഇടപെടുന്നില്ലെന്ന കാരണത്താൽ കേന്ദ്രസാഹിത്യഅക്കാദമി സെക്രട്ടറി സ്ഥാനം രാജിവെച്ചു.

കുരുക്ഷേത്രം, സംവാദങ്ങൾ സമീപനങ്ങൾ, സംസ്കാരത്തിന്റെ രാഷ്ട്രീയം, വീണ്ടുവിചാരങ്ങൾ, മാർക്സിയൻ സൗന്ദര്യ ശാസ്ത്രം: ഒരു മുഖവുര തുടങ്ങി പതിനഞ്ച് ലേഖന സമാഹാരങ്ങൾ. സംസ്കാരത്തിന്റെ രാഷ്ട്രീയം എന്ന ഗ്രന്ഥത്തിൽനിന്ന് എടുത്ത ലേഖനമാണ് മാധ്യമങ്ങളുടെ രാഷ്ട്രീയം.

പൗരസമൂഹത്തിൽ ഉൽപാദിപ്പിക്കുന്ന സമവായങ്ങളിലൂടെയും സമ്മതങ്ങളിലൂടെയുമാണ് ഏതൊരു വർഗവും അധീശത്വം നേടുന്നത്. നിയമം, പോലീസ് തുടങ്ങിയ അധികാരകേന്ദ്രങ്ങളെപ്പോലെത്തന്നെ കുടുംബം, വിദ്യാഭ്യാസം, സാംസ്കാരിക മാധ്യമങ്ങൾ എന്നീ പ്രത്യയശാസ്ത്രോപാധികളും ഈ സമവായ, സമ്മത നിർമിതിക്ക് ആധാരമാക്കുന്നു. ജനങ്ങളെ വ്യവസ്ഥിതിക്കനുകൂലമായി പാകപ്പെടുത്തിയെടുക്കുന്ന മാധ്യമങ്ങളിലൂടെ ന്യൂനപക്ഷം ഭൂരിപക്ഷത്തിന്റെ നിയമങ്ങൾക്ക് വിധേയപ്പെട്ടുപോകുന്നു. അതുകൊണ്ടുതന്നെ അധികാരവും മാധ്യമങ്ങളുമായി അവിശുദ്ധബന്ധം സ്ഥാപിക്കപ്പെടുന്നു. ഇന്ത്യയിലെ പത്രങ്ങളിലെ ഏറ്റവും മികച്ചതെന്നു നാം കരുതുന്നതെല്ലാം വൻകിട മുതലാളിമാരുടെ വ്യവസായസ്ഥാപനങ്ങളാണ്. അതുകൊണ്ടുതന്നെ അവ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുമെന്ന് കരുതുന്നത് അബദ്ധമായിരിക്കും. വായിൽ എല്ലുള്ള നായ കുരയ്ക്കുന്നതെങ്ങനെ.

പത്രങ്ങൾ വാർത്തകൾക്കു നൽകുന്ന സ്ഥാനം, തലക്കെട്ട്, പ്രാധാന്യം, ഉള്ളടക്കത്തിലെ ഊന്നൽ, ഭാഷാരീതി എന്നിവയൊക്കെയും അധികാരശക്തികളുമായുള്ള അവയുടെ ബന്ധം തുറന്നുകാണിക്കുന്നു. ഒരു മുസ്ലിംപത്രത്തിൽ മുസ്ലിമിന് ലഭിക്കുന്ന പ്രാധാന്യത്തെ വർഗീയതയായി കാണുന്ന ഹിന്ദു, മതേതര പത്രത്തിൽ ഹിന്ദുവിന് ലഭിക്കുന്ന പ്രാധാന്യത്തെ സ്വാഭാവിക

മായി കാണുന്നു. ഗാന്ധിസം ദേശസ്നേഹമാകുമ്പോൾ മാർക്സിസം രാഷ്ട്രീയമാണ്. ഗോപിക്കുറി സ്വാഭാവികവും നിസ്കാരത്തഴമ്പ് വർഗീയചിഹ്നവുമാകുന്നു. ചിത്രങ്ങളിലൂടെയും വാക്കുകളിലൂടെയും ഇങ്ങനെയാണ് ചിഹ്നങ്ങൾ നിർമിക്കപ്പെടുന്നത്. വാർത്തകളുടെ ആധുനിക രൂപങ്ങളായ വൃത്താന്തകഥകളും ഫീച്ചറുകളും ഇൻവെസ്റ്റിഗേറ്റ് റിപ്പോർട്ടുകളും ആസൂത്രിതമായി പ്രത്യയശാസ്ത്രം നിർമിക്കുന്ന തന്ത്രങ്ങളാണ്. പട്ടിണിമരണങ്ങൾ 'അജ്ഞാതരോഗ'ങ്ങളും നഗ്നമായ അധികാരകൊലപാതങ്ങൾ 'ഏറ്റുമുട്ടൽ മരണ'ങ്ങളാകുകയും ചെയ്യുന്നത് മാധ്യമങ്ങളുടെ ഇടപെടൽകൊണ്ടാണ്. മുതലാളിയുടെ നഷ്ടം 'വ്യാപരപ്രതിസന്ധി' എന്നു എഴുതപ്പെടുകയും തൊഴിലാളികളുടെ പ്രതികരണം 'ജനദ്രോഹികളുടെ അഴിഞ്ഞാട്ട'മായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു.

വാർത്തകളിൽ നിന്ന് ജനപ്രിയനോവലുകളിലേക്കും സിനിമകളിലേക്കും എത്തുമ്പോൾ ഈ ബോധവ്യവസായം ഏറ്റവും ശക്തമായി നടക്കുന്നത് കാണാം. വ്യവസ്ഥയെ സാധൂകരിക്കുക, കൃത്രിമമായ അഭിലാഷസഫലീകരണങ്ങളിലൂടെ ജനവികാരത്തെ ശമിപ്പിക്കുക, നായകപ്രതികരണങ്ങളിലൂടെ യഥാർഥ സമരത്തെ നിർവീര്യമാക്കുക, സാമൂഹിക പ്രശ്നങ്ങളിൽ ഉൽകണ്ഠയുണ്ടാവേണ്ട സ്ഥാനത്ത് നായികാ നായകന്മാരുടെ പ്രണയസാഫല്യത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുത്തുക തുടങ്ങിയവയാണ് സീരിയലുകളും തുടർകഥകളും സൃഷ്ടിക്കുന്നത്. അംഗീകൃത മൂല്യങ്ങളെ ചോദ്യംചെയ്യാതെയും സൂഹത്തിലെ അധികാരഘടനയെ തകർക്കാതെയുമാണ് ഈ കഥകൾ വികസിക്കുക. സ്ത്രീയുടെ ജീവിതസാഫല്യം പുരുഷനെ പ്രാപിക്കലാണ് സ്ഥാപിക്കപ്പെടുന്നു. കേരളത്തിലെ ചെറുമാഗസിനുകൾ സെൻസേഷൻ പത്രങ്ങളായി അവസാനിച്ചുപോയതും വൻകിട പ്രസിദ്ധീകരണങ്ങൾ ചെറുമാഗസിനുകളുടെ നിലവാരം ചോർത്തിയെടുത്ത് മുന്നേറിയതും ഈ ചരിത്രഘട്ടത്തെ തരണംചെയ്തുകൊണ്ടാണ്. ചലച്ചിത്രങ്ങളാകട്ടെ അച്ചടിമാധ്യമങ്ങളെക്കാൾ ജനപ്രിയമാകയാൽ അവയുണ്ടാക്കുന്ന സാമൂഹികവിരുദ്ധമായ ബോധങ്ങളുടെ വലുതാണ്. സിനിമ, വ്യവസായം, ഗോസിപ്പ്, ഫാൻസ് അസോസിയേഷനുകൾ, തിയേറ്റർ സംസ്കാരം തുടങ്ങിയവയിലെ ജനതാൽപര്യം വിരുദ്ധമായ വൈകാരികമുന്നേറ്റമാണ് സൃഷ്ടിക്കുന്നത്. ഇത് ഒരു കൗണ്ടർഫോക് ലോറിന്റെ ധർമം നിർവഹിക്കുന്നു. സിനിമയിലെ ചിത്രീകരണത്തിൽ മാത്രമല്ല ചിത്രസന്നിവേശനത്തിൽ (എഡിറ്റിംഗ്) പോലും പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനമുണ്ട്. പ്രേക്ഷകരും സംവിധായകരും തമ്മിലുള്ള മുൻധാരണയെ അടിസ്ഥാനമാക്കിയാണ് ജനപ്രിയസിനിമകളുടെ കഥയുടെ പോക്ക്. ക്ലൈമാക്സിൽ എന്താണ് സംഭവിക്കുക എന്നത് രണ്ടുപേർക്കും അറിയാം. അത് എങ്ങനെ സംഭവിക്കുന്നു എന്നതിൽ മാത്രമേ പുതുമനൽകേണ്ടതുള്ളൂ. ഇത്തരം സിനിമകളിലെ അതിവൈകാരികതയും അത്യുക്തിയും നാടകീയതയും പ്രേക്ഷകരെ യാഥാർഥ്യവുമായുള്ള ബന്ധത്തിൽനിന്ന് വിച്ഛേദിക്കുന്നു. നിലനിൽക്കുന്ന വ്യവസ്ഥയെ വെല്ലുവിളിക്കുന്ന വില്ലനെതിരെയുള്ള നായകന്റെ വിജയം എതിർസമരങ്ങളെ അടക്കിനിർത്തുന്നു. അതുകൊണ്ടാണ് എപ്പോഴും പ്രതിനായകൻ കീഴ്ജാതിക്കാരനോ കീഴ്ജാതിക്കാരുടെ 'സ്വഭാവ'ങ്ങൾ ഉള്ളവനോ ആകുന്നത്. എന്നാൽ നായകൻ എപ്പോഴും മേൽജാതിക്കാരനോ മേൽജാതിജീവിതം നയിക്കുന്ന കീഴ്ജാതിക്കാരനോ ആയിരിക്കും. അയാളുടെ ജന്മവേരുകൾ മേൽജാതിയിൽ എത്തും. എപ്പോഴും വേലക്കാർ കോമാളികളും ഹാസ്യകഥാപാത്രങ്ങളുമായിരിക്കും. മലയാള, ഹിന്ദി സിനിമകൾ പലതിലും ഈ ഉദാഹരണങ്ങൾ ആവർത്തിക്കുന്നത് കാണാം.

ദൂരദർശൻ റേഡിയോ എന്നിവ സർക്കാർ മാധ്യമങ്ങളാകയാൽ ഇവ ഇത്തരം സ്വകാര്യതാൽപര്യങ്ങളെ സംരക്ഷിക്കുകയില്ല എന്നാണ് നാം മനസ്സിലാക്കേണ്ടത്. എന്നാലും അവ പലപ്പോഴും ഇന്ത്യയിലെ ബഹുസ്വരതകളെ ഏകതാനമായി ചിത്രീകരിക്കാനോ നഗരത്തിന്റെ മൂല്യങ്ങളെ അടിച്ചേൽപ്പിക്കാനോ ശ്രമിക്കുന്നത് കാണാം. ദേശീയ ഐക്യത്തെ ലക്ഷ്യമാക്കുന്ന പ്രചാരണങ്ങൾ കീഴാളരുടെ കാഴ്ചപ്പാടിൽനിന്നല്ല മറിച്ച് ഉപരിവർഗത്തിന്റെ വീക്ഷണത്തിലാണ് അവതരി

പ്പിക്കപ്പെടുന്നത്. ദൂരദർശനിലെ ഹിന്ദിയുടെ ആധിപത്യം ഉദാഹരണമാണ്. ദൂരദർശനിലെയും റേഡിയോയിലെയും വാർത്തകൾ ഭരിക്കുന്ന സർക്കാറിന്റെ പബ്ലിക് റിലേഷൻ പ്രോഗ്രാമുകളായി മാറാറുണ്ട്. ചില പ്രത്യേക വ്യക്തികളെ ഉയർത്തിക്കൊണ്ടുവരാനും ഇത് നിമിത്തമാകുന്നു. ഇങ്ങനെ ചില വാർത്താബുള്ളറ്റിനുകളിലൂടെ സീരിയലിലെയും സിനിമയിലെയും പോലെ നായക രുണ്ടാകുന്നു. അത് വ്യവസായരംഗത്തും രാഷ്ട്രീയരംഗത്തും കലാ കായികരംഗത്തും ഉള്ളവരാകാം. അത്തരമാളുകളെ ദേശീയ ഐക്കണുകളായി മാറ്റാൻ വാർത്തകളുടെ നിരന്തര പ്രക്ഷേപണം സഹായിക്കുന്നു. ദൂരദർശനിലെ പരസ്യങ്ങൾ ഇന്ത്യൻ പുരുഷ സ്ത്രീ സൗന്ദര്യ സങ്കൽപങ്ങളെ എങ്ങനെയാണ് പുനർനിർണയിച്ചത് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇത്തരം അവസ്ഥകളോടെ ജനപക്ഷത്തുനിൽക്കുന്ന കലാ സാഹിത്യ പ്രവർത്തകർ എങ്ങനെ ഇടപെടണം എന്നത് ആലോചിക്കേണ്ടതുണ്ട്. അധികാര രാഷ്ട്രീയത്തിന്റെ മാധ്യമങ്ങളോട് തീർത്തും വിട്ടുനിൽക്കുന്നതുകൊണ്ട് അവ നശിച്ചുപോവുകയോ അവയ്ക്കെതിരെയുള്ള പ്രചാരണം വിജയിക്കുകയോ ചെയ്യുകയില്ല. ജനപ്രിയ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിത്തന്നെ അവയോടുള്ള സമരം തുടരണം. അതേസമയം സമാന്തര മാധ്യമങ്ങളുടെ പ്രചാരണത്തിനും ഉൽപാദനത്തിനും ഏറെ സ്ഥാനവും പ്രാധാന്യവും നൽകുകയും വേണം.